314
MARCH 2025

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# തകർക്കപ്പെടുന്ന ശാസ്ത്രബോധം

യു ജി സി കരട് മാർഗ്ഗരേഖയിലെ ചതിക്കുഴികൾ
നവലിബറൽ ഹിന്ദുത്വയുടെ കേരളമെന്ന ശത്രുരാജ്യം
നവകേരളത്തിന് വിജ്ഞാനകേരളം പദ്ധതി-ഒരാമുഖം
സ്പോർട്സിലെ വർണ്ണവിവേചനങ്ങൾ

KERALA PRIVATE
# COLLEGE TEACHER

MAR 2025 **314**

EDITORIAL BOARD

Editor
**Dr. N. Renuka**

Managing Editor
**Dr. Pradeep Kumar K.**

Assistant Editors
Dr. Vidhu Narayan
Dr. Bindumol B.

Members
Dr. C. Padmanabhan
A. Nishanth
Prof.(Dr.) K. Bijukumar
Shajitha S
Dr. Manoj T R
Pramod Vellachal
Dr. M.R. Rajesh
Harinarayanan S
Dr. Devi K. Varma
Sreelakshmi A R
Vaisakhan Thampi
Dr. Sreevidya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
Dr. C.Padmanabhan, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

- *എഡിറ്റോറിയൽ* 03
- *വികസിതഭാരതം എന്ന സങ്കല്പവും കേരള മാതൃകയും*
**ഡോ. ബിജുകുമാർ കെ.** 04
- *തകർക്കപ്പെടുന്ന ശാസ്ത്രബോധം*
**പ്രൊഫ. സി. രവീന്ദ്രനാഥ്** 07
- *യു ജി സി കരട് മാർഗ്ഗരേഖയിലെ ചതിക്കുഴികൾ*
**ഡോ. എ.എസ്. സുമേഷ്** 10
- *നവലിബറൽ ഹിന്ദുത്വയുടെ കേരളമെന്ന ശത്രുരാജ്യം*
**ശ്രീജിത്ത് സി.എസ്.** 15
- *മുരിങ്ങമരച്ചുവട്ടിൽ ജീവിതംകണ്ട ഒരാള്*
**ഡോ.സന്തോഷ് കുമാർ വള്ളിക്കാട്** 19
- *നവകേരളത്തിന് വിജ്ഞാനകേരളം പദ്ധതി- ഒരാമുഖം*
**വിവേക് ജേക്കബ് എബ്രഹാം** 23
- *വിരാമചിഹ്നങ്ങൾ*
**ശ്രീജ നാരായണൻ** 26
- *സ്പോർട്സിലെ വർഗ്ഗ, വർണ്ണ വിവേചനങ്ങൾ*
**ഡോ. സോണി ജോൺ** 27
- *Is ChatGPT responsible for Los Angeles Fires*
**Dr. Saritha M** 33
- *പദം പദമുറച്ചുനാം പാടിപ്പാടിപ്പോവുക*
**എൻ.കെ. സുനിൽകുമാർ** 36
- *സംശോധിതസംസ്കരണം: പ്രശ്നവും പരിഹാരവും*
**ഡോ.ലാലു എസ്. കുറുപ്പ്** 44
- *വിമർശനകലയും സുകുമാർ അഴീക്കോടിന്റെ സർഗാത്മക ജീവിതവും*
**ഡോ. അനിറ്റ ഷാജി** 47
- *വായനയുടെ പാഠാന്തരങ്ങൾ, എഴുത്തിന്റെയും*
**ഡോ. കെ.പി. ജയകുമാർ** 51
- *എകെപിസിടിഎ- ഫാറൂഖ് കോളേജിന്റെ ആദ്യകാല സമര- ചരിത്രപഥങ്ങൾ*
**ഡോ.സി.എ. അനസ്** 53
- *അജ്ഞാതനാം സംഗീതജ്ഞന്*
**ഡോ. അജേഷ്** 61
- *കലാലയം*
**ഫെബു ജോർജ്ജ്** 62

# എഡിറ്റോറിയൽ



ഒരു രാജ്യത്തിന്റെ ഭരണവ്യവസ്ഥയുടെ അടിസ്ഥാനം സാമൂഹികമായ നീതിബോധമാണ്. നൈതികതയെക്കുറിച്ചുള്ള വിവിധങ്ങളായ ആലോചനകളുടെ പ്രതിഫലനങ്ങൾ എന്ന നിലയിലാണ് ആ രാജ്യത്തിന്റെ പൊതുജീവിതസങ്കല്പങ്ങളും പദ്ധതികളും വിഭാവനം ചെയ്യപ്പെടുന്നത്. അത്തരത്തിൽ ചിന്തിക്കുമ്പോൾ ഇന്ത്യയുടെ ജനാധിപത്യ ആശയങ്ങൾക്കും സാമൂഹിക സങ്കല്പങ്ങൾക്കും ബഹുസ്വരജീവിതത്തിനും ഏറ്റ കനത്ത പ്രഹരമാണ് കേന്ദ്രഗവൺമെന്റ് ദീർഘകാലമായി ഇന്ത്യൻ ജനതയ്ക്ക് മുകളിൽ പ്രത്യക്ഷമായും പരോക്ഷമായും അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്ന നിയമങ്ങളും പദ്ധതികളും.അക്കാദമികമേഖലയിലും സാമ്പത്തിക രംഗത്തും സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലും സാംക്രമിക രോഗം പോലെ പടർന്നു പിടിക്കുന്ന സംഘപരിവാറിന്റെ രാഷ്ട്രീയ തന്ത്രങ്ങൾ ഇന്ത്യയുടെ ഭരണഘടനയ്ക്കു മുകളിൽ  അനീതിയുടെ കരിനിഴലായി പതിഞ്ഞു കിടക്കുന്നു. കേരളത്തിലെ പ്രകൃതി ദുരന്തങ്ങളോടുപോലും മുഖംതിരിച്ച് നീതിരഹിതമായി മുന്നേറുന്ന കേന്ദ്രസർക്കാരിന്റെ അവഗണനയ്ക്ക് അർഹിക്കുന്ന മറുപടി നൽകിക്കൊണ്ടാണ് കേരള ബജറ്റ് പ്രഖ്യാപിച്ചത്. സ്വതന്ത്രമായ വിജ്ഞാനവും നിർഭയത്വവും ഉയർന്ന ചിന്തയും മണ്ണിന്റെ കരുത്തും രാഷ്ട്രീയ ബോധ്യവുമുള്ള വിശാലമായ ആകാശങ്ങൾ ഇന്ത്യയ്ക്ക് സ്വന്തമാവണം.ജനങ്ങളുടെ അഭയമായി ഭരണഘടന അനുഭവപ്പെടുന്ന കാലം വരണം. കേരളത്തിന്റെ പ്രതിരോധ ഭാവനകൾ അതിന് കൂട്ടുപോകട്ടെ.

**എഡിറ്റർ**
collegeteacheredt@gmail.com
9746527501

ഡോ. ബിജുകുമാർ കെ.



# വികസിത ഭാരതം എന്ന സങ്കല്പവും കേരള മാതൃകയും

കേന്ദ്രീകൃതമായ ഒരു അധികാരവ്യവസ്ഥയും ജനാധിപത്യ സംവിധാനങ്ങളും തമ്മിലുള്ള പോരാട്ടത്തിന്റെ ദിവസങ്ങളാണ് ഈ അക്കാദമിക വർഷം കടന്നുപോയത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാതലായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലയളവിൽ തന്നെയാണ് അദ്ധ്യാപക- വിദ്യാർത്ഥി വിരുദ്ധമായ പ്രസ്താവനകളും ഉത്തരവുകളും വരുന്നത്. ജ്ഞാന നിർമ്മാണത്തിന്റെ കേന്ദ്രങ്ങളായ സർവകലാശാലകൾ എല്ലാം തന്നെ സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ട നടപ്പാക്കുന്ന രാഷ്ട്രീയ താവളങ്ങളാക്കി മാറ്റുക എന്ന ഗൂഢാലോചന പ്രാവർത്തികമാക്കാനുള്ള രേഖകൾ അടിയ്ക്കടി ചമച്ചുകൊണ്ടിരിക്കുന്നു.

അധിനിവേശവും ഏകാധിപത്യവും ആഗോളതലത്തിൽ തന്നെ ശക്തിയാർജ്ജിക്കുകയാണ്. സ്വന്തം ദേശത്ത് നിന്ന് അതിവേഗം കുടിയിറങ്ങണമെന്നും ഗാസമുനമ്പ് അമേരിക്ക ഏറ്റെടുക്കുമെന്നുമുള്ള ട്രംപിന്റെ പ്രസ്താവന വരാനിരിക്കുന്ന അസഹിഷ്ണുതയുടെയും ഏകാധിപത്യത്തിന്റെയും സൂചനയാണ്. കടുത്ത കുടിയേറ്റ വിരുദ്ധതയും ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ നിന്നുള്ളവരോട് സ്വീകരിക്കുന്ന ക്രൂര നയങ്ങളും എല്ലാം ലോകമെമ്പാടും പടർന്നു കൊണ്ടിരിക്കുന്ന ജനാധിപത്യ രഹിതമായ രാഷ്ട്രീയ ബുദ്ധിയുടെ ബഹിർസ്ഫുരണങ്ങളാണ്.

ഇരുപത്തിയേഴ് വർഷത്തിന് ശേഷം ഡൽഹിയിൽ ബിജെപി ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്ന ഏറ്റവും പുതിയ സാഹചര്യത്തിൽ ഇരുന്നാണ് കേന്ദ്രബജറ്റിനെക്കുറിച്ചും ദേശീയ വിദ്യാഭ്യാസ നയം 2020 നെക്കുറിച്ചും യുജിസി മാർഗ്ഗരേഖ 2025 നെക്കുറിച്ചും പാരിസ്ഥിതിക ദുരന്തങ്ങളെക്കുറിച്ചും കേരള ബദലിനെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യുന്നത് എന്ന വൈരുദ്ധ്യം നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ജനസേവന മേഖലകളിൽ

നിന്നെല്ലാം കേന്ദ്രഗവൺമെന്റ് പിൻമാറുന്ന സൂചനകളാണ് കേന്ദ്ര ബജറ്റിൽ ഉള്ളത്. മധ്യവർഗ്ഗത്തെ സംരക്ഷിക്കുകയാണെന്ന വ്യാജേന ഉപഭോഗം വർദ്ധിപ്പിച്ച് പൊതുജീവിതത്തെ ബാധിക്കുന്ന എല്ലാത്തിൽ നിന്നും ഗവൺമെന്റ് പിൻമാറി.ഏറ്റവും വലിയ പൊതുഗതാഗത സംവിധാനമായ ഇന്ത്യൻ റെയിൽവേ, ആരോഗ്യരംഗം, പുനരധിവാസ മേഖലകൾ, ഗവേഷണ രംഗം എന്നിങ്ങനെ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്കുള്ള നീക്കിയിരിപ്പ് താരതമ്യേന കുറഞ്ഞു. സവിശേഷമായ മേഖലകളിൽ ഊന്നിയുള്ള ചില പഠനങ്ങൾ വന്നുകഴിഞ്ഞു. അതനുസരിച്ച് "പ്രധാൻമന്ത്രി ജന ആരോഗ്യയോജന" യ്ക്ക് 30% വർദ്ധനവ് നൽകുകയും ഇന്ത്യയിലുടനീളം ആരോഗ്യസേവനം നൽകുന്ന "ദേശീയ ആരോഗ്യ മിഷൻ (NHM) 4% ൽ താഴെ വർദ്ധനവ് മാത്രമേ ലഭിച്ചുള്ളൂ.വിദേശ ഇൻഷ്വറൻസ് കമ്പനികളുടെ ഓഹരി വർദ്ധനവും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ വ്യാപനവും മാത്രം ലക്ഷ്യമാക്കിയുള്ള അവതരണമാണ് കേന്ദ്രധനമന്ത്രി നടത്തിയത്.

ബജറ്റിന് മുന്നോടിയായി അവതരിപ്പിച്ച വികസിത ഭാരതം എന്ന ആദർശത്തിന്റെ സവിശേഷതകളായി പറയുന്ന ദാരിദ്ര്യരഹിത രാജ്യം, 100% ഗുണനിലവാരം പുലർത്തുന്ന പൊതുവിദ്യാഭ്യാസം, എല്ലാവർക്കും പ്രാപ്യമായ ആരോഗ്യപരിരക്ഷ, തൊഴിൽ വൈദഗ്ധ്യം, 70% സ്ത്രീകൾക്ക് സാമ്പത്തിക സംരംഭങ്ങളിൽ പങ്കാളിത്തം, ലോകത്തിലെ തന്നെ അന്നദാതാക്കളായി കർഷക സമൂഹത്തെ പരിവർത്തിപ്പിക്കൽ എന്നിവ പൂർണമായ അർത്ഥത്തിൽ ഫലപ്രാപ്തിയിലെത്തിയാൽ ഒരു രാജ്യത്തിന്റെ വികസനം എന്നത് കേവലസ്വപ്നമായി അവശേഷിക്കില്ല. എന്നാൽ നവലിബറൽ നയങ്ങളുടെ ആവർത്തനമായി കേന്ദ്രബജറ്റ് ജനങ്ങൾക്കിടയിൽ അതിവേഗം തിരിച്ചറിയപ്പെട്ടു.

സർവകലാശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും എകെപിസിടിഎ നിർണ്ണായകമായ ഇടപെടലുകൾ നടത്തുന്നുണ്ട്.ചാൻസലർ എന്ന പദവിയെ ദുരുപയോഗം ചെയ്യാനും ദുരധികാരം പ്രയോഗിക്കാനും കേരളത്തിലെ സർവ്വകലാശാലകളെ അക്കാദമികമായും ഭരണപരമായും തകർക്കാനും ദീർഘകാലമായി ശ്രമിച്ച ഗവർണർ നമ്മുടെ നിരന്തര പ്രതിരോധങ്ങളെത്തുടർന്ന് ഒന്നും ചെയ്യാനാകാതെ സംസ്ഥാനം വിട്ട് പോയി. എന്നാൽ സർവകലാശാലകളിൽ വിസി നിയമനത്തിനുള്ള അധികാരം ചാൻസലർക്ക് വന്നുചേരുന്ന രീതിയിൽ യുജിസി കരട് മാർഗ്ഗനിർദ്ദേശങ്ങൾ കരട് രൂപത്തിൽ തയ്യാറായിട്ടുണ്ട്. അതിനെതിരായി എകെപിസിടിഎ അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാസ് ലെറ്റർ കാമ്പയിൻ തുടങ്ങിയ നിർദേശങ്ങൾ നാം മുന്നോട്ടു വച്ചിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഏറ്റവും മുഖ്യമായ ഒന്നാണ് ഗവേഷണ മേഖല. ഗവേഷണ മേഖലയിൽ വളരെ കുറവ് നീക്കിയിരിപ്പ് ആണ് ബജറ്റിൽ നൽകിയിട്ടുള്ളത്. യുജിസി അംഗീകരിച്ച ഗവേഷണ ഗ്രാന്റിൽ പകുതിയും ശാസ്ത്രീയ അടിത്തറയുള്ള വിഷയങ്ങൾക്ക് അല്ല നൽകിയിട്ടുള്ളത്.സംഘപരിവാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന അന്ധവിശ്വാസങ്ങളുടേയും അയുക്തിയുടെയും ഗവേഷണ മേഖലകൾ വികസിക്കുകയാണ്. ഗോമൂത്രത്തിന്റെ ഔഷധമൂല്യങ്ങളെക്കുറിച്ച് സംസാരിക്കുന്ന IIT ഡയറക്ടർ അതിന് ഒരു ഉദാഹരണമാണ്.

ദേശീയ വിദ്യാഭ്യാസ നയം 2020 ഇന്ത്യയിലാകമാനം നടപ്പിലാക്കാൻ ശ്രമിക്കുന്ന ഫെഡറൽ വിരുദ്ധ വിദ്യാഭ്യാസപദ്ധതിയിൽ നിന്ന് വ്യത്യസ്തമായി കേരളം ആവിഷ്കരിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ വിദ്യാർത്ഥി കേന്ദ്രിതവും തൊഴിലധിഷ്ഠിതവും ജ്ഞാനനിർമ്മിതവുമായ വിജ്ഞാന സമ്പദ്ഘടന എന്ന ആശയം ഉരുത്തിരിഞ്ഞു വരുന്നുണ്ട്. കേന്ദ്രം കോർപ്പറേറ്റ് കമ്പനികൾക്ക് വളരാൻ അവസരം കൊടുക്കുമ്പോൾ കേരള സർക്കാർ ഏറ്റവും അധികം ധനം നിക്ഷേപം നടത്തിയിട്ടുള്ളത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആണ്. അടിസ്ഥാന സൗകര്യങ്ങൾ, റിസർച്ച് സെന്ററുകൾ, പുതിയ കോഴ്സുകൾ, ഡിജിറ്റൽ ഡിവൈഡർ എന്നിങ്ങനെ ഉള്ള വിജ്ഞാനാധിഷ്ഠിത കാര്യങ്ങൾക്ക് വേണ്ടി കോടികൾ ആണ് സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുള്ളത്.

വിദ്യാർത്ഥി കേന്ദ്രിതമായ വിദ്യാഭ്യാസ സങ്കല്പങ്ങളുമായി കേരള സർക്കാർ മുന്നോട്ടു വന്നപ്പോൾ അദ്ധ്യാപക സമൂഹത്തിന്റെ കൂടെ നിന്നുകൊണ്ട് വിവിധ തരത്തിലുള്ള നിവേദനങ്ങളും പ്രതിഷേധപ്രമേയങ്ങളും അവതരിപ്പിക്കുവാൻ എകെപിസിടിഎ എന്ന സംഘടന എക്കാലവും ശ്രദ്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ചോയ്സ് വർദ്ധിപ്പിക്കുക എന്ന ആശയം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചപ്പോൾ പുതിയ പഠനരീതിയിൽ അദ്ധ്യാപകരുടെ വർക് ലോഡ് സംരക്ഷിക്കുക, ആവശ്യമെങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കുക നാം മുന്നോട്ടു വച്ചിട്ടുണ്ട്. വർക് ലോഡ് കുഷ്യൻ, കെ റീപ് പദ്ധതി പ്രകാരമുള്ള കോമൺ സോഫ്റ്റ്വെയർ സിസ്റ്റം, അദ്ധ്യാപകർക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾ എന്നിവർക്കുള്ള പരിശീലനം, ചാർട്ടർ ഓഫ് സ്റ്റുഡന്റ് റൈറ്റ്സ്, റഗുലർ റിവ്യൂ മീറ്റിംഗ്സ് എന്നിവ എകെപിസിടിഎ മുന്നോട്ടു വച്ച കാര്യങ്ങളാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ എകെപിസിടിഎ നടത്തിവരുന്ന നാനാ തരത്തിലുള്ള ക്രിയാത്മക പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളേറെയുണ്ട്. കായിക വിദ്യാർത്ഥികളുടെ ഡെയ്‌ലി അലവൻസ് നൽകുക, പിഡി എക്കൗണ്ട് വിനിയോഗിക്കുന്നതിൽ ഡിഡി ഓഫീസിൽ നിലനിൽക്കുന്ന തടസ്സം മാറ്റുക എന്നിവയ്ക്ക് വേണ്ടി നടത്തിയ സമരങ്ങൾ, നിവേദനങ്ങൾ എന്നിവയ്ക്കൊപ്പം ഐഫക്റ്റോയുടെ



ആഭിമുഖ്യത്തിൽ ചെയ്ത പ്രതിഷേധ സമരങ്ങളും പ്രാധാന്യം അർഹിക്കുന്നു. ഏഴാം യുജിസി ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട റഗുലേഷൻ വന്നപ്പോൾ API സ്കോർ ഉൾപ്പെടെയുള്ള കഠിനമായ പല നിബന്ധനകളും പിൻവലിക്കുകയുണ്ടായി.അതെല്ലാം യുജിസി ഓഫീസിന് മുൻപിലും പാർലമെന്റിലും നാം നടത്തിവന്ന സമരങ്ങളുടെ അനന്തരഫലങ്ങളാണ്.

കേന്ദ്രമന്ത്രിസഭ അംഗീകരിച്ച ദേശീയ നിർണ്ണായക ധാതു ദൗത്യം (National Critical Mineral Mission) കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ ഉണ്ടാക്കുവാൻ സാധ്യതയുള്ള പാരിസ്ഥിതിക വിപത്തിനെക്കുറിച്ച് നിരവധി പഠനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ധാതുസമ്പന്നമായ നമ്മുടെ പ്രകൃതി വിഭവസ്രോതസ്സുകൾ അനിയന്ത്രിതമായി പ്രയോജനപ്പെടുത്തുവാനും ചൂഷണം ചെയ്യുവാനും കോർപ്പറേറ്റ് കമ്പനികൾക്ക് അധികാരം നൽകുന്നു എന്നത് വിപൽ സൂചനയാണ്.

ഫെഡറൽ തത്വങ്ങളുടെ നിരാകരണം പൂർണ്ണമായ തോതിൽ നടപ്പാക്കിയതിനെ തുടർന്ന് കേന്ദ്ര ബജറ്റിൽ നിന്ന് പുറന്തള്ളപ്പെട്ട കേരളത്തിന്റെ തനത് വരുമാനം വർധിപ്പിച്ചെടുത്ത് സംസ്ഥാനത്തിന്റെ സർവ്വതോൻമുഖ വികസനത്തിന് പ്രേരകമാകുന്ന ബജറ്റാണ് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ പ്രഖ്യാപിച്ചത്. അധികം അകലെയല്ലാതെ വന്ന രണ്ട് ബജറ്റുകളും രണ്ട് ഭരണവ്യവസ്ഥകളെയും സമീപനരീതികളെയുമാണ് കാണിക്കുന്നത്.


പൊതുവിദ്യാഭ്യാസ മേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും കഴിഞ്ഞ വർഷങ്ങളിൽ കേരളം കാട്ടുന്ന മികവിനെ കൂടുതൽ ഉയരത്തിലെത്തിക്കാൻ ഈ ബജറ്റ് സഹായകമാകും. ഗവേഷകർക്ക് പ്രതിമാസം പതിനായിരം രൂപ നൽകുന്ന മുഖ്യമന്ത്രിയുടെ ഗവേഷക സ്കോളർഷിപ്പ്, മറ്റ് ഹയർ എഡ്യുക്കേഷൻ സ്കോളർഷിപ്പുകൾ, സെന്റർ ഓഫ് എക്സലൻസ് പദവിയിലുള്ള സ്ഥാപനങ്ങൾക്കായി പ്രത്യേക ഫണ്ട്, ഡിജിറ്റൽ സയൻസ് പാർക്ക്, കോളജ് വിദ്യാഭ്യാസ വകുപ്പിന് അക്കാദമിക് ഔട്ട് റീച്ച് പദ്ധതി, വിവിധ സർവ്വകലാശാലകൾക്ക് അക്കാദമിക് - ഭൗതിക വികസനത്തിനായി പ്രത്യേക ഫണ്ട് തുടങ്ങിയവ ബജറ്റിന്റെ പ്രധാന സവിശേഷത ആണ്.

മതം, ജാതി, ജെൻഡർ, പരിസ്ഥിതി, മനുഷ്യവിഭവശേഷി, ഊർജ്ജസ്രോതസ്സുകൾ, വർഗ്ഗസങ്കല്പങ്ങൾ തുടങ്ങിയ ഒരു രാജ്യത്തിന്റെ ഏറ്റവും മൗലികമായ ഘടകങ്ങളോട് പോലും കേന്ദ്രസർക്കാർ പുലർത്തുന്ന നയങ്ങൾ സമത്വമാർന്ന സമൂഹസങ്കല്പങ്ങളെ ഒട്ടാകെ നിരാകരിക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസ മേഖല ഇനിയും മറികടക്കേണ്ട നിരവധി കടമ്പകളുണ്ട്. സംഘടനയുടെ സമരവഴികൾ തുടരുക തന്നെയാണ്. ഏവർക്കും അഭിവാദ്യങ്ങൾ.

**പ്രൊഫ. സി. രവീന്ദ്രനാഥ്**
മുൻ വിദ്യാഭ്യാസ മന്ത്രി

# തകർക്കപ്പെടുന്ന ശാസ്ത്രബോധം


സമഗ്രവും സൂക്ഷ്മവുമായ ആയിരക്കണക്കിന് ശാസ്ത്രഗവേഷണങ്ങളുടെ തനതായ കണ്ടെത്തലുകൾ വിദഗ്ധമായി ക്രോഡീകരിച്ച് തയ്യാറാക്കിയ പഠന ഉപകരണമാണ് ആവർത്തനപ്പട്ടിക (Periodic Table). ഈ ആവർത്തനപ്പട്ടികയിലെ ആദ്യമൂലകം ഹൈഡ്രജനും രണ്ടാമത്തേത് ഹീലിയവുമാണ്. ഇവ രണ്ടും വാതകങ്ങളാണ്. പക്ഷെ അവ വിന്യസിച്ചിട്ടുള്ളത് പട്ടികയുടെ രണ്ട് അഗ്രങ്ങളിലാണ്. പ്രപഞ്ചത്തിലെ വാതകാവസ്ഥയിലുള്ള രണ്ട് മൂലകങ്ങൾ തമ്മിലുള്ള സൂക്ഷ്മബന്ധങ്ങളെക്കുറിച്ചാണ് ഇവിടെ വിവരിക്കപ്പെടുന്നത്. മൂന്നാമത് വരുന്ന ലിതിയം, ഹൈഡ്രജൻ എന്ന വാതകത്തിന്റെ താഴെയാണ് ചേർത്തിട്ടുള്ളത്. വാതകവും ലോഹവുമായ മൂലകങ്ങളുടെ പരസ്പര ബന്ധങ്ങൾ ഇതിലൂടെ വിവരിക്കപ്പെടുന്നു. വാതക-വാതക ബന്ധങ്ങളും വാതക - വാതകേതര മൂലകങ്ങളുടെ താരതമ്യവും ലോഹ-ലോഹ ബന്ധങ്ങളും ലോഹ-ലോഹേതര ബന്ധങ്ങളും പ്രകൃതിയിൽ എപ്രകാരമാണുള്ളതെന്ന ശാസ്ത്രീയ വിശദീകരണം ആവർത്തനപ്പട്ടികയിൽ നിന്ന് ലഭിക്കും. മൂലകങ്ങളുടെ ബന്ധങ്ങൾ തമ്മിലുള്ള വിവരങ്ങളിലൂടെ പ്രപഞ്ചത്തിലെ പദാർത്ഥങ്ങളെക്കുറിച്ചും അവയുടെ വിന്യാസത്തെക്കുറിച്ചും ബന്ധങ്ങളെക്കുറിച്ചും ബോധ്യമുണ്ടാകുന്നു എന്നർത്ഥം. ചുരുക്കത്തിൽ, ആവർത്തനപ്പട്ടികയുടെ പഠനത്തിലൂടെ പ്രപഞ്ചബന്ധങ്ങളുടെ മൗലിക ശാസ്ത്രവും അതിലൂടെ ശാസ്ത്രബോധവും ഉൽപാദിക്കപ്പെടും. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രപഞ്ചജ്ഞാനവും ദർശനവും ശാസ്ത്രബോധവും ഉൽപാദിപ്പിക്കുവാൻ കഴിയുന്ന പരസ്പരബന്ധങ്ങളുടെ ശാസ്ത്രീയ ന്യായങ്ങൾ ലഭിക്കുന്നു. ഇതിൽ നിന്നും ഇതുവരെ കാണാത്ത പുതിയൊരു മൂലകത്തിന്റെ ആവർത്തനപ്പട്ടികയിലെ സ്ഥാനത്തെക്കുറിച്ചുപോലും പ്രവചിക്കുവാൻ പറ്റും. ഇത് ശരിയായ ശാസ്ത്രവീക്ഷണത്തിന്റെ ലക്ഷണമൊത്ത സൂചനയാണ്. പ്രപഞ്ചബോധവും ശാസ്ത്രബോധവും ഇത്രയധികം വളർത്തുവാൻ പറ്റുന്ന



ആവർത്തനപ്പട്ടിക സിലബസിൽ നിന്നും കേന്ദ്രസർക്കാർ വെട്ടിമാറ്റിയിരിക്കുകയാണ്. പഠനം ലളിതമാക്കുക എന്നതാണ് ന്യായം. പക്ഷെ പഠനത്തിൽ നിഗൂഢ രാഷ്ട്രീയം കൊണ്ടുവരിക എന്നതാണ് അവരുടെ യഥാർത്ഥ ലക്ഷ്യം. ആവർത്തനപ്പട്ടികയിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന പ്രപഞ്ചദർശനം ശാസ്ത്രബോധത്തിന്റെ യുക്തിഭദ്രമായ അടിത്തറയാണ്.


(1) ശാസ്ത്രബോധം ഇല്ലാതാക്കുക (2) പ്രപഞ്ചജ്ഞാനത്തെ പഞ്ചഭൂത സിദ്ധാന്തത്തിൽ ഒതുക്കുക. (3) കാര്യകാരണസഹിതം പഠിക്കുക എന്നത് നിരർത്ഥകമാക്കുക എന്നിവയാണ് പുതിയ വിദ്യാഭ്യാസ (NEP) നയത്തിന്റെ ഗൂഢ ലക്ഷ്യം. ശാസ്ത്രബോധമില്ലാത്ത സമൂഹത്തിലാണ് വർഗ്ഗീയത വളരുക. വർഗ്ഗബോധത്തെ തകർക്കുവാനുള്ള വഴിയും ഇതുതന്നെയാണ്. വിദ്യാഭ്യാസത്തെ വർഗ്ഗീയവൽക്കരിക്കുക എന്ന ലക്ഷ്യമാണ് ഈ മാറ്റത്തിലൂടെ NEP ഉദ്ദേശിക്കുന്നത് എന്ന് വ്യക്തം. ശാസ്ത്രയുക്തിയെ നിരാകരിക്കലാണ് വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണ ലക്ഷ്യം. ശാസ്ത്രയുക്തിയില്ലാത്ത ആശയപരിസരത്തിലാണ് വരേണ്യയുക്തി കടന്നു വരിക.

കേന്ദ്ര സർക്കാർ വെട്ടിമാറ്റിയ ആവർത്തനപ്പട്ടിക സിലബസിൽ ഉൾപ്പെടുത്തും എന്ന് പറഞ്ഞതും നടപ്പിലാക്കുന്നതും കേരളത്തിൽ



മാത്രമാണ്. കാരണം, കേരളത്തിന്റെ വിദ്യാഭ്യാസം ശാസ്ത്രബോധം ഉൽപാദിപ്പിക്കുവാൻ കഴിയുന്ന ആധുനിക, പുരോഗമന വിദ്യാഭ്യാസമാണ്. ശാസ്ത്രബോധവും ചരിത്രബോധവും ഉൽപാദിപ്പിക്കുക എന്നതാണ് പുരോഗമന വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. സൂക്ഷ്മ യുക്തിയിലൂടെ മാത്രമേ ശാസ്ത്രബോധം ഉയർത്തുവാൻ കഴിയുകയുള്ളൂ. ആവർത്തനപ്പട്ടിക പഠിക്കാത്ത ഒരു വിദ്യാർത്ഥിക്ക് ശാസ്ത്രയുക്തിയുണ്ടാകില്ല. മൗലിക ചിന്തകളുടെ വളർച്ചയുടെ ഭൂമിക ഈ പരിസരത്തിലാണ് വികസിക്കുന്നത്. ശാസ്ത്രവിഷയങ്ങൾ ഉരുവിട്ട് പഠിക്കുന്നതിലൂടെ മാത്രം ശാസ്ത്രബോധമുണ്ടാകില്ല. ഈ രാഷ്ട്രീയ തന്ത്രമാണ് NEP പയറ്റുന്നത് എന്നത് ഇപ്പോഴും വിശദീകരിക്കപ്പെടുന്നില്ല എന്നതാണ് പ്രശ്നം.

മറ്റൊരു ഉദാഹരണത്തിലൂടെ കൂടി ഇത് സ്ഥാപിക്കാം. ഡാർവിന്റെ പരിണാമസിദ്ധാന്തം പഠിക്കേണ്ടതില്ല എന്ന് NEP ഉറപ്പിച്ച് പറയുന്നു, പാഠപുസ്തകങ്ങളിൽ നിന്നു നീക്കുന്നു. ജീവന്റെ ഉൽപത്തിയേയും വളർച്ചയേയും കുറിച്ച് ഏറ്റവും ശാസ്ത്രീയമായി വിവരിക്കുന്നതും വിശകലനം ചെയ്യുന്നതും പരിണാമ സിദ്ധാന്തമാണ്. ഹൈഡ്രജനും ഓക്സിജനും ചേർന്ന് വെള്ളത്തിന്റെ തന്മാത്രയുണ്ടായതും ഈ പരിസരത്തിൽ ജീവൻ ഉടലെടുത്തതും അത് പരിണമിച്ച് ജീവന്റെ വിവിധ തലങ്ങളുണ്ടായതും യുക്തിഭദ്രമായ ശാസ്ത്ര ചരിത്രമാണ്. അത് കൃത്യമായി വിവരിക്കുന്ന സിദ്ധാന്തമാണ് ഡാർവിന്റെ പരിണാമസിദ്ധാന്തം. ഈ സിദ്ധാന്തം മനുഷ്യമസ്തിഷ്കത്തിൽ ഉൽപാദിപ്പിച്ച ശാസ്ത്രയുക്തിയും ബോധവും അനിർവചനീയമാണ്. തുടർന്നുള്ള ശാസ്ത്ര വികാസത്തിന്റെ അടിത്തറ ഈ യുക്തിയാണ്. അതുകൊണ്ടു തന്നെ സൃഷ്ടി വാദത്തെ അത് നിരാകരിക്കുന്നു. ഭൂമിയിലെ ജീവന്റെ ഈ പരിണാമശാസ്ത്രം വംശ, ജാതി ചിന്തകളെയും യുക്തിയുക്തം നിരാകരിക്കുന്നു. അതുകൊണ്ടുതന്നെ ഡാർവിന്റെ പരിണാമസിദ്ധാന്തം സിലബസിൽ നിന്ന് നീക്കം




ചെയ്തുകൊണ്ട് സൃഷ്ടിവാദത്തെ പുനർജനിപ്പിക്കുവാൻ NEP ബോധപൂർവ്വം ശ്രമിക്കുന്നു എന്നതാണ് തിരിച്ചറിയേണ്ടത്. ഏറ്റവും അപകടകരമായ ഈ നീക്കം ചെറുത്തുതോൽപിക്കപ്പെടേണ്ടതാണ്. പരിണാമവാദമറിയാത്ത അടുത്ത തലമുറയിലെ ഇന്ത്യൻ ജനത എങ്ങിനെ ജ്ഞാനലോകത്തെത്തും എന്ന് മനസ്സിലാക്കുന്നില്ല. നാം മുന്നോട്ടല്ല പിറകോട്ടാണ് പോകുക എന്ന് വ്യക്തം.

ചരിത്രത്തിന്റെ ശാസ്ത്രത്തേയും മറികടക്കുവാൻ ഇവർ ശ്രമിക്കുകയാണ്. സത്യസന്ധമായ ചരിത്രബോധത്തിലൂടെ മാത്രമേ ജനാധിപത്യബോധം നിർമ്മിക്കുവാൻ പറ്റൂ എന്നത് ശാസ്ത്രബോധം തന്നെയാണ്. ശാസ്ത്ര വിഷയങ്ങളുടെ യുക്തി മാത്രമല്ല ശാസ്ത്രബോധം. ചരിത്രയുക്തിയിലെ കണ്ടെത്തലുകളിലും ശാസ്ത്രമുണ്ട്. ഇതു തിരിച്ചറിഞ്ഞുകൊണ്ടാണ് മുഗളസാമ്രാജ്യ പഠനം പാഠപുസ്തകത്തിൽനിന്നും നീക്കിയത്. ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റേയും യുക്തികളെ പാടേ നിരാകരിക്കുന്ന ഒരു വികല വിദ്യാഭ്യാസത്തിന്റെ വികാസമാണ് ഉന്നതവിദ്യാഭ്യാസത്തിലും നാം കാണുന്നത്. പ്രാഥമിക പഠനകാലത്ത് NEP വികസിപ്പിക്കുന്ന യുക്തി വരേണ്യയുക്തിയാണ്. ഈ യുക്തിയുടെ കാലാനുസൃതമായ വികാസമാണ് യുജിസിയിലൂടെ ഉന്നത വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുന്നത് എന്നതാണ് ശ്രദ്ധിക്കേണ്ട പ്രധാന വിഷയം ശാസ്ത്ര യുക്തിയില്ലാത്ത തലമുറ സർവ്വകലാശാലാരംഗത്ത് എങ്ങിനെ ശാസ്ത്രബോധം വളർത്തുമെന്നത് പ്രധാന ചോദ്യമാണ്. ഈ വിഷയമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ ജനകീയ അധ്യാപക പ്രസ്ഥാനങ്ങൾ അഭിമുഖീകരിക്കേണ്ടത്.

ജ്ഞാന ഉൽപാദന മേഖലയാണ് ഉന്നതവിദ്യാഭ്യാസമേഖല. എന്തു ജ്ഞാനം ഉൽപാദിപ്പിക്കണമെന്നതിന്റെ അടിത്തറ പണിയുന്നത് പ്രാഥമിക വിദ്യാഭ്യാസത്തിലാണ്. വരേണ്യ യുക്തിയെ ആസ്പദമാക്കിയ ജ്ഞാനോൽപാദനത്തെ മേൽത്തട്ടിൽ മാത്രം തടഞ്ഞുനിർത്തുവാൻ കഴിയില്ല. അതിനാൽ പ്രാഥമിക വിദ്യാഭ്യാസം മുതൽ സർവ്വകലാശാല വിദ്യാഭ്യാസം വരെ നവീനവൽക്കരിക്കുന്ന സമഗ്രപദ്ധതിയാണ് വേണ്ടത്. എകെപിസിടിഎ എന്ന ജനകീയ അധ്യാപക പ്രസ്ഥാനം സമഗ്രമായ ശാസ്ത്രീയ, പുരോഗമന വിദ്യാഭ്യാസത്തിന് വേണ്ടി നിലകൊള്ളുന്നു. ഇത് തെളിയിക്കുവാനുള്ള കനകാവസരമാണ് ഇത്. ശാസ്ത്ര, ചരിത്ര, ജനാധിപത്യബോധസൃഷ്ടിയും ജ്ഞാനോൽപാദനവും ലക്ഷ്യം വെക്കുന്ന സമഗ്രവിദ്യാഭ്യാസ നയത്തിന് (പ്രാഥമിക, ഉന്നത, സർവ്വകലാശാലതലങ്ങൾ) ഒരു രൂപരേഖ തയ്യാറാക്കണം, ജനങ്ങളിൽ പ്രചരിപ്പിക്കണം. വർത്തമാനകാല ഇന്ത്യൻ ജനതയോട് ചെയ്യുന്ന ഏറ്റവും വലിയ നീതിയായിരിക്കും ഇത്. അല്ലാത്തപക്ഷം ആധുനിക ജ്ഞാനമണ്ഡല പരിസരത്തെങ്ങും എത്താത്ത ഒരു ജനതയായി നാം മാറും. കാലാനുസൃതമായതും സർവ്വതലസ്പർശിയുമായ ഒരു സമഗ്ര വിദ്യാഭ്യാസപരിപാടിയുടെ രൂപരേഖ തയ്യാറാക്കപ്പെടണം. ശാസ്ത്രബോധത്തെ തകർക്കുവാനുള്ള ഫാസിസ്റ്റ് ലക്ഷ്യത്തെ യുക്തിഭദ്രമായി തന്നെ അഭിമുഖീകരിക്കണം.

**ഡോ.എ.എസ്. സുമേഷ്**
(അക്കാദമിക് കമ്മിറ്റി കൺവീനർ, എകെപിസിടിഎ,
മെമ്പർ സിൻഡിക്കേറ്റ്, എംജി സർവ്വകലാശാല)

# യുജിസി കരട് മാർഗ്ഗരേഖയിലെ ചതിക്കുഴികൾ

രാജ്യം ഒട്ടാകെ വിദ്യാഭ്യാസ രംഗത്തെ പൊതുവിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ സവിശേഷമായും ഉന്നം വച്ചു കൊണ്ടുള്ള നയരൂപീകരണങ്ങളിലേക്ക് കേന്ദ്രസർക്കാർ കടന്നു കഴിഞ്ഞു എന്നതിന്റെ സൂചനയാണ് 2025 യുജിസി കരട് റഗുലേഷൻ. സർവ്വകലാശാലകളുടെ ഭരണ നേതൃത്വം മുതൽ സർവ്വകലാശാല/ കോളേജ് അധ്യാപകരുടെ നിയമന കാര്യങ്ങൾ വരെ നിരീക്ഷിക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് കരട് റെഗുലേഷൻ പുറത്തിറക്കിയിട്ടുള്ളത്. ഇതിനകം തന്നെ ചർച്ചയായി കഴിഞ്ഞ വൈസ് ചാൻസിലർ നിയമനത്തെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ വിവിധ കോണുകളിൽ നിന്ന് ഉയരുകയും അതിനെ ചുറ്റിപ്പറ്റി ചർച്ചകൾ സജീവമാവുകയും ചെയ്യുമ്പോഴും കരട് മാർഗ്ഗ നിർദ്ദേശങ്ങൾ ഒളിച്ചു കടത്താൻ ശ്രമിക്കുന്ന അധ്യാപക വിരുദ്ധ, വിദ്യാർത്ഥി വിരുദ്ധ സമീപനങ്ങളെ വേണ്ടത്ര ഗൗരവത്തോടെ പൊതു സമൂഹത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

28 പേജുകൾ മാത്രമുള്ള ഒരു ചെറിയ ഡോക്യുമെന്റ് എന്ന രീതിയിൽ ആണ് കരട് മാർഗ്ഗനിർദേശങ്ങൾ യുജിസി പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഇതോടൊപ്പം 13 പേജുകൾ ഉള്ള മറ്റൊരു ഡോക്യുമെന്റ് കൂടി യുജിസി പുറത്തിറക്കിയിട്ടുണ്ട്. സർവകലാശാല/ കോളേജ് അധ്യാപകരുടെ വിവിധങ്ങളായ ലീവ് ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന ഡോക്യുമെന്റ് ആണ് അത്. കേരളത്തിൽ അധ്യാപകരുടെ ലീവ് ആനുകൂല്യങ്ങൾ കേരള സർവീസ് ചട്ടങ്ങൾ അനുസരിച്ചാണ് നൽകുന്നത് എന്നതിനാൽ കാര്യമായ ചർച്ചയ്ക്ക് ഈ ഡോക്യുമെന്റ് വിധേയമായിട്ടില്ല. ഒരു ജീവനക്കാരിക്ക് തന്റെ സർവീസ് കാലഘട്ടത്തിൽ രണ്ട് പ്രസവാവധി മാത്രമേ അനുവദിക്കു എന്ന തികച്ചും മനുഷ്യത്വ വിരുദ്ധമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് ഈ മാർഗ്ഗരേഖ യുജിസി പുറത്തിറക്കിയിട്ടുള്ളത്.

മുൻകാല അനുഭവം വച്ചു നോക്കിയാൽ റെഗുലേഷനുകൾ അന്തിമ രൂപത്തിൽ പുറത്തിറക്കുമ്പോൾ ഈ രണ്ട് ഡോക്യുമെന്റുകളും റെഗുലേഷന്റെ ഭാഗമായിത്തന്നെ പുറത്തു വരാനാണ് സാധ്യത. റെഗുലേഷനുകൾ പൂർണമായും നടപ്പിലാക്കണം എന്ന നിബന്ധന യുജിസി മുന്നോട്ടുവയ്ക്കുകയും ഇതിന് സംസ്ഥാന സർക്കാർ നിർബന്ധിതരാവുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ മേൽപ്പറഞ്ഞ നിബന്ധന ഉൾപ്പെടെയുള്ളവ കേരളത്തിലും നടപ്പിലാകുന്ന നിർബന്ധിത സാഹചര്യം സംജാതമാകും.

2018 ലാണ് ഇതിനു മുൻപ്




യുജിസി ഇത്തരമൊരു റെഗുലേഷൻ പുറത്തിറക്കിയത്. ഈ റെഗുലേഷനിലുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് രാജ്യം ഒട്ടാകെയുള്ള അധ്യാപക സംഘടനകൾ യുജിസി യെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തേയും സമീപിക്കുകയുണ്ടായി. നിരന്തരമായ പ്രതിഷേധങ്ങൾക്കും സമരങ്ങൾക്കും ഒടുവിൽ നാലു തവണ റെഗുലേഷനുകൾ പരിഷ്കരിക്കാൻ യുജിസി നിർബന്ധിതരായി. 2024ലെ ഒടുവിലത്തെ പരിഷ്കരണത്തിന് (IV Amendment) ശേഷം ആറുമാസം പിന്നിടുമ്പോഴേക്കും പുതിയ റെഗുലേഷന്റെ കരട് യുജിസി പുറത്തിറക്കിയിരിക്കുകയാണ്. അധ്യാപകരുടെ യോഗ്യത സംബന്ധിച്ചും നിയമനത്തെയും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെ സംബന്ധിച്ചും തികച്ചും അപ്രായോഗികമായ മാർഗനിർദേശങ്ങളാണ് കരട് റെഗുലേഷനിൽ യുജിസി മുന്നോട്ടു വച്ചിട്ടുള്ളത്. വിശദമായ ചർച്ചകൾക്ക് വിധേയമാക്കേണ്ട വിഷയങ്ങളെ ഏതാണ്ട് താഴെ പറയും വിധം ക്രമീകരിക്കാം.

9 വ്യത്യസ്ത മേഖലകളിലെ മികവിനെ അടിസ്ഥാനമാക്കി ആവണം അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകേണ്ടത് എന്ന നിർദ്ദേശം കരട് മാർഗ്ഗരേഖ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇന്ത്യൻ ഭാഷകളിൽ ഊന്നിയ അധ്യാപനത്തിന് നൽകിയ സംഭാവനകൾ എന്നതാണ് അതിൽ ഒന്ന്. ഇന്ത്യൻ നോളജ് സിസ്റ്റത്തെ അടിസ്ഥാനമാക്കി അധ്യാപന ഗവേഷണ മേഖലയിൽ പ്രവർത്തിക്കുക എന്നതാണ് മറ്റൊന്ന്. ദേശീയ വിദ്യാഭ്യാസ നയം 2020 ലൂടെ മുന്നോട്ടുവെച്ച മതരാഷ്ട്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളുടെ ആവിഷ്കരണത്തിന് അധ്യാപകരെ ഉപയോഗിക്കുക എന്ന തന്ത്രമാണ് യുജിസി കരട് മാർഗ്ഗരേഖയിലൂടെ അവതരിപ്പിക്കുന്നത്. ഐസിഎസ്എസ്ആർ (ICSSR) അധ്യാപകർക്ക് അപേക്ഷിക്കാവുന്ന വിവിധ പ്രോജക്ടുകളുടെ വിഷയമായി സ്വീകരിച്ചിരിക്കുന്നത് മേൽ പ്രസ്താവിച്ച വിഷയങ്ങൾ തന്നെയാണ് എന്നത് ഈ ഘട്ടത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ത്യൻ ഭാഷകൾ എന്ന വിഭാഗത്തിൽ പെടുന്ന 22 ഭാഷകളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മുൻഗണന എന്ന നിർദേശവും കരട് റെഗുലേഷനിൽ ഉണ്ട് . നിലവിൽ മുൻഗണന എന്ന് മാത്രമാണ് സൂചിപ്പിച്ചിരിക്കുന്നത് എങ്കിലും ഭാവിയിൽ ഇത് നിർബന്ധിതമായി തീരാനാണ് സാധ്യത. നാക്ക്(NAAC) അക്രഡിറ്റേഷൻ ഒരു മികച്ച ഉദാഹരണമാണ്. 2002ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അക്രഡിറ്റേഷൻ നേടുക എന്നത് ഒരാശയമായി മാത്രമായാണ് അവതരിപ്പിക്കപ്പെട്ടത്. 2015 ആവുമ്പോഴേക്കും ഇനി അക്രഡിറ്റേഷൻ ഇല്ല എങ്കിൽ കേന്ദ്ര സാമ്പത്തിക സഹായമില്ല എന്ന കർശനമായ ഉത്തരവ് പുറത്തു വന്നു. സ്ഥാപന

ങ്ങൾ NAAC ഗ്രേഡ് നേടുക എന്ന ഒറ്റ ലക്ഷ്യത്തോടെ പരക്കം പായുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ആദ്യ ഘട്ടത്തിൽ മുഖം തിരിച്ചു നിന്ന സ്ഥാപനങ്ങളെ ഉൾപ്പെടെ സാമ്പത്തിക സഹായം എന്ന പ്രലോഭനത്തിൽ വീഴ്ത്താൻ യൂജിസിക്ക് സാധിച്ചു. 2016 ന് ശേഷം ഒട്ടുമിക്ക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുതിയിലായിക്കഴിഞ്ഞു എന്ന സാഹചര്യം വന്നതോടെ സാമ്പത്തിക സഹായം എന്ന വാഗ്ദാനത്തിൽ നിന്നും യുജിസി പിന്നോട്ട് പോയി. ഏതാണ്ട് സമാനമായ രീതിയിലാണ് ഭാഷാവാദവും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. വരേണ്യ ഭാഷാ വാദത്തെ ഒറ്റയടിക്ക് അവതരിപ്പിക്കുന്നതിനു പകരം ആദ്യം ഇന്ത്യൻ ഭാഷകൾ എന്ന പ്രലോഭനകരമായ നീക്കം ആണ് ഇപ്പോൾ യുജിസി മുന്നോട്ട് വച്ചിരിക്കുന്നത്. ഇതിൽ പ്രാദേശിക ഭാഷാവാദം മുന്നോട്ട് വയ്ക്കുന്ന സംസ്ഥാനങ്ങളെ വിശേഷിച്ചും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ നിശ്ശബ്ദരാക്കാം എന്നതാണ് കേന്ദ്ര സർക്കാരിന്റെ കണക്കു കൂട്ടൽ. അടുത്ത ഘട്ടത്തിൽ വരേണ്യ ഭാഷാ വാദത്തെ പിന്തുണയ്ക്കുന്ന നിർദേശങ്ങൾ പ്രതീക്ഷിക്കാം എന്ന് സാരം.

അധ്യാപകരുടെ അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെടുന്ന ഇന്ത്യൻ ഭാഷകളിൽ ഉള്ള പ്രസിദ്ധീകരണങ്ങൾക്ക് പ്രത്യേക പരിഗണന നൽകും എന്ന നിർദ്ദേശവും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. ഇന്ത്യൻ ഭാഷയിലുള്ള പ്രസിദ്ധീകരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം എന്ന നിർദ്ദേശം പ്രഥമ ദൃഷ്ട്യാ സ്വദേശിവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നത് എന്ന് തോന്നിയക്കാമെങ്കിലും ശാസ്ത്ര വിഷയങ്ങളിലും സാങ്കേതിക വിഷയങ്ങളിലും ഉൾപ്പെടെ പ്രാദേശിക ഭാഷകളിൽ ആവശ്യമായ അടിസ്ഥാന പഠന സാധ്യതകൾ ഉണ്ടാകാതെ കേവലം ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാത്രം ഇത്തരം പരിഷ്കരണങ്ങൾ കൊണ്ടുവരുന്നത് അപകടകരമായ സ്ഥിതിവിശേഷം ഉണ്ടാക്കും.

ബിരുദ ബിരുദാനന്തര വിഷയങ്ങളിൽ നിന്ന് വ്യത്യസ്തമായ വിഷയത്തിൽ ഗവേഷണ ബിരുദം (പി എച്ച് ഡി) കരസ്ഥമാക്കുന്ന പക്ഷം വിഷയത്തിലെ അടിസ്ഥാന ധാരണയോ ആഴത്തിലുള്ള പഠനമികവോ പരിഗണിക്കാതെ തന്നെ പി എച്ച് ഡി ബിരുദമുണ്ട് എന്ന ഒറ്റ കാരണത്താൽ ആ വിഷയത്തിൽ അധ്യാപകൻ ആകാം എന്ന വിചിത്രമായ നിർദ്ദേശവും കരട് മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബിരുദാനന്തര ബിരുദ വിഷയത്തെ അടിസ്ഥാന യോഗ്യതാ മാനദണ്ഡമാക്കിയാണ് നിലവിൽ സർവ്വകലാശാലകളിൽ ഗവേഷണത്തിന് വിദ്യാർഥികളെ പ്രവേശിപ്പിക്കുന്നത്. ബിരുദാനന്തര ബിരുദ വിഷയത്തിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു വിഷയത്തിൽ ഗവേഷണ ബിരുദം കരസ്ഥമാക്കാം എന്ന സൂചനയും ഈ നിർദ്ദേശത്തിലൂടെ യുജിസി നൽകുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യാപന യോഗ്യതയുമായി ബന്ധപ്പെട്ട വലിയതോതിലുള്ള ആശയ കുഴപ്പം സൃഷ്ടിക്കാനേ ഇത് ഉപകരിക്കൂ.

ഗവേഷണത്തിന് അധ്യാപകരെ പ്രോത്സാഹിപ്പിക്കുന്ന ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാമുകൾ നേരത്തെ തന്നെ യുജിസി നിർത്തലാക്കിയിരുന്നു. അധ്യാപകർക്ക് ശമ്പളത്തോടെ അവധിയിൽ പ്രവേശിച്ചുകൊണ്ട് മൂന്നുവർഷം വരെ ഗവേഷണം നടത്തുന്നതിനും യോഗ്യരായ അധ്യാപകരെ യുജിസി നിശ്ചയിച്ചിട്ടുള്ള ശമ്പള വ്യവസ്ഥയ്ക്ക് അനുസരിച്ച് പകരക്കാരായി കോളേജുകളിൽ അധ്യാപകരായി നിയമിക്കുന്നതിനും കഴിയുന്ന തരത്തിൽ ആയിരുന്നു ഈ പദ്ധതി. എന്നാൽ 2010 കാലഘട്ടത്തിൽ തന്നെ ഈ പദ്ധതി ഭാഗികമായും 2018 ഓടുകൂടി പൂർണ്ണമായും യുജിസി ഇത് നിർത്തലാക്കി. പുതിയ മാർഗ്ഗരേഖയിൽ ആവട്ടെ ജോലിയിൽ പ്രവേശിച്ച് രണ്ടാമത്തെ പ്രമോഷൻ നേടുന്നതിന് ഗവേഷണം ബിരുദം നിർബന്ധമാക്കി കൊണ്ടുള്ള പുതിയ നിബന്ധനയാണ് യുജിസി മുന്നോട്ടുവച്ചിരിക്കുന്നത്. നിലവിലുള്ള നിയമം (2018 റെഗുലേഷൻ) അനുസരിച്ച് യോഗ്യതകൾ പൂർത്തിയാക്കി വരുന്ന ഇപ്പോൾ ജോലിയിൽ ഉള്ള അധ്യാപകരെ സംബന്ധിച്ചിടത്തോളം സ്ഥാനക്കയറ്റത്തിന് ഗവേഷണ ബിരുദം വേണം എന്ന നിബന്ധന ഒറ്റയടിക്ക് കൊണ്ടുവരുന്നത് വലിയ തിരിച്ചടിയാണ്. ഗവേഷണം പൂർത്തിയാക്കുന്നതിന് ഏറ്റവും കുറഞ്ഞത് മൂന്ന് വർഷം എങ്കിലും ആവശ്യമാണ് എന്നിരിക്കെ ഇത് അധ്യാപകർക്ക് വലിയ ആഘാതമാണ് ഉണ്ടാക്കുക. ഗവേഷണത്തിന് നൽകിവന്നിരുന്ന സാമ്പത്തിക സഹായം പിൻവലിക്കുകയും ഗവേഷണ ബിരുദം സ്ഥാനക്കയറ്റത്തിന് നിർബന്ധിത യോഗ്യതയായി നിശ്ചയിക്കുകയും ചെയ്യുക എന്ന വിചിത്രമായ നടപടിയാണ് യുജിസി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.

2018ലെ യുജിസി നിയമത്തിൽ അസിസ്റ്റൻറ് പ്രൊഫസർമാരായി കോളേജുകളിൽ നിയമിതരാകുന്ന അധ്യാപകർക്ക് ഗ്രേഡ് പ്രമോഷൻ നേടുന്നതിന് കോളേജ് തലത്തിൽ പ്രിൻസിപ്പൽ അധ്യക്ഷനായ, സർവ്വകലാശാല വൈസ് ചാൻസിലർ നിയോഗിക്കുന്ന രണ്ട് വിഷയ വിദഗ്ധർ, കോളേജിലെ വകുപ്പ് മേധാവി എന്നിവർ ഉൾപ്പെടുന്നതുമായ സ്ക്രീനിങ് കമ്മിറ്റി ആയിരുന്നു ഉണ്ടായിരുന്നത്. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നേടുന്നതിന് സെലക്ഷൻ കമ്മിറ്റി എന്നതും ആയിരുന്നു നിബന്ധന. പുതിയ കരട് മാർഗ്ഗരേഖയിൽ സ്ക്രീനിങ് കമ്മിറ്റി എന്ന സാധ്യത പൂർണമായും എടുത്തു കളഞ്ഞിരിക്കുകയാണ്. അസിസ്റ്റൻറ് പ്രൊഫസർ മുതൽ പ്രൊഫസർ വരെയുള്ള എല്ലാ സ്ഥാനക്കയറ്റങ്ങൾക്കും പ്രൊഫസർ റാങ്കിൽ കുറയാത്ത വൈസ് ചാൻസിലർ നിയോഗിക്കുന്ന വിഷയവിദഗ്ധൻ പങ്കെടുക്കുന്ന സെലക്ഷൻ കമ്മിറ്റി തന്നെ വേണം എന്ന നിബന്ധനയാണ് യുജിസി മുന്നോട്ടുവച്ചിരിക്കുന്നത്. നൂറുകണക്കായ അഫിലിയേറ്റഡ്




കോളേജുകളിലെ അധ്യാപകരുടെ ഗ്രേഡ് പ്രമോഷനുകൾ ഉൾപ്പെടെയുള്ളവയ്ക്ക് വൈസ് ചാൻസിലർ നിയോഗിക്കുന്ന വിഷയവിദഗ്ധനായി പ്രൊഫസർ റാങ്കിലുള്ള ആളുകൾ പങ്കെടുക്കണം എന്നതും അത് സെലക്ഷൻ കമ്മിറ്റി ആയിരിക്കും എന്നതും വൈസ് ചാൻസിലർ എന്ന അധികാരത്തിലേക്ക് മുഴുവൻ ഉന്നത വിദ്യാഭ്യാസ സംവിധാനങ്ങളെയും കേന്ദ്രീകരിക്കുന്നതിനും അതുവഴി സ്ഥാപനങ്ങളുടെ നിയമന കാര്യത്തിലടക്കം ഇടപെടാം എന്നതുമാണ് കേന്ദ്ര സർക്കാരിന്റെ കണക്കു കൂട്ടൽ.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമിതരാകുന്ന ഭിന്നശേഷിക്കാരായ അധ്യാപകരുടെ പ്രമോഷൻ സംബന്ധമായ നിബന്ധനകൾ ഏതുതരത്തിൽ ആയിരിക്കണം എന്നത് സംബന്ധിച്ച ഒരു നിർദ്ദേശവും പുതിയ യുജിസി കരട് രേഖയിൽ ഇല്ല.

എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനത്തിന് മാനേജർക്ക് സ്വീകരിക്കാവുന്നത് സർവ്വകലാശാലകൾ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയാണ്. കോളേജ് ഗവേണിംഗ് ബോഡിയുടെ അധ്യക്ഷനോ അല്ലെങ്കിൽ തത്തുല്യ പദവിയിലോ ഉള്ളയാൾ ചെയർപേഴ്സണായും കോളേജ് പ്രിൻസിപ്പൽ, വകുപ്പ് അധ്യക്ഷൻ, വൈസ് ചാൻസിലർ നിയോഗിക്കുന്ന മൂന്ന് വിഷയ വിദഗ്ധർ എന്നിവർ ഉൾപ്പെടുന്ന ആറംഗ സമിതിയാണ് ഇനിമുതൽ നിയമന പ്രക്രിയ നടത്തേണ്ടത് എന്നാണ് യുജിസി പറയുന്നത്. സർക്കാരിന്റെ പ്രതിനിധിയെക്കുറിച്ച് യാതൊരു സൂചനയും കരട് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നില്ല. മാത്രവുമല്ല ആറിൽ അഞ്ച് അംഗങ്ങൾ (അതിൽ രണ്ട് ആളുകൾ എങ്കിലും വിഷയവിദഗ്ധർ ആയിരിക്കണം) പങ്കെടുത്താൽ മാത്രമേ യോഗം നടത്തുന്നതിന് ആവശ്യമായ കോറം ഉണ്ടാവൂ എന്നതും പുതിയ മാർഗനിർദ്ദേശത്തിൽ പറയുന്നു. നിലവിലുള്ള യുജിസി റെഗുലേഷൻ അനുസരിച്ച് SC/ST/OBC/PWD/MINORITY/WOMEN തുടങ്ങിയ വിഭാഗങ്ങളിൽ പെട്ട അധ്യാപകർ നിയമനത്തിനോ / പ്രൊമോഷനോ അപേക്ഷിക്കുന്ന പക്ഷം മേൽവിഭാഗങ്ങളിൽ ഉൾപ്പെട്ട വിദഗ്ധരെ സെലെക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ ഗവേണിംഗ് ബോഡിക്ക് അവകാശമുണ്ടായിരുന്നു. ഈ അവകാശവും ഏകപക്ഷീയമായി വൈസ് ചാൻസിലർക്ക് നൽകുകയാണ് പുതിയ റെഗുലേഷൻ ചെയ്യുന്നത്.

2018ലെ മാർഗനിർദ്ദേശ ഉൾപ്പെടെ നാളിതുവരെ ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ അധ്യാപക നിയമനത്തിന് വിഷയവിദഗ്ധരുടെ പട്ടിക തയ്യാറാക്കി വൈസ് ചാൻസലർക്ക് സമർപ്പിക്കുന്നതിനും വൈസ് ചാൻസലറുടെ അംഗീകാരത്തോടെ പ്രസ്തുത പട്ടികയിൽ നിന്നും വിഷയവിദഗ്ധരെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാൽ ന്യൂനപക്ഷ സ്ഥാപനങ്ങളുടെ എല്ലാ അവകാശ അധികാരങ്ങളെയും പൂർണമായും എടുത്തു കളഞ്ഞു കൊണ്ടാണ് 2025ലെ കരട് മാർഗ്ഗരേഖ പുറത്തിറക്കിയിരിക്കുന്നത്. 28 പേജിൽ ഒരിടത്തും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന പരാമർശമേ ഇല്ല എന്നതും ശ്രദ്ധേയമാണ്.

അധ്യാപക നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ നിയമനം ലഭിച്ച ആൾ സർവകലാശാലയുമായോ കോളേജും ആയോ ഒരു കരാറിൽ ഏർപ്പെടണം എന്നും പ്രസ്തുത കരാർ സർവ്വകലാശാലയോ കോളേജിന്റെ പ്രിൻസിപ്പലോ സാക്ഷിക്കണം എന്നും പുതിയ യുജിസി നിർദ്ദേശത്തിൽ പറയുന്നു. സംസ്ഥാനത്ത് നിലവിലുള്ള സർവീസ് ചട്ടങ്ങൾക്ക് അനുസൃതമായാണ് സർക്കാർ എയ്ഡഡ് കോളേജു




കളിൽ അധ്യാപക നിയമനത്തെ തുടർന്നുള്ള നിബന്ധനകൾ നിലവിൽ വരുന്നത് എന്നിരിക്കെ ഇത്തരം ഒരു കരാർ ഏത് തരത്തിലാണ് ഉപയോഗിക്കപ്പെടുക എന്നതും ശ്രദ്ധിക്കേണ്ട സംഗതിയാണ്.

യുജിസി അടിസ്ഥാന യോഗ്യത മാനദണ്ഡങ്ങൾ നിശ്ചയിച്ച കാലം മുതൽക്ക് തന്നെ അധ്യാപകർക്ക് വിവിധങ്ങളായ കോഴ്സുകൾ പ്രമോഷൻ നേടുന്നതിന് വേണ്ടി പൂർത്തിയാക്കേണ്ടതുണ്ട്. അത്തരം കോഴ്സുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടിയാണ് സർവകലാശാലകളോട് ചേർന്ന് അക്കാഡമിക് സ്റ്റാഫ് കോളേജുകൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ചതും. പിന്നീട് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെൻറ് സെൻറർ എന്ന് പ്രസ്തുത സ്ഥാപനങ്ങളെ പുനർനാമകരണം ചെയ്യുകയും ചെയ്തു. ആദ്യഘട്ടത്തിൽ യുജിസിയുടെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിച്ച വന്നിരുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിവന്നിരുന്ന എല്ലാ ധനസഹായവും 2016 ഓടുകൂടി യുജിസി നിർത്തലാക്കി. 2018 ലാവട്ടെ മദൻ മോഹൻ മാളവ്യ നാഷണൽ മിഷൻ എന്ന പുതിയ പേരിൽ ഈ സ്ഥാപനങ്ങൾ അറിയപ്പെട്ടു തുടങ്ങുകയും ആദ്യം ഹൈബ്രിഡ് രീതിയിലും പിന്നീട് പൂർണമായും ഓൺലൈൻ രീതിയിലും കോഴ്സുകൾ നടത്തുന്ന രീതിയിലേക്ക് മാറുകയും ചെയ്തു. 2025ലെ പുതിയ കരട് മാർഗ്ഗനിർദേശങ്ങളിൽ അധ്യാപകർക്ക് ഓൺലൈൻ മാതൃകയിൽ കോഴ്സുകൾ കൂടിയാൽ മതിയാകും എന്ന നിബന്ധനയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അധ്യാപനത്തിലെ വിവിധങ്ങളായ സാങ്കേതിക വശങ്ങൾ പരിചയപ്പെടുന്നതിനും നൂതനമായ പഠന മേഖലകളെകുറിച്ച് മനസ്സിലാക്കുന്നതിനും അധ്യാപകർക്ക് ഏറെ സഹായകരമായിരുന്ന ഒരു സംവിധാനത്തെ തന്നെയാണ് ഇതിലൂടെ യുജിസി ഇപ്പോൾ ഇല്ലാതാക്കിയിരിക്കുന്നത്.

അധ്യാപകരുടെ പ്രൊമോഷൻ തീയതി വർഷത്തിൽ രണ്ട് ദിവസമായി ഏകീകരിക്കുന്നതിനുള്ള തീരുമാനം കരട് റെഗുലേഷൻ മുന്നോട്ട് വയ്ക്കുന്നുണ്ട്. ജനുവരിക്കും ജൂലൈയ്ക്കും ഇടയിലുള്ള ഏത് തീയതിയിലും പ്രമോഷന് അർഹത നേടിയാലും ജൂലൈ ഒന്നാം തീയതി മാത്രമേ പ്രമോഷൻ ലഭിക്കു എന്ന നിലയിലും ജൂലൈ ഒന്നിനും ഡിസംബർ 31നു ഇടയിൽ പ്രമോഷൻ ഏത് തീയതിയിൽ നേടിയാലും അടുത്ത ജനുവരി ഒന്നിന് മാത്രമേ പ്രമോഷൻ നൽകൂ എന്നതും നിർദ്ദേശമായി മുന്നോട്ടു വച്ചിട്ടുണ്ട്. അധ്യാപകരുടെ സീനിയോറിറ്റി ഉൾപ്പെടെയുള്ള വിഷയത്തിൽ കടുത്ത അനിശ്ചിതാവസ്ഥ സൃഷ്ടിക്കുന്നതിന് മാത്രമേ ഇത് ഉപകരിക്കൂ.

2018ലെ യുജിസി റെഗുലേഷനിൽ അധ്യാപകരുടെ ആഴ്ചയിലെ ജോലിഭാരം കൃത്യമായി നിർവചിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തുടങ്ങിയ തസ്തികയിൽ ഉള്ളവർക്ക് പതിനാലു മണിക്കൂറും എന്ന നിലയിൽ ക്ലാസ് റൂം ടീച്ചിംഗ് നിശ്ചയിച്ചിരുന്നു. പുതിയ റെഗുലേഷനിൽ ഇത്തരം വിഷയങ്ങളെക്കുറിച്ച് യാതൊരു പരാമർശവും ഇല്ല.

ഇരുപത്തിയെട്ട് പേജുകൾ ഉള്ള കരട് നിർദ്ദേശങ്ങൾ അവസാനിപ്പിക്കുന്നത് റെഗുലേഷന് വിരുദ്ധമായി പ്രവർത്തിച്ചാൽ എന്തെല്ലാം ഭവിഷ്യത്തുകൾ ഉണ്ടാകും എന്ന മുന്നറിയിപ്പോട് കൂടിയാണ്. യുജിസി പദ്ധതികളിൽ നിന്നുള്ള വിലക്ക്, ഡിഗ്രി അനുവദിക്കുന്നതിനുള്ള അധികാരം സർവകലാശാലകൾക്ക് നിഷേധിക്കൽ, എന്ന സവിശേഷ അംഗീകാരം റദ്ദാക്കൽ മുതലായവയാണ് അവയിൽ ചിലത്. ഏതെങ്കിലും വിഷയങ്ങളിൽ അവ്യക്തത ഉള്ള പക്ഷം യുജിസി നൽകുന്ന വിശദീകരണം അന്തിമമായിരിക്കും എന്ന വാചകത്തോടെ ആണ് മാർഗരേഖ അവസാനിക്കുന്നത്.

സംസ്ഥാനത്തെ നിയമ സഭകൾ നിയമം മൂലം നടപ്പിലാക്കിയ ആക്റ്റിനെയും സ്റ്റാറ്റ്യൂട്ട്നെയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സർവകലാശാലകളുടെ ഭരണപരവും അക്കാദമികവുമായ പ്രവർത്തന സ്വാതന്ത്ര്യത്തെ നേരിട്ട് വെല്ലുവിളിക്കുകയാണ് യുജിസി. പദവി ദുരുപയോഗം ചെയ്തുകൊണ്ട് കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസിലർ നിയമനം സ്തംഭിപ്പിച്ച ചാൻസിലർ കൂടിയായ ഗവർണ്ണറെ ചാൻസിലർ പദവിയിൽ നിന്ന് മാറ്റുന്നത് സംബന്ധിച്ച് കേരള നിയമസഭ പാസാക്കിയ ബില്ലിന്മേൽ ബഹു സുപ്രീം കോടതിയിൽ നടക്കുന്ന കേസും സമാനമായ രീതിയിൽ തമിഴ് നാട് നിലകൊള്ളുന്നതും ഈ കരട് മാർഗ്ഗരേഖയുടെ പെട്ടെന്നുള്ള വരവിന് കാരണമായിട്ടുണ്ട് എന്നത് നിസ്സംശയം പറയാം.

**ശ്രീജിത്ത് സി.എസ്.**
സെന്റ്.മേരീസ് കോളജ്, സുൽത്താൻ ബത്തേരി

# നവലിബറൽ ഹിന്ദുത്വയുടെ കേരളമെന്ന ശത്രുരാജ്യം

സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ലോകമാകെ പടർന്ന "ബദലില്ലാ" (there in no alternative to capitalism) രോഗത്തിൽ നിന്നും ലോകം പതുക്കെ മോചിതമാകുന്നതേയുള്ളൂ. 2008 മുതൽ തുടരുന്ന മുതലാളിത്ത പ്രതിസന്ധി അതീവഗുരുതരമാവുകയാണ്, അമേരിക്കയുടെ അപ്രമാദിത്തം എല്ലാ മേഖലയിലും അവസാനിക്കുകയും ചൈനയുടെ നേതൃത്വത്തിൽ മറ്റൊരു ബദൽശക്തി വളർന്നു വരികയും ചെയ്യുന്നു. നവലിബറൽ പ്രതിസന്ധിയുടെ ഉപോൽപ്പന്നങ്ങളായ തീവ്രവലതുപക്ഷ രാഷ്ട്രീയവും, വംശീയ അതിക്രമങ്ങളും മുതലാളിത്തത്തിന്റെ സ്തുതിപാഠകർക്കു പോലും ന്യായീകരിക്കാനാകാത്ത വിധം മനുഷ്യസമൂഹത്തിനുമേൽ ദംഷ്ട്രകൾ അമർത്തുകയാണ്. ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമല്ല ചങ്ങാത്ത മുതലാളിത്തവും തീവ്രവലതുപക്ഷ രാഷ്ട്രീയവും ചേർന്ന് ഇന്ത്യയെ ഒരു ഫാഷിസ്റ്റ് ഭരണവ്യവസ്ഥയിലേക്ക് കൊണ്ടുപോയിരുന്നു. ഇത്തരമൊരു നിരാശാഘട്ടത്തിൽ ലോകമെങ്ങുമുള്ള പുരോഗമന രാഷ്ട്രീയ പ്രവർത്തകരുടെ കടമയെന്താണ് ? നിശ്ചയമായും നിലനിൽക്കുന്ന മുതലാളിത്ത ചൂഷക വ്യവസ്ഥക്കെതിരെ ഓരോ നിമിഷവും പോരാടുകയെന്നത് തന്നെയാണ് അവരുടെ മുന്നിലെ മുഖ്യകടമ, പക്ഷെ അതോടൊപ്പം തന്നെ നിരാശയിലമർന്ന് നിഷേധാത്മക രാഷ്ട്രീയത്തിന്റെ വക്താക്കളായി മാറുന്ന മഹാഭൂരിപക്ഷത്തിനു മുന്നിൽ "മറ്റൊരു ബദൽ സാധ്യമാണ്" എന്ന പ്രതീക്ഷയുടെ രാഷ്ട്രീയം അവതരിപ്പിക്കുകയും സുപ്രധാനമാണ്. അമേരിക്കയിലാകട്ടെ ഇന്ത്യയിലാകട്ടെ തീവ്രവലതുപക്ഷത്തിന്റെ രാഷ്ട്രീയ കാവലാളായി മാറുന്നതിൽ വലിയൊരു വിഭാഗം തൊഴിലാളികളും ഓരംചേർക്കപ്പെട്ടവരുമാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്തുകൊണ്ടാകും തങ്ങളുടെ അടിസ്ഥാനതാല്പര്യങ്ങൾക്ക് വിരുദ്ധമായ രാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്ന തീവ്രവലതു രാഷ്ട്രീയത്തിനൊപ്പം നിൽക്കാൻ ഈ ജനവിഭാഗങ്ങൾ തയ്യാറാകുന്നത് ? മറ്റൊരു പ്രതീക്ഷയ്ക്കും സാധ്യതയില്ലാത്ത ഒരു നിഷേധാത്മക (nihilist) രാഷ്ട്രീയത്തിന്റെ ഇരകളായി മാറുകയാണ് യഥാർത്ഥത്തിൽ ഈ ജനത. ഇവിടെയാണ് ജനപക്ഷ ബദലുകളുടെ പ്രസക്തി. മറ്റൊരു ലോകം സാധ്യമാണെന്ന പ്രതീക്ഷാനിർഭരമായ രാഷ്ട്രീയത്തിന് മാത്രമേ നിലനിൽക്കുന്ന ചൂഷക വ്യവസ്ഥയ്ക്കെതിരായ പോരാട്ടത്തിന് ആത്മവിശ്വാസം പകരാൻ കഴിയൂ. അവിടെയാണ് കേരളത്തിന്റെ പ്രസക്തി. അത്യധികം കേന്ദ്രീകൃത സ്വഭാവമുള്ള ഒരു ഫെഡറൽ വ്യവസ്ഥക്ക് കീഴിലെ ഒരു കൊച്ചു സംസ്ഥാനത്തെ ഭരണം പോലും മുതലാളിത്ത വ്യവസ്ഥക്കെതിരായ സുദീർഘ പോരാട്ടത്തിലെ അവസരമായി ഉപയോഗിക്കുകയും ഒരു ജനപക്ഷബദൽ സാധ്യമാണ് എന്ന സന്ദേശം ലോകത്തിനു നൽകുകയുമാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ 1957 മുതൽക്കേ ഏതു വിധേനയും ഈ




ബദലിനെ തകർക്കാനുള്ള ശ്രമം വലതുപക്ഷവും നടത്തുന്നുണ്ട്. എന്നാൽ മോഡി സർക്കാരിന് കീഴിൽ സമാനതകളില്ലാത്ത ഞെരുക്കലാണ് ഈ കേരള ബദൽ നേരിടുന്നത്.

നവലിബറലിസത്തിന്റെ എക്കാലത്തെയും വലിയ പ്രവാചകയായ മാർഗരറ്റ് താച്ചർ ഒരിക്കൽ പറയുകയുണ്ടായി "സമൂഹം എന്നൊന്നില്ല മറിച്ച് (പരസ്പരം മത്സരിക്കുന്ന) വ്യക്തികൾ മാത്രമേയുള്ളൂ ", ഒരു പക്ഷെ നവലിബറലിസത്തെ ഇതിലും നന്നായി വിശേഷിപ്പിക്കാൻ മറ്റൊരു പ്രയോഗത്തിനും കഴിഞ്ഞെന്നു വരില്ല. മനുഷ്യർ പരസ്പരം മത്സരിക്കുകയും ഒരു ന്യൂനപക്ഷം അതിജീവിക്കുകയും 'പൊതുവായതെല്ലാം' (public) മാർക്കറ്റിനു വിട്ടുകൊടുക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് അടിസ്ഥാനപരമായി നവലിബറലിസം. അതുകൊണ്ടു തന്നെ ആരോഗ്യം, കുടിവെള്ളം, ഗതാഗതം, വിദ്യാഭ്യാസം, തുടങ്ങിയ പൊതു ആവശ്യങ്ങളെല്ലാം കമ്പോളത്തിനു വിട്ടുകൊടുക്കുക എന്നതാണ് നവലിബറൽ യുക്തി. ആ യുക്തിയെയാണ് കേരളത്തിലെ ഇടതുപക്ഷ ബദൽ കഴിഞ്ഞ കുറേ കാലങ്ങളായി ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നത്.

അതിതീവ്രമായ മുതലാളിത്ത പ്രതിസന്ധിയെ നേരിടാൻ താഴെത്തട്ടിലുള്ള ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുക എന്നത് മുതലാളിത്ത ചിന്തകർ പോലും മുന്നോട്ട് വെച്ച നയമാണ്. എന്നാൽ അതുപോലും പരിഗണിക്കാതെ അതിസമ്പന്നരെ നികുതിയിളവും സൗജന്യമായി പ്രകൃതിവിഭവങ്ങളും സാധാരണജനങ്ങളുടെ നിക്ഷേപങ്ങളും നൽകി പ്രീണിപ്പിക്കുന്ന നയമാണ് കേന്ദ്രസർക്കാർ കുറേക്കാലമായി നടത്തുന്നത്. ഇതിൽ നിന്ന് വിഭിന്നമായി സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷയൊരുക്കുന്ന നിലപാടാണ് എൽ ഡി എഫ് സർക്കാരിന്റേത്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ 32 ലക്ഷത്തിൽ താഴെ ജനങ്ങൾക്ക് മാത്രമായിരുന്നു കേരളത്തിൽ ഏതെങ്കിലും തരത്തിലെ സാമൂഹിക സുരക്ഷാ പെൻഷൻ ഉണ്ടായിരുന്നത് ആ നാമമാത്ര തുകതന്നെ  പതിനെട്ട് മാസത്തോളം കുടിശ്ശികയും ആയിരുന്നു. എന്നാൽ ഇന്ന് 62 ലക്ഷത്തിലേറെപേർക്കാണ് കേരളത്തിൽ 1600 രൂപ വെച്ച് പ്രതിമാസ സാമൂഹികസുരക്ഷാ പെൻഷൻ നൽകുന്നത്. ഇന്ത്യയിൽ തന്നെ ജനസംഖ്യയിൽ ഇത്രയേറെ കൂടുതൽ ശതമാനം ജനങ്ങൾക്ക് ഇത്രയുയർന്ന സാമൂഹിക പെൻഷൻ നൽകുന്ന മറ്റൊരു സംസ്ഥാനവും ഇല്ല. കേരളത്തിലെ സാമൂഹിക പെൻഷൻ കിട്ടുന്നവരിൽ വെറും 9 .3 % പേർക്ക് മാത്രമാണ് കേന്ദ്രസർക്കാർ പെൻഷൻ വിഹിതമായി 200 രൂപ ലഭിക്കുന്നത് എന്നത് കൂടെ ഇതോട് ചേർത്ത് വായിക്കണം. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ആരോഗ്യം, വിദ്യാഭ്യാസം, പശ്ചാത്തലവികസനം തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം സർക്കാരുകൾ പിൻവാങ്ങുകയോ അവ പൂർണമായി സ്വകാര്യമൂലധനത്തിനു വിട്ടുകൊടുക്കുകയോ ചെയ്യുക എന്നതാണ് നവലിബറലിസത്തിന്റെ രീതി. ഈ നയം ഇടതുപക്ഷത്തിന് സ്വീകാര്യമല്ല എന്ന നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഈ മേഖലകളിലെ പശ്ചാത്തല വികസനത്തിനായി കിഫ്ബി എന്ന സംവിധാനത്തിന് കേരളസർക്കാർ രൂപം നൽകിയത്. അതിരൂക്ഷമായ പരിഹാസവും എതിർപ്പുമായിരുന്നു കേരളത്തിലെ വലതുപക്ഷ മാധ്യമങ്ങളും നിരീക്ഷകരും കിഫ്ബിക്ക് നേരെ ഉയർത്തിയത്. എന്നാൽ ഇന്ന് കേരളം പശ്ചാത്തല വികസന

മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റം കണ്ണഞ്ചിപ്പിക്കുന്നതാണ്. 223 റോഡുകൾ, 91 പാലങ്ങൾ, 57 റെയിൽവേ മേൽപ്പാലങ്ങൾ,15 ഫ്ളൈഓവറുകൾ, 10 കാത്‌ലാബുകൾ, 44 ഡയാലിസിസ് സെന്ററുകൾ, എല്ലാ മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ, 45000 ഡിജിറ്റൽ ക്ലാസ്സ്മുറികൾ, 268 സ്കൂൾ കെട്ടിടങ്ങൾ കെഫോൺ, ട്രാൻസ്ഗ്രിഡ് തുടങ്ങി ചരിത്രത്തിലില്ലാത്ത പശ്ചാത്തല മേഖലാ കുതിപ്പിനാണ് കേരളം ഈ കാലയളവിൽ കിഫ്ബിയിലൂടെ സാക്ഷിയായത്.ഈ മുന്നേറ്റത്തിന് തുരങ്കം വയ്ക്കാൻ ശത്രുരാജ്യത്തെയെന്ന പോലെ കേന്ദ്രസർക്കാർ കേരളത്തോട് യുദ്ധം ചെയ്യുകയാണ്. കിഫ്ബി ഒരു ആന്വിറ്റി മോഡൽ ആണെന്ന് അറിയാമായിരുന്നിട്ടും അതിലെ കടം കേരളസർക്കാരിന്റെ കടമായി പരിഗണിക്കണമെന്നും അതുവഴി കേരളത്തിന്റെ കടമെടുപ്പ് ശേഷി കുറക്കണമെന്നുമാണ് കേന്ദ്രം പറയുന്നത്. എന്നാൽ സമാനമായ മാതൃകയിൽ ഉള്ള കേന്ദ്ര സർക്കാർ ആന്വിറ്റി പദ്ധതിയാണ് ദേശീയപാതാ അതോറിറ്റി, അവരുടെ കടം ഏതാണ്ട് 3.05 ലക്ഷം കോടി രൂപയാണ്, എന്നാൽ കേരളത്തോട് സ്വീകരിക്കുന്ന അതേ മാനദണ്ഡം അവർക്ക് ബാധകമല്ല, ദേശീയപാതാ അതോറിറ്റിയുടെ കടം കേന്ദ്രസർക്കാരിന്റെ കടമായി കൂട്ടാൻ കേന്ദ്രസർക്കാർ ഒരുക്കമല്ല. റെയിൽവേയുടെ കടം ഈ കാലയളവിൽ 10200 കോടി രൂപയാണ് ഈ കടവും കേന്ദ്രസർക്കാരിന്റെ കടമായി പരിഗണിച്ചിട്ടില്ല.കേരളമേ കടക്കെണിയിൽ ആണെന്ന പൊതുബോധം സൃഷ്ടിക്കാനാണ് കേരളത്തിലെ വലതുപക്ഷവും മാധ്യമങ്ങളും നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ വസ്തുതയെന്താണ് ?പഞ്ചാബ്, ഹിമാചൽ, രാജസ്ഥാൻ, ബംഗാൾ, ത്രിപുര,ബിഹാർ തുടങ്ങിയ നിരവധി സംസ്ഥാനങ്ങളേക്കാൾ പിറകിലാണ് കടം - ജി എസ് ഡി പി അനുപാതത്തിൽ കേരളം, എന്നാൽ അതേ സമയം കേന്ദ്ര സർക്കാരിന്റെ കടമാകട്ടെ 2014ൽ 64 ലക്ഷം കോടിയായിരുന്നത് ഇന്ന് 180 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു. ജി ഡി പി യുടെ ഏതാണ്ട് 60% കടമുള്ള രാജ്യമായി ഇന്ത്യ മാറിയിക്കുന്ന എന്ന ഗുരുതരമായ സ്ഥിതിയെക്കുറിച്ച് ആരും മിണ്ടുന്നതേയില്ല. പലിശ കൊടുക്കാൻ മാത്രം വർഷം പത്ത് ലക്ഷം കോടി രൂപ മാറ്റിവെക്കേണ്ട അവസ്ഥയിലാണ് രാജ്യം. എന്നാൽ ഇന്ത്യയുടെ കടമെടുപ്പ് ചങ്ങാത്ത മുതലാളിമാരെ രക്ഷിക്കാനും, പ്രധാനമന്ത്രിക്ക് 4500 കോടിയുടെ ജെറ്റ് വിമാനം വാങ്ങാനും, ബൈഡന്റെ ഭാര്യക്ക് വജ്രം നൽകാനുമൊക്കെയായി ആണെങ്കിൽ കേരളം ഒരു വിജ്ഞാന സമൂഹത്തെ വളർത്തിയെടുക്കാനുള്ള പശ്ചാത്തല സൗകര്യമൊരുക്കാനാണ് കടമെടുക്കുന്നത് അതാകട്ടെ ഭാവിയിലേക്കുള്ള നിക്ഷേപവുമാണ്. സംസ്ഥാനങ്ങളുടെ വരുമാനം കേന്ദ്രത്തിന്റെ ഔദാര്യമല്ല. കഴിഞ്ഞ വർഷം മാത്രം 34 ലക്ഷം കോടിരൂപയാണ് സംസ്ഥാനങ്ങളിലെ ജനങ്ങളിൽ നിന്നുള്ള നികുതിവരുമാനമായി കേന്ദ്രത്തിനു ലഭിച്ചത്. ഇതിലെ അർഹമായ വിഹിതമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടത്, എന്നാൽ കേരളമുൾപ്പെടെയുള്ള പ്രതിപക്ഷ സംസ്ഥാനങ്ങളോട് നിഷേധാത്മക സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. രാജ്യത്തെ വരുമാനത്തിന്റെ 62.7 % കേന്ദ്രം കൊണ്ടുപോകുമ്പോൾ ചെലവിന്റെ 62.4% സംസ്ഥാനങ്ങൾ വഹിക്കേണ്ടി വരുന്നു എന്ന വൈരുധ്യമാണ് ഇന്ത്യയിൽ ഉള്ളത്. സംസ്ഥാനങ്ങളുടെ വരുമാനം എന്നത് സംസ്ഥാനം പിരിക്കുന്ന തനതു വരുമാനവും, കേന്ദ്രം കൈമാറുന്ന നികുതി വിഹിതവും ഗ്രാന്റുകളും ചേർന്നതാണ്. ഇന്ത്യയിലെ മൊത്തം സംസ്ഥാനങ്ങൾ എടുത്താൽ അവയുടെ മൊത്തം വരുമാനത്തിന്റെ 45% കേന്ദ്ര വിഹിതവും 55% തനതു വരുമാനവുമാണ്. എന്നാൽ ചില സംസ്ഥാനങ്ങളിൽ കേന്ദ്ര വിഹിതം എന്നത് വളരെ കൂടുതലാണ്, ബിഹാറിന് അത് 75%വും, ഗുജറാത്തിന് 55%വും ആയിരിക്കുമ്പോൾ കേരളത്തിനാകട്ടെ കേന്ദ്ര വിഹിതം വെറും 18% മാത്രമാണ്. സെസ്സുകളും സർചാർജ്ജുകളും ഒഴികെയുള്ള നികുതി വരുമാനമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകേണ്ടത്. എന്നാൽ ഇത് മറികടക്കാനായി മോഡി ഗവണ്മെന്റ് നിലവിൽ സർചാർജ്ജുകളും സെസ്സുകളും ഗണ്യമായി വർദ്ധിപ്പിച്ചു. അങ്ങനെ മാത്രം കേരളത്തിന് ഏതാണ്ട് 3500 കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. 14 ആം ധനകാര്യ കമ്മീഷൻ വരെ സംസ്ഥാനത്തിന്റെ നികുതി വിഹിതം 3.8 % ആയിരുന്നത് 15 ആം ധനകാര്യ കമ്മീഷൻ 1.9% ആയാണ് കുറച്ചത്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിൽ നിന്നും നികുതി പിരിച്ച് ചങ്ങാത്ത മുതലാളിമാർക്കും ബിഹാറിനും യു പിക്കും ഗുജറാത്തിനും നൽകുന്ന സംവിധാനമായി കേന്ദ്ര സർക്കാർ മാറിയിരിക്കുന്നു. ഈ വിവേചനത്തെ മറികടക്കാൻ പോരാട്ടം മാത്രമല്ല തനതു വരുമാനം ഗണ്യമായി ഉയർത്തുന്ന നടപടിയും കേരളം സ്വീകരിക്കുന്നു. ഉമ്മൻചാണ്ടി സർക്കാരിന്റെ അഞ്ചു വർഷക്കാലത്തെ തനതു വരുമാനവർദ്ധന 16000 കോടി രൂപയായിരുന്നെങ്കിൽ കഴിഞ്ഞ വർഷം മാത്രം താനത്തുവരുമാനത്തിൽ ഉണ്ടായ വർദ്ധന 24300 കോടി രൂപയാണ്. നികുതിയേതര വരുമാനമാകട്ടെ 45% കണ്ടു വർദ്ധിക്കുകയും ചെയ്തു. ജൂലൈ 30 ന് പുലർച്ചെയാണ് വയനാട് മേപ്പാടി പഞ്ചായത്തിൽ മുണ്ടക്കൈ, ചൂരൽമല, അട്ടമല, പുഞ്ചിരിമട്ടം, കുഞ്ഞോം എന്നിവിടങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായത്. രാജ്യത്തെ ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായിരുന്നു അത്. അതുകൊണ്ടാണ് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ കേന്ദ്ര സംഘം വന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും അവലോകനം നടത്തുകയും ചെയ്തത്. എന്നാൽ ദുരന്തം നടന്ന് ആറു മാസം കഴിഞ്ഞിട്ടും നയാപൈസ നൽകാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല എന്നത് വയനാടൻ ജനതയോടുള്ള വെല്ലുവിളിയാണ്. ആഗസ്റ്റ് 10 നാണ് പ്രധാനമന്ത്രി ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചത്. കേന്ദ്ര സംഘത്തിനു മുമ്പാകെയും



പ്രധാനമന്ത്രിയുടെ മുമ്പാകെയും ദുരന്തത്തിന്റെ പശ്ചാത്തലത്തിലെ കേരളത്തിന്റെ ആവശ്യങ്ങൾ ആ ഘട്ടത്തിൽ തന്നെ കൃത്യമായി കേരളം അവതരിപ്പിച്ചിരുന്നു. ഒട്ടും വൈകാതെ ആഗസ്റ്റ് 17 ന് ദുരന്തത്തിൽ ഉണ്ടായ നഷ്ടവും ദേശീയ ദുരന്ത പ്രതികരണനിധിയുടെ (എൻ ഡി ആർ എഫ്) മാനദണ്ഡങ്ങൾക്ക് അനുസൃതമായി കേരളത്തിന് ആവശ്യപ്പെടാവുന്ന തുകയും ഇനം തിരിച്ച് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നിവേദനം നൽകി. പ്രതീക്ഷിക്കുന്ന ചെലവുകളും വരാനിരിക്കുന്ന അധിക ചെലവുകളുമടക്കം ഉൾപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1,202 കോടി രൂപയുടെ പ്രാഥമിക സഹായമാണ് ആവശ്യപ്പെട്ടത്. എന്നാൽ അത് കഴിഞ്ഞിട്ട് ഇപ്പോൾ ആറു മാസമാകാൻ പോകുന്ന ഇന്നുവരെ ആ നിവേദനത്തോട് ഒന്ന് പ്രതികരിക്കാൻ പോലും കേന്ദ്രം തയ്യാറായിട്ടില്ല.ഇതേ കാലയളവിൽ ത്രിപുര, തെലങ്കാന, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ വയനാടിന്റെ അത്രയും തീവ്രത ഇല്ലാത്ത ദുരന്തങ്ങൾ ഉണ്ടായിട്ടും വളരെ വേഗത്തിലാണ് കേന്ദ്ര സഹായം ലഭ്യമാക്കിയത്. ഈയിടെ മഴക്കെടുതിയുണ്ടായ ത്രിപുരയ്ക്ക് 40 കോടി രൂപയും പ്രളയമുണ്ടായ ആന്ധ്ര പ്രദേശിനും തെലങ്കാനയ്ക്കും 3448 കോടി രൂപയും ദുരന്തം സംഭവിക്കുന്നതിന് മുമ്പ് തന്നെ മുൻകരുതലായി ബിഹാറിന് 11500 കോടി രൂപയും സഹായമായി പ്രഖ്യാപിച്ചു. അതേ കേന്ദ്ര സർക്കാരാണ് കേരളത്തിനോട് ഈ അവഗണന കാണിക്കുന്നത്. കേന്ദ്ര സർക്കാർ പ്രളയ ദുരന്തം നേരിടാനുള്ള സഹായപദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ ബിഹാർ, അസം, ഹിമാചൽ പ്രദേശ്, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളെ മാത്രമാണ് പരിഗണിച്ചത് എന്നതും ഇതിനോട് കൂട്ടിവായിക്കേണ്ടതുണ്ട്.

കഴിഞ്ഞ ഫെബ്രുവരി 1 ന് ധനകാര്യമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ച കേന്ദ്രബജറ്റിലും സമ്പൂർണമായി കേരളത്തെ അവഗണിക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. വയനാട് പുനരധിവാസ പാക്കേജ്, വിഴിഞ്ഞം പദ്ധതി, എയിംസ് തുടങ്ങിയ ആവശ്യങ്ങളെല്ലാം നിരാകരിക്കപ്പെട്ടു. 2024-25-ലെ ജിഡിപി വളർച്ച 6.4 ശതമാനം മാത്രമാണ്. 2025-26-ൽ ഇതിലും താഴാനാണ സാധ്യത. കാരണം കയറ്റുമതി വർദ്ധിക്കുന്നില്ല. ഉപഭോഗ ചെലവ് ഉയരുന്നില്ല. അതുകൊണ്ട് മുതൽ മുടക്കാൻ നിക്ഷേപകർ മടിക്കുന്നു. ഇങ്ങനെയൊരു സന്ദർഭത്തിൽ ചെലവ് ഉയർത്തുകയാണ് ഏതൊരു സർക്കാരും സാധാരണ ഗതിയിൽ ചെയ്യേണ്ടത്. എന്നാൽ മോദി 2024-25-ൽ സർക്കാർ ചെലവ് 14.9 ശതമാനം ആയിരുന്നത് 14.1 ശതമാനമായി ചുരുക്കിയിരിക്കുന്നു. അത്തരം ചെലവ് ചുരുക്കൽ ഏറ്റവും ബാധിക്കുക ആരോഗ്യം, വിദ്യാഭ്യാസം, പിന്നോക്ക വികസനം, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ മേഖലകളെയാണ്. വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം എന്നിവയ്ക്കായി ചെലവഴിക്കുന്ന തുകയുടെ വിഹിതം ഈ ബജറ്റിൽ കുറഞ്ഞിരിക്കുന്നു. 2017-18-ൽ 14.42 ശതമാനം ആയിരുന്ന അതിനായി മാറ്റിവെച്ച തുകയെങ്കിൽ കഴിഞ്ഞ വർഷം ആയപ്പോഴേക്കും അത് 11.03 ശതമാനമായി കുറഞ്ഞിരുന്നു ,ഈ ബജറ്റിൽ അത് വീണ്ടും 10.9 ശതമാനമായി കുറഞ്ഞു. തൊഴിലുറപ്പിനോ സാമൂഹ്യക്ഷേമ പെൻഷനോ നാമമാത്രമായ വർദ്ധനയ്ക്കു പോലും തയ്യാറായില്ല. അങ്ങനെ തങ്ങളുടെ ചങ്ങാത്ത മുതലാളിത്ത പക്ഷപാദിത്തം അടിവരയിട്ട് പ്രഖ്യാപിക്കുന്ന ബജറ്റാണ് കേന്ദ്ര ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്.

കേരളം നിലവിൽ മുന്നോട്ട് വെക്കുന്ന വികസന സങ്കൽപ്പം ഒരർത്ഥത്തിൽ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിന്റെ മാത്രം വികസന സങ്കല്പമായല്ല കാണേണ്ടത് മറിച്ച് നവലിബറൽ മുതലാളിത്ത വികസന മാതൃകയ്ക്കകത്ത് ഒരു ജനകീയ സർക്കാർ നടത്തുന്ന ജനപക്ഷ വികസന ബദലിന്റെ കൂടെ രൂപമാണത്. അതുകൊണ്ടു തന്നെ അത്തരമൊരു ബദലിനെ സംരക്ഷിച്ചു നിർത്താനും അർഹമായ അവകാശങ്ങൾ കേന്ദ്രത്തിൽ നിന്നും പൊരുതി വാങ്ങാനുമുള്ള പോരാട്ടങ്ങളിൽ അണിനിരക്കുക എന്നത് ചരിത്രപരമായ ഉത്തരവാദിത്തം കൂടിയാണ്.


**ഡോ. സന്തോഷ്കുമാർ വള്ളിക്കാട്**
എൻഎസ്എസ് കോളജ് മഞ്ചേരി

# മുരിങ്ങമരച്ചുവട്ടിൽ ജീവിതം കണ്ട ഒരാള്

മണ്ണിലെ മനുഷ്യരുടെ കഥ പറഞ്ഞ എഴുത്തുകാരനാണ് ചെറുകാട്. മണ്ണിന്റെ മാറിൽ എന്ന ചെറുകാടിന്റെ നോവൽ മനുഷ്യനും മണ്ണുമായുള്ള ബന്ധത്തെക്കുറിച്ചും വിപ്ലവത്തിന്റെ അനിവാര്യമായ സാമൂഹ്യ-വർഗ്ഗ ശക്തിയെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. മനുഷ്യന്റെ വേദനയിലും നിസ്സഹായതയിലും അവനോടൊപ്പം ജീവിച്ച, സമരം നയിച്ച, വിശപ്പിന്റെ രുചിയറിഞ്ഞ, ഒളിവിലും തെളിവിലും പ്രവർത്തിച്ച, കമ്മ്യൂണിസ്റ്റുകാരനായ ഒരു നാടൻ മനുഷ്യൻ. സർഗാത്മകമായ പാർട്ടി പ്രവർത്തനം അത്രമേൽ നൈസർഗികമായ ഒന്നാണെന്ന് അദ്ദേഹം തെളിയിച്ചു. രചനയുടെ നാടൻ ശീലങ്ങളും എഴുത്തുവഴക്കങ്ങളും ചെറുകാടിന്റെ ശില്പ ഘടനയുടെ പ്രത്യേകതയായിരുന്നു. കേരളത്തിൽ സ്ത്രീശാക്തീകരണത്തിന്റെ കേളികൊട്ട് ഉയരും മുമ്പേ ശക്തരായ സ്ത്രീകഥാപാത്രങ്ങളെ അദ്ദേഹം സൃഷ്ടിച്ചു. മണ്ണിന്റെ ചൂരും ചൂടും ഉള്ള, ഉന്തിയ പല്ലുകളും ഒട്ടിയ കവിളുകളുമുള്ള സാധാരണ സ്ത്രീകൾ. നാണിമിസ്ട്രസും ലക്ഷ്മിക്കുട്ടിയും രാജമ്മയും ഇവരിൽ ചിലരാണ്. കർഷക-അധ്യാപക പ്രസ്ഥാനത്തിന്റെയും തൊഴിലാളി സംഘടനകളുടെയും ചരിത്രം ഈ കൃതികളിലൊക്കെ വിളക്കിച്ചേർത്തിരിക്കുന്നു. കമ്മ്യൂണിസ്റ്റ് എഴുത്തുകാരനായ ചെറുകാടിന്റെ മുത്തശ്ശി ധീരമായ ഒരു ഇതിഹാസമാണ്. സാഹിത്യവും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഈ എഴുത്തുകാരന് ഉണ്ടായിരുന്നു.

പരമ്പരാഗതമായി സംസ്കൃതവും വൈദ്യവും പഠിച്ച ചെറുകാട് പ്രൈമറി സ്കൂൾ അധ്യാപകനായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. പാവറട്ടി കോളേജിലും പട്ടാമ്പി ഗവൺമെൻറ് സംസ്കൃത കോളേജിലും അധ്യാപകനായി പ്രവർത്തിച്ചു. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ പ്രവർത്തനങ്ങളിലൂടെ സാമൂഹിക നന്മയെയും പരിവർത്തനത്തെയും ലക്ഷ്യമിട്ട് നിരവധി നാടകങ്ങൾ രചിക്കുകയും അവയെ രംഗത്ത് എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്തു. തറവാടിത്തം, നമ്മളൊന്ന്, വിശ്വദ്ധനണ, വാൽനക്ഷത്രം, കുട്ടിത്തമ്പുരാൻ, സ്വതന്ത്ര, അടിമ, ഡോക്ടർ ചന്തു തുടങ്ങിയ നാടകങ്ങളും ശനിദശ, ദേവലോകം, മരണപത്രം, ഭൂപ്രഭു, മുത്തശ്ശി, മണ്ണിന്റെ മാറില് തുടങ്ങിയ നോവലുകളും മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയവയാണ്. കഥയും കവിതയും നോവലും നാടകവും ഉൾപ്പെടെ വിവിധ സാഹിത്യ ശാഖകളിൽ തന്റേതായ ഇടം പിടിക്കുന്നതിൽ അദ്ദേഹത്തിന്റെ തൂലികയ്ക്ക് പ്രത്യേകമായ മിഴിവുണ്ടായിരുന്നു. 'മലങ്കാടൻ' എന്ന പേരിൽ ഹാസ്യകവിതകൾ എഴുതിയും എഴുത്തുകാരൻ എന്ന രീതിയിൽ വേറിട്ട വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട് ചെറുകാട്. ഓട്ടൻതുള്ളലും നാടകവും മുദ്രാവാക്യവും ഗാനങ്ങളും ലേഖനങ്ങളും എഴുതുമ്പോൾ അവയെ ജനങ്ങൾ എത്രമാത്രം സ്വീകരിക്കുന്നു എന്ന് മാത്രമായിരുന്നു ചെറുകാടിന്റെ ചിന്ത. സാഹിത്യം ദന്തഗോപുരങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ട ഒന്നല്ലെന്നും അത് ജനങ്ങളുടെ ഇടയിൽ നിന്നുകൊണ്ട് അവരുടെ ജീവിതവുമായി പ്രവർത്തിക്കേണ്ട ഒന്നാണെന്നും ചെറുകാട് വിശ്വസിച്ചിരുന്നു.

ജീവിതത്തിന്റെ ഓർമ്മകളുടെ ആവിഷ്കാരം എന്ന നിലയിൽ ആത്മകഥയിൽ എന്തൊക്കെ ചേർത്തു വയ്ക്കാം, എന്തൊക്കെ സുതാര്യമായി ആഖ്യാനം ചെയ്യാം




എന്നത് പോലെ എന്തെല്ലാം മറച്ചു വയ്ക്കാം എന്നതും പ്രധാനമാണ്. എഴുതുന്ന കാലത്ത് ജാതി സ്വത്വത്തിൽ നിന്ന് വേറിട്ടുനിന്ന് ചിന്തിച്ച ചെറുകാടിന്റെ ജാതി വിചാരം ആണ് അമ്പലവാസി എന്ന ഒന്നാമത്തെ അധ്യായം. അവസാനിക്കുന്നത് ഒളിവിൽ എന്ന അധ്യായത്തിലാണ്. ബൂട്ടിട്ട കാലുകൊണ്ട്  മുതുകത്ത് ഒരു ചവിട്ടു കൂടി കിട്ടിയപ്പോൾ ഞാൻ ഒരു തത്വജ്ഞാനി കൂടിയായി എന്ന പരിണാമത്തിന്റെ എഴുത്താണ് ജീവിതപ്പാത. അമ്പലവാസിയിൽ നിന്ന് തത്വജ്ഞാനിയിലേക്കുള്ള ഒരു മനുഷ്യന്റെ പരിവർത്തനം. ബഹുസ്വരതയുള്ള സങ്കീർണമായ ഒരു ജീവിതത്തിന്റെ ആഖ്യാനം. ജീവിതപ്പാത എന്ന ആത്മകഥ മനുഷ്യ ജീവിതത്തിന്റെ മറ്റൊരു ഒറ്റയടിപ്പാതയാണ്.

ജീവിതപ്പാത ദേശാഭിമാനി വാരികയാണ് ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ചത്. ഈ ആത്മകഥ ഒരിക്കലും ഏകഭാഷണമല്ല. പലമാതിരി മനുഷ്യർ മിണ്ടുകയും പറയുകയും ചെയ്യുന്നതിൽ ആഖ്യാതാവും ഉണ്ട്. എനിക്കു മാത്രമായി ഒരു കഥയുണ്ടോ എന്ന ചോദ്യം തന്നോടായി ചോദിക്കുകയും ഒരാൾക്ക് മാത്രമായി ഒരു കഥ ഇല്ലെന്ന അഭിപ്രായത്തിൽ സമാധാനിക്കുകയും ചെയ്യുന്ന ചെറുകാടിന്റെ ആഖ്യാന രാഷ്ട്രീയമാണ് ജീവിതപ്പാത. പൂമാല കെട്ടിയ കൈകൊണ്ട് അക്ഷരപ്പൂക്കളുടെ രക്തഹാരമൊരുക്കിയ എഴുത്തുകാരനാണ് ആ ജീവിതപ്പാത താണ്ടിയത്.

1975 ൽ രചിക്കപ്പെട്ട ജീവിതപ്പാത എന്ന ആത്മകഥ അക്കാലത്തെ കേരളത്തിന്റെ കഥ പറയുന്ന ഗ്രന്ഥമാണ്. ആത്മകഥയിലെ ആത്മാംശം ഒരു ദേശത്തിന്റെ നാൾവഴികളുടെ ചരിത്രമാകുന്ന കാഴ്ചയാണ് ഈ ഗ്രന്ഥം. താൻ നടന്നു പോയ വഴികളിലെ വ്യക്തികളും പരിസരങ്ങളും പ്രവർത്തനങ്ങളും കൃത്യമായി നിരീക്ഷിക്കുകയും സത്യസന്ധമായി ആവിഷ്കരിക്കുകയും ചെയ്യുന്ന ഇതിൽ. ജീവിതത്തിലും എഴുത്തിലും തന്റേതായ വീക്ഷണങ്ങൾ യാതൊരു സങ്കോചവുമില്ലാതെ അവതരിപ്പിക്കുന്നതിൽ ചെറുകാടിന് തന്റേടം ഉണ്ടായിരുന്നു. ജീവിതമെഴുത്ത് മായികമായ ഭൂതകാലത്തിലേക്ക് വലിച്ചു കൊണ്ടു പോകുന്ന സവിശേഷമായ അനുഭൂതിവിശേഷമായി മാറുന്ന ആത്മകഥയാണ് ജീവിതപ്പാത.


ജീവിതപ്പാത മൂന്ന് ഭാഗങ്ങളായാണ് ജീവിതത്തെ കാണുന്നത്. ആദ്യ രണ്ടു ഭാഗങ്ങളിൽ കുടുംബം ബാല്യകൗമാര ജീവിതം എന്നിങ്ങനെ വ്യക്തിജീവിതത്തിനെ അടയാളപ്പെടുത്തുന്നു. ബാല്യകൗമാരങ്ങളാണ് ചെറുകാടിലേക്ക് ഗോവിന്ദപ്പിഷാരടിയെ വളർത്തിയത്. മരുമക്കത്തായ തറവാടിന്റെ കുടുംബ സാഹചര്യങ്ങളും അമ്മാവൻ ഭരണത്തിന്റെ പീഡനങ്ങളും തുറന്ന്  എതിർത്ത് മുന്നോട്ട് നീങ്ങിയതും ഈ കാലത്തായിരുന്നു. ഈ കാലത്തിന്റെ





സവിശേഷതയായയാണ് ആരോടും എന്തിനോടും തന്റെ വിചാരങ്ങളെ തുറന്നു പറയാനുള്ള ആർജ്ജവം ചെറുകാട് നേടുന്നത്. വിദ്യാർത്ഥിയായും അധ്യാപകനായും വൈദ്യനായും കൃഷിക്കാരനായും ഗൃഹസ്ഥനായും രാഷ്ട്രീയ സാമൂഹിക പ്രവർത്തകനായും എഴുത്തുകാരനായും പരിണമിച്ച ചെറുകാടിന്റെ ജീവിത സമരങ്ങളെ ഈ ഗ്രന്ഥം അടയാളപ്പെടുത്തുന്നു. അതിവൈകാരികമായ ദൗർബല്യം തളർത്തിയ സാഹചര്യങ്ങൾ തിരിച്ചറിയുകയും തിരുത്തുകയും ചെയ്ത സന്ദർഭങ്ങൾ തുറന്നെഴുതുന്നുണ്ട് ചെറുകാട്. ഒരു നോവലിന്റെ മിഴിവോടെ വായിച്ചെടുക്കാൻ കഴിയും എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ആകർഷണീയത. മനോഹരമായ ഒരു നോവലിന്റെ ആസ്വാദ്യത പകർന്നു തരുന്നതാണ് ഇതിന്റെ വായനാനുഭവം. കാല്പനികതയുടെ സൂക്ഷ്മവും സുന്ദരവുമായ ഭാവങ്ങൾ ഭാവസാന്ദ്രമായ ഭാഷയിലൂടെ ഇതിൽ അവതരിപ്പിക്കപ്പെടുന്നു.

മരുമക്കത്തായ ഭരണവും തറവാടിത്തവും പാരമ്പര്യവും കൂട്ടിക്കുഴച്ച വ്യക്തിത്വമാണ് കുഞ്ഞമ്മാവന്. ഒരേസമയം പാരമ്പര്യവാദിയും സ്വതന്ത്ര ചിന്താഗതിയുള്ള ആളായും എന്ത് എതിർപ്പുകൾക്കിടയിലും മരുമകനായ ചെറുകാടിനോട് വാത്സല്യമുള്ള ആളായും അദ്ദേഹം മാറുന്നുണ്ട്. അച്ഛന്റെ




മോഹങ്ങളിലൂടെയാണ് ലക്ഷ്മിക്കുട്ടിപിഷാരസ്യാരും ചെറുകാടിന്റെ ജീവിതത്തിലേക്ക് എത്തിച്ചേരുന്നത്. പ്രണയിനിയായും ഭാര്യയായും അനുഭവിച്ച ചപലതകളും അതിവൈകാരികതകളും ചെറുകാട് തുറന്നെഴുതുന്നു. സാധാരണ അധ്യാപികയിൽ നിന്ന് രാഷ്ട്രീയ ബോധ്യമുള്ള സ്ത്രീയായി നിർണായകാവസരങ്ങളിൽ ചെറുകാടിന് ധൈര്യം കൊടുത്ത് നിർത്തുന്നതും അവരാണ്.

കോളറ എന്ന ഭീകര രോഗത്തെ വകവയ്ക്കാതെ സന്നദ്ധ സേവനത്തിന് ഇറങ്ങിയ നല്ലോളി കുഞ്ഞിക്കണ്ണൻ ജീവിതപ്പാതയിലെ അനുഭവമാണ്. കുടുംബത്തിലെ തറവാട്ടുകാര്യങ്ങൾ നടത്തുന്ന രാമനുണ്ണി പിഷാരടി സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന യുവാക്കളെ പ്രോത്സാഹിപ്പിക്കുന്ന വ്യക്തിയായിരുന്നു. 'കൂപമണ്ഡൂകമായിരുന്ന എന്നെ എനിക്കു കാട്ടിത്തന്ന ആൾ' എന്നാണ് ചെറുകാട് രാമനുണ്ണി പിഷാരടിയെ വിശേഷിപ്പിക്കുന്നത്. വിക്ടർ ഹ്യൂഗോയുടെ ലാമിറാബലെ എന്ന ഫ്രഞ്ച് നോവലിന്റെ മല




യാള പരിഭാഷയായ പാവങ്ങൾ ചെറുകാടിന് പറഞ്ഞുകൊടുത്തത് അദ്ദേഹമാണ്. പുസ്തകം വായിച്ചാൽ പുതിയ വെളിച്ചം കിട്ടുമെന്ന് ഉപദേശിച്ചത് അദ്ദേഹമായിരുന്നു. പാവങ്ങളാണ് ചെറുകാടിന്റെ രാഷ്ട്രീയ സാമൂഹിക സാഹിത്യ പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ സഹായിച്ച ഗ്രന്ഥം. നമ്മളൊന്ന് നാടകത്തിന്റെ ആദ്യ വായനയിൽ നാടകം കൊള്ളത്തില്ല എന്നു പറഞ്ഞ ടി. പി. ഗോപാലൻ പിന്നീട് ആ നാടകത്തിലൂട്ടിപങ്ങനായി വേഷമിടുന്നത് ഒരു ചരിത്ര നിയോഗമാണ്. 'എന്റെ ഇടത്തെ ചെകിട്ടത്തും ആഞ്ഞു ഒരു അടി വീണു. താമസം ഉണ്ടായില്ല, ഇടതു കൈകൊണ്ട് വലത് ചെകിട്ടത്തും. മാന്യനായ എന്നെ പോലീസ് അടിക്കുകയുണ്ടാവില്ല എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ആദ്യത്തെ അടി എന്റെ അഭിമാനത്തിന്റെ പടത്തിന്മേൽ വന്നു വീണപ്പോൾ തന്നെ ഞാൻ ശരാശരി മനുഷ്യനായി' എന്ന് ചെറുകാട് ആത്മകഥയിൽ ഒരിടത്തു പറയുന്നു. ഈ തുറന്നെഴുത്തായിരുന്നു ചെറുകാടിന്റെ രചനയുടെ സവിശേഷത.

ചെറുകാടിന് പ്രധാനമായും രണ്ട് ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. ലോകത്തെ മാറ്റണം ജീവിതം പുതുക്കണം. സമരോജ്ജ്വലമായ ജീവിതമാണ് നാട്ടുകാർക്ക് വേണ്ടി എഴുത്തിലൂടെയും തന്റെ പ്രവർത്തനങ്ങളിലൂടെയും നടത്തുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. 'എന്റെ മുരിങ്ങമരച്ചുവട്ടിൽ ഇരുന്ന് നക്ഷത്രം കാണാനാണ് എനിക്കിഷ്ടം' എന്നു തന്നെ അടയാളപ്പെടുത്തുകയും ചെയ്തു. പുറമേ പരുക്കനായ അദ്ദേഹം ഉള്ളിൽ വികാരവിക്ഷുബ്ധമായ ഒരു മനസ്സ് സൂക്ഷിച്ചിരുന്നു എന്ന് വായനയിലൂടെ നമുക്ക് കണ്ടെത്താം. സ്വന്തം സമൂഹത്തെ നയിക്കുമ്പോഴും ഒരു ശരാശരി മനുഷ്യന്റെ ദൗർബല്യങ്ങളിൽ അദ്ദേഹം ഇടയ്ക്ക് കുപ്പുകുത്താറുണ്ടായിരുന്നു. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും അഴിമതികളും കണ്ടുനിൽക്കാൻ ആവാതെ സമരങ്ങളിലേക്ക് നടന്നു നീങ്ങിയ ഒരൊറ്റയാന്റെ കാലടിപ്പാടുകളാണ് ജീവിതപ്പാത.

ഞാനൊരു അമ്പലവാസിയാണ് എന്ന് പറഞ്ഞാണ് ചെറുകാടിന്റെ ജീവിതപ്പാത ആരംഭിക്കുന്നത്. മരുമക്കത്തായ തറവാട്ടിലെ കാരണവരുടെ നിർഭയമായ പെരുമാറ്റവും കർക്കശമായ കുടുംബഭരണവും കാരണം വീട്ടിലുള്ളവർക്കെല്ലാം നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകളിൽ മനംനൊന്ത് ചെറുകാട് ചില ഉറച്ച തീരുമാനങ്ങൾ എടുക്കുന്നു. വലിയൊരു ആളാകണം കാരണവരെ മുട്ട് കുത്തിക്കണം കുടുംബത്തെ രക്ഷിക്കണം. ആ നിശ്ചയദാർഢ്യം ആണ് ചെറുകാടിനെ എഴുത്തുകാരനും കമ്മ്യൂണിസ്റ്റ് സഹയാത്രികനും ആക്കിയത്. 1948 മക്കരപ്പറമ്പ് ജാഥ കേസിൽ കുടുങ്ങി ഒളിവിൽ പോയ അദ്ദേഹം പിന്നീട് അറസ്റ്റിലായി മൂന്നുവർഷം ജയിൽ ശിക്ഷ അനുഭവിച്ചു. അമ്പലവാസിയായ ഒരു മനുഷ്യൻ ശരാശരി മനുഷ്യനായി മാറിയ അനുഭവങ്ങളുടെ ഘോഷയാത്രയാണ് ജീവിതപ്പാത.

കാലാതീതമായി നിലനിൽക്കുന്ന സവിശേഷതകളാണ് ഒരു സാഹിത്യകൃതിയെ മികവുറ്റതാക്കുന്നത്. ജീവിതപ്പാത പ്രസിദ്ധീകരിച്ച് അമ്പത് വർഷം കഴിഞ്ഞതിനു ശേഷം അത് പുതുമ നഷ്ടപ്പെടാതെ ജ്വലിച്ചു നിൽക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ 50 വർഷങ്ങളിൽ കേരളീയ സമൂഹം എങ്ങനെയാണ് ആധുനികവൽകൃതമായ മാറ്റങ്ങൾക്ക് വിധേയമായത് എന്ന ചോദ്യത്തിനുള്ള ഉത്തരങ്ങളും വിശദീകരണങ്ങളും ജീവിതപ്പാതയിൽ ഉണ്ട്. എഴുപത്താറധ്യായങ്ങളുള്ള ഈ പുസ്തകത്തിലെ ഓരോ അധ്യായവും ഒരു നോവലോ ചെറുകഥയോ പോലെ നമുക്കനുഭവപ്പെടും. 1976 ലെ കേരള സാഹിത്യ അക്കാദമി അവാർഡും 1977 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും കരസ്ഥമാക്കിയ ജീവിതപ്പാതയ്ക്ക് അവതാരിക എഴുതിയത് ഇ.എം.എസ് നമ്പൂതിരിപ്പാടാണ്.

**വിവേക് ജേക്കബ് എബ്രഹാം**
കാത്തോലിക്കേറ്റ് കോളജ്, പത്തനംതിട്ട

# നവകേരളത്തിന് വിജ്ഞാന കേരളം പദ്ധതി - ഒരു ആമുഖം

ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ് കേരളത്തിന്റെ പുതിയ വികസന കാഴ്ചപ്പാട്. പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള വികസന നയങ്ങൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് മറ്റുള്ള പ്രദേശങ്ങൾക്ക് അപ്രാപ്യമായ മെച്ചപ്പെട്ടൊരു ജീവിതം ഉറപ്പാക്കി. മെച്ചപ്പെട്ട കൂലി, എല്ലാവർക്കും കിടപ്പാടം, സാർവ്വത്രിക വിദ്യാഭ്യാസ-ആരോഗ്യ- സാമൂഹ്യക്ഷേമ സൗകര്യങ്ങൾ എന്നിവയാണ് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തിയത്. ഈ നേട്ടങ്ങൾ അഭ്യസ്തവിദ്യരും ഉയർന്ന പ്രതീക്ഷകളുമുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കുന്നതിന് കാരണമായി അത്തരം സാമൂഹികാവസ്ഥയിൽ ഇവരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള ഉയർന്ന വരുമാനം നൽകുന്ന തൊഴിലുകൾ എങ്ങനെ കേരളത്തിൽ സൃഷ്ടിക്കാം എന്നതാണ് ഇന്ന് നമ്മൾ നേരിടുന്ന വെല്ലുവിളി . ഇതിന് ഇടതുപക്ഷ സർക്കാർ ആവിഷ്കരിച്ച രണ്ട് പദ്ധതികളുണ്ട്. ഒന്ന്, കേരളത്തിന്റെ പശ്ചാത്തലസൗകര്യ പിന്നോക്കാവസ്ഥ മറികടക്കുക. രണ്ട്, കേരളത്തെ ഒരു ജ്ഞാനസമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തുക. ഇവയിൽ ഒന്നാമത്തെ ലക്ഷ്യം കിഫ്ബിയും മറ്റു സംവിധാനങ്ങളും വഴി കൈവരിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ ലക്ഷ്യത്തിനായുള്ള ശ്രമമാണ്  ഇപ്പോൾ തുടങ്ങിയിരിക്കുന്നത്.

വിജ്ഞാന സമ്പദ് വ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹ നിർമ്മിതിയ്ക്ക് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടതുണ്ട്.

KERALA KNOWLEDGE ECONOMY MISSION

കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ്. ദീർഘ നാളായി കേരളത്തിലെ തൊഴിലില്ലായ്മ ദേശീയ ശരാശരിയുടെ 2 -3 മടങ്ങായിരുന്നു  എന്നാൽ 1990 കൾ മുതൽ അത് 4-5 മടങ്ങായി ഉയർന്നു. സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമാണ് തൊഴിലന്വേഷകരായ 25-35 ശതമാനം പേർക്ക് തൊഴിൽ ലഭിക്കുന്നില്ല. അതോടൊപ്പം യുവജനങ്ങളുടെ തൊഴിലില്ലായ്മാ നിരക്കും രൂക്ഷമാകുന്ന സാഹചര്യമാണുള്ളത്. യുവജനങ്ങൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ മൂലം ചെറുപ്പക്കാർ പഠനം തന്നെ വിദേശത്താകുന്ന പ്രതിഭാസം രൂപപ്പെട്ടിട്ടുണ്ട്.ഈ വെല്ലുവിളിയെ അടിയന്തിരമായി പരിഹരിക്കുക എന്ന ലക്ഷ്യം സ്വായത്തമാകണമെങ്കിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവർക്ക് അനുയോജ്യമായ വിജ്ഞാന തൊഴിലുകൾ സൃഷ്ടിക്കാൻ കഴിയണം ഇതിന്റെ ഉത്തരമായാണ് 2021-22 ലെ ബഡ്ജറ്റിൽ വിജ്ഞാന സമ്പദ് ഘടന എന്ന ആശയം മുന്നോട്ട് വച്ചത്.

ഒരു വൈജ്ഞാനിക സമൂഹത്തി

ന്റെ അല്ലെങ്കിൽ വിജ്ഞാന സമ്പദ്ഘടനയുടെ   സൃഷ്ടിയിൽ അറിവുകളെ ഉല്പന്നങ്ങളായി പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. മാത്രമല്ല സമ്പദ് ഘടനയെ ആധുനികമായ ശാസ്ത്ര സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ നവീകരിച്ച അഭ്യസ്തവിദ്യരായവർക്ക് അനുയോജ്യമായ തൊഴിലിടങ്ങൾ സൃഷ്ടിക്കാനുമാകണം. അതിനുതകുന്ന തൊഴിൽ മേഖലകളാവും ഇനി തുറക്കപ്പെടുക. അവിടെ സാമ്പ്രദായിക വിദ്യാഭ്യാസത്തിലൂന്നിയുള്ള തൊഴിൽ പരിശീലനവും നൈപുണി വികസനവും പലപ്പോഴും പരാജയപ്പെടുന്നതായി കാണാം. നിലവിലെ കേരളത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്തിച്ചേരുന്ന പുതുതലമുറ തൊഴിൽ അന്വേഷകരും, തൊഴിൽ നേടിയവരും ഒരു പോലെ തൊഴിലിടങ്ങളിൽ പൂരകമാവുന്നില്ല . ഇതിനു മാറ്റം വരണമെങ്കിൽ വിദ്യാർത്ഥി പഠിക്കുന്ന അടിസ്ഥാന വിഷയങ്ങളോടൊപ്പം,തൊഴിലുമായും ഉത്പാദന പ്രക്രിയയുമായും ബന്ധപ്പെടുത്തികൊണ്ടുള്ള നൈപുണി വികസന പരിശീലന പരിപാടി ആവശ്യമാണ്.  ഇവിടെയാണ് വിജ്ഞാനകേരളം പദ്ധതി ഒരു സുപ്രധാന നാഴികക്കല്ലാവുന്നത്. വിജ്ഞാന കേരളം ഒരു നവീകരണത്തിനു കൂടി ഊടും പാവും നെയ്യാൻ പ്രതിജ്ഞാബദ്ധമാവുന്നു.

### എന്താണ് വിജ്ഞാന കേരളം പദ്ധതി


വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിൽ ഒരു സുപ്രധാന മുൻകൈയാണ് വിജ്ഞാന കേരളം. സുസ്ഥിരവും വിജ്ഞാനാധിഷ്ഠിതവുമായ ഭാവി കെട്ടിപ്പടുക്കാൻ ജനകീയാസൂത്രണത്തിന്റെ മാതൃകയിൽ നടപ്പിൽ വരുത്തുന്ന ഒരു ജനകീയ ക്യാമ്പയിൻ. രണ്ടു ലക്ഷ്യങ്ങളാണ് ഈ ക്യാമ്പയിന് ഉള്ളത് ഒന്ന് തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരെ ആവശ്യമായ തൊഴിൽ മേളകളിൽ അണിനിരത്തി തൊഴിൽ ലഭ്യമാക്കുക. രണ്ടാമതായി വിദ്യാർത്ഥികൾക്ക് പഠന വിഷയവുമായി ബന്ധപ്പെട്ട് നൈപുണി പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,പ്രഫഷനലുകൾ, കമ്മ്യൂണിറ്റി അംബാസഡർമാർ, റിസോഴ്സ് പേഴ്സൺമാർ,ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങളുടെ സമന്വയമാണ് വിജ്ഞാന കേരളം പ്രതിഫലിപ്പിക്കുന്നത്. സന്നദ്ധ പ്രവർത്തനത്തിലും പങ്കാളിത്ത സ്വഭാവത്തിലുമാണ് ഈ പദ്ധതി മുന്നോട്ട് പോകുന്നത് . വിജ്ഞാന പത്തനംതിട്ട എന്ന വഴികാട്ടി.

വിജ്ഞാന കേരളം പദ്ധതിയുടെ തുടക്കം എന്ന് വിശേഷിപ്പിക്കാവുന്നത്  പത്തനംതിട്ട ജില്ലയിൽ 2024 ജനുവരിയിൽ നടന്ന അന്താരാഷ്ട്ര പ്രവാസി സെമിനാർ "മൈഗ്രേഷൻ കോൺക്ലേവ് 2024"-ന്റെ ഭാഗമായി ഉരുത്തിരിഞ്ഞു വന്ന കേരളത്തിന്റെ വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പ്രയാണത്തിൽ പ്രവാസ  സമൂഹത്തിന് ഒരു നിർണ്ണായക പങ്കുവഹിക്കാനാകും എന്ന നിഗമനത്തിൽ നിന്നാണ്. അതിന്റെ ഭാഗമായി ഇത്തരമൊരു പദ്ധതി മുൻ ധനകാര്യ മന്ത്രി  ഡോ തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ   പത്തനംതിട്ടയിൽ ഒരു പൈലറ്റ് പ്രൊജക്ടായി ”വിജ്ഞാന പത്തനംതിട്ട” പരീക്ഷിച്ചു. അതിൽ വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ പദ്ധതിയെ കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള സർക്കാർ ശ്രമമാണ് വിജ്ഞാന കേരളം പദ്ധതി.

കേരള നോളെജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും  സഹകരിച്ചു കൊണ്ട് നവകേരള സമൂഹസൃഷ്ടി ലക്ഷ്യമാക്കി വിജ്ഞാന കേരളം പദ്ധതി 2025 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത് .  ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതി ജ്ഞാനസമ്പദ്ഘടനയോടൊപ്പം ജ്ഞാനസമൂഹത്തിന്റെ മാനങ്ങളിലേക്കും നമ്മെ ഉയർത്തും എന്നതിൽ തർക്കമില്ല.

### കേരള നോളഡ്ജ് ഇക്കോണമി മിഷനും വിജ്ഞാന കേരളവും

ലോകത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുന്നതിനും കേരളത്തിലെ മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ വിജ്ഞാന തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും കേരള സർക്കാർ തുടക്കം കുറിച്ച പദ്ധതിയാണ് കേരള നോളെജ് ഇക്കോ



ണമി മിഷൻ.

കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനാണ് (കെ-ഡിസ്ക്) കേരള നോളെജ് ഇക്കോണമി മിഷന്റെ നിർവഹണ ചുമതല. വികേന്ദ്രീകൃത തൊഴിൽ മാതൃക പ്രോത്സാഹിപ്പിക്കുന്നതിനും, ആഗോള തൊഴിൽ കമ്പോളത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കാനും അതുവഴി ലഭ്യമാകുന്ന പുതുതലമുറ തൊഴിലുകൾ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കാനും മിഷൻ ലക്ഷ്യംവയ്ക്കുന്നു. സർക്കാർ ജോലിയും പൊതു മേഖലാ സ്ഥാപനങ്ങളിലുള്ള തൊഴിലവസരങ്ങളും പരിമിതമാണെന്നിരിക്കെ, അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ദേശീയ-അന്തർദേശീയ തലത്തിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന കോർപ്പറേറ്റ്-സ്വകാര്യ മേഖലയിലെ തൊഴിലുകൾക്കാവശ്യമായ നൈപുണ്യ പരിശീലനം നൽകി തൊഴിലിലേക്കെത്തിക്കുക എന്നതാണ് കേരള നോളെജ് ഇക്കോണമി മിഷൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ലക്ഷ്യപ്രാപ്തിക്കായി ഉദ്യോഗാർഥികളെയും തൊഴിൽ ദാതാക്കളെയും നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഒരു പൊതുഇടത്തിൽ കൊണ്ടുവന്ന് പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിന് സാധ്യമാക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം - ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) കേരള - ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ കേരള നോളഡ്ജ് ഇക്കോണമി മിഷൻ തയ്യാറാക്കിയിട്ടുണ്ട്.

### എന്താണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS)?

തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും നൈപുണ്യപരിശീലന ഏജൻസികളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനു വേണ്ടി വികസിപ്പിച്ചെടുത്ത ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS). തൊഴിൽ മേഖലയിലേക്കാവശ്യമായ മാനുഷികവി




ഭവത്തിന്റെ ലഭ്യതയും അവയുടെ വിതരണവും കൈകാര്യംചെയ്യുന്ന ഒരുപ്ലാറ്റ്ഫോമായി DWMS പ്രവർത്തിക്കുന്നു. തൊഴിലന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും നൈപുണ്യ പരിശീലന ഏജൻസികൾക്കും പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

തൊഴിലുടമകൾക്ക് അവരുടെ ആവശ്യകതകളെ അടിസ്ഥാനമാക്കി അനുയോജ്യമായ തൊഴിലന്വേഷകരെ കണ്ടെത്താനും, തൊഴിലന്വേഷകർക്ക് വിപണിയുടെ ആവശ്യകത മനസ്സിലാക്കി സ്വയംമെച്ചപ്പെടാനും നൈപുണ്യ പരിശീലനം നേടാനും ജോലികൾക്ക് അപേക്ഷിക്കാനുമുള്ള അവസരം ഈ പ്ലാറ്റ്ഫോമിലൂടെ സാധ്യമാകും.

### വിജ്ഞാന കേരളവും ഉന്നത വിദ്യാഭ്യാസ മേഖലയും

നവകേരളം വിജ്ഞാനസമൂഹത്തിലധിഷ്ഠിതമായിരിക്കണം എന്ന ലക്ഷ്യത്തോടെ കേരള വികസന മാതൃകയെ പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള ഗൗരവതരമായ ഇടപെടലുകൾ ഇടതുപക്ഷ സർക്കാരിന്റെ ഭാഗമായി നടന്നു വരുന്നുണ്ട്.അതിൽ സുപ്രധാനമായ ഒന്നാണ് ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമൂലമായ പരിവർത്തനം.സമ്പൂർണ സാക്ഷരതയും അധികാര വികേന്ദ്രീകരണ ജനകീയാസൂത്രണ മാതൃകയും കുടുംബശ്രീ യും സൃഷ്ടിച്ച കേരളത്തിന് ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിവർത്തനത്തിലൂടെ ഉരുത്തിരിയുന്ന വൈജ്ഞാനിക അടിത്തറയെ തൊഴിൽ ശേഷിയാക്കി പരിവർത്തിപ്പിച്ച് കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയാകുക എന്നത് അസാധ്യമായ ഒന്നല്ല.

എന്താണ് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖലയിൽ ഉണ്ടാവേണ്ട മാറ്റങ്ങൾ? തൊഴിൽ മേഖലയിൽ ആഗോള തലത്തിൽ ഉണ്ടാവുന്ന വികാസം എന്താണ്? അതിനനുരൂപമായി തൊഴിൽ നൈപുണി ഉള്ള തൊഴിൽ അന്വേഷകരാണോ നമ്മുടെ കൈവശമുള്ളത്? അതെങ്ങനെ തിരിച്ചറിയാം? അത്തരത്തിൽ നൈപുണി ആർജ്ജനത്തിൽ വിടവുകൾ ഉണ്ടെങ്കിൽ അവ എങ്ങനെ പരിഹരിക്കാം? നൈപുണി വികാസ സങ്കേതങ്ങൾ എങ്ങനെ തൊഴിലന്വേഷകരിലേക്ക് എത്തിക്കാം? അതിനായി കേരളത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സർക്കാർ സംവിധാനങ്ങളേയും കെ-ഡിസ്കിലൂടെയും, കേരള ക്നോളഡ്ജ് മിഷനിലൂടെയും കൂടുതൽ ജനകീയവും വികേന്ദ്രീകൃതവുമായി എങ്ങനെ ഇണക്കിച്ചേർക്കാം എന്നതാണ് വിജ്ഞാന കേരളം പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിക്കാൻ സർക്കാർ ശ്രമിക്കുന്നത്. .

**ശ്രീജ നാരായണൻ**
ശ്രീശങ്കര കോളജ്, കാലടി

# വിരാമചിഹ്നങ്ങൾ

അടർന്നോരേടിന്നിടയിലൂടെ
ഒലിച്ചിറങ്ങിയലിയുന്ന ബിന്ദുക്കൾ.
നിരർത്ഥകം, നിരൂപം, നിർഗുണമവ
ഏതൊടുക്കത്തിൻ വിരാമചിഹ്നങ്ങൾ!

ഗഹനചിന്തതൻ കുരുക്ഷേത്രഭൂവിൽ
മറുവാക്കുനേടാൻ അയൽവാക്കിനെ കൊന്ന
യോദ്ധാവുപേക്ഷിച്ച ഉടവാളുപോലെ.

പറയാത്ത വാക്കിൻ അർദ്ധവിരാമങ്ങളിൽ,
പ്രണയത്തിൻ അപൂർണ്ണ പൂർണ്ണതയിൽ
ഉന്മാദിനിയാം പ്രണയിനിയെപ്പോലെ.

ഒരുനെടുവീർപ്പിലനായാസം
അർത്ഥം പൂർണ്ണം, സംഗീതം!

**ഡോ. സോണി ജോൺ ടി.**
ക്രൈസ്റ്റ് കോളജ്, ഇരിങ്ങാലക്കുട

# സ്പോർട്സിലെ വർഗ്ഗ, വർണ്ണ വിവേചനങ്ങൾ

മനുഷ്യ പരിണാമദശയിലെ അവബോധ പരിവർത്തനകാലം (cognitive revolution stage) മുതൽക്കേ തങ്ങൾക്കിടയിൽ താരതമ്യം ചെയ്യുന്നതിനും തങ്ങളിൽ വർണ്ണത്തിലും ഘടനയിലുമൊക്കെ വ്യത്യസ്തരായവരെ മുൻവിധിയോടെ നോക്കികാണുന്നതിനും അത്തരത്തിൽ വിഭിന്നരായവർക്കുമേലെ അധീശത്വം സ്ഥാപിക്കാനുമുള്ള പ്രവണതകൾ മനുഷ്യരിൽ സജീവമായിരുന്നു. അതുപോലെതന്നെ തൊഴിലിൽ പ്രാവീണ്യമുള്ളവരെ നിർബന്ധിച്ചു കൂടെനിർത്താനും തൊഴിലെടുപ്പിക്കാനുമുള്ള പ്രവണതകളും. സംഘടിത കാർഷികവൃത്തിയുടെ ആവിർഭാവം അത്തരം പ്രവണതകൾക്ക് വേഗവും ഉശിരും കൂട്ടുകയും ചെയ്തു. ക്രമേണ പണിയിൽ മിടുക്കരായവരെ വിലകൊടുത്തുവാങ്ങുകയും വിൽക്കുകയും ചെയ്യുന്ന അടിമവ്യാപാരവും, നിർബന്ധിത വേലയും, കരാർ, ഉടമ്പടി തൊഴിൽവ്യവസ്ഥകളും നിലവിൽ വന്നു.

ഇത്തരമൊരു വ്യവസ്ഥിതിയുടെ ആവിർഭാവത്തോടെയാണ് കടൽ കടന്ന് ആഫ്രിക്കൻ വൻകരയിലെത്തിയ ഏറെ പരിഷ്കൃതരെന്നവകാശപ്പെട്ട യൂറോപ്യൻമാർ തീർത്തും അപരിഷ്കൃതവും മനുഷ്യത്വരഹിതവുമായ കാപ്പിരി വേട്ടയ്ക്കും കച്ചവടത്തിനും ഒരുമ്പെട്ടിറങ്ങിയത്. മെച്ചപ്പെട്ട ആയുധങ്ങളും സംഘടിതരീതികളും ആഫ്രിക്കയിലെ അടിമകളെ ഇത്തരക്കാരുടെ അനായാസ ഇരകളാക്കി മാറ്റി. തൊലിനിറവ്യത്യാസം വെയിലത്ത് തുടർച്ചയായി തൊഴിലെടുത്തുണ്ടാകുന്ന ബാഹ്യമാറ്റത്തിന്റെ ജനിതകവൽക്കരണത്തിനപ്പുറം ഒരു വർഗ്ഗത്തെ സൂചിപ്പിക്കുന്ന അടയാളമായി ക്രമേണ മാറുകയും ചെയ്തു. സവർണനെന്നാൽ ജോലിചെയ്യിപ്പിക്കുന്നവനും അവർണൻ വെയിലത്ത് ചോരനീരാക്കി പണിയെടുക്കുന്നവനുമെന്ന് മുദ്രകുത്തപ്പെട്ടതോടെ വർണ്ണവിവേചനം തൊഴിൽവൽക്കരിക്കപ്പെടുകയും അതിന്റെ സഹജമായ എല്ലാ ഉച്ചനീചത്തങ്ങളോടും ദുഷ്ടതകളോടും കൂടി മനുഷ്യസമൂഹത്തിൽ പത്തിവിടർത്തിയാടുകയും യഥേഷ്ടം വിഷം ചീറ്റുകയും ചെയ്തു.

സ്വാഭാവികമായും കായികമായി കാലങ്ങളോളം അത്യദ്ധ്വാനം ചെയ്തുവന്നിരുന്ന അടിമകളും അടിച്ചമർത്തപ്പെട്ടവരും സ്പോർട്സിന്റെ വളർച്ചയോടെ ആ മേഖലയിൽ മേൽക്കൈ നേടാൻ തുടങ്ങിയത് ആ മേഖലയെ മറ്റു മേഖലകളിലെന്ന പോലെ കയ്യടക്കി വെച്ചിരുന്ന സവർണർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. എന്നാൽ സ്പോർട്സിന്റെ നൈസർഗ്ഗിക രീതിതന്നെ കായികമായ സ്വാഭാവിക പ്രതിഭയിൽ അധിഷ്ഠിതമാണെന്നതുകൊണ്ട് ക്രമേണയാണെങ്കിലും പ്രതിഭയുള്ളവരും കായികമായി കഠിനദ്ധ്വാനം ചെയ്യാൻ കെൽപ്പുള്ളവരും അവർണ്ണരെന്നു കാലങ്ങളായി മുദ്രകുത്തപ്പെട്ടവരുമായവർ ആ രംഗത്ത് വെന്നിക്കൊടി പാറിച്ചു. സ്വാഭാവികമായും മറ്റുമേഖലകളിലെന്നപോലെ കായികരംഗത്തും വർഗ്ഗീയമായ ചേരിതിരിവുകളും അടിച്ചമർത്തലുകളും ധാരാളമായി ഉണ്ടായിട്ടുണ്ട്. പക്ഷേ, മേലേ പ്രസ്താവിച്ചപോലെ കായിക രംഗത്തെ പ്രകടനമികവിൻന്നാധാരമായ സംഗതികൾ വ്യത്യസ്തമായതുകൊണ്ടുതന്നെ അത്തരം ചേരിതിരിവുകളുടെ തീവ്രത കാലം ചെന്നതോടെ കുറയുക മാത്രമല്ല അത്തരം വർഗ്ഗീയമായ മുൻവിധികളെ ഒട്ടൊക്കെ കളത്തിനുപുറത്താക്കാനും കായികമേഖലക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും




കളത്തിനകത്തും പുറത്തും ഒളിഞ്ഞും തെളിഞ്ഞുമൊക്കെ വർഗ്ഗീയ പ്രവണതകൾ പ്രത്യക്ഷപ്പെടുന്നു എന്നത് വിസ്മരിക്കാനാവില്ല.

ലോകത്ത്  പൊതുവേയുണ്ടായിരുന്ന സാഹചര്യമായിരുന്നില്ല ഭാരതത്തിലേത്. മതാന്ധതയും വർഗ്ഗവ്യത്യാസങ്ങളും കുലംകുത്തി വാണിരുന്ന ഭാരതത്തിൽ,  യാഥാസ്ഥിതിക അടിമത്തത്തിൽനിന്നും വ്യത്യസ്തമായി, തൊഴിൽവിഭജനത്തെ ജാതിവൽക്കരിച്ച് സമൂഹത്തെ വിഭജിച്ചു വാഴുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. കൂടുതൽ ദുർഘടവും വൃത്തിഹീനവുമായ സാഹചര്യങ്ങളിൽ  തൊഴിലെടുത്തിരുന്നവരെ  അധഃകൃതരായി കരുതി അധികാരസ്ഥാനങ്ങൾ കയ്യാളിയിരുന്നവർ ഭരിച്ചു വന്നു. കീഴ്ജാതിയിൽപെട്ടവർ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും കാഴ്ച്ചവട്ടത്തുപോലും വരാൻ പാടില്ലാത്തവരുമായി കഴിഞ്ഞ ഇരുണ്ട കാലഘട്ടത്തിൽനിന്നും കാലമേറെ ചെന്നിട്ടും ഇന്നും പരിപൂർണ്ണ മുക്തി നേടാൻ  ഭാരതത്തിനായിട്ടില്ല. ഇത്തരം ഉച്ചനീചത്തങ്ങൾ സമൂഹത്തിൽ പൊതുവേയെന്നപോലെ ഇന്ത്യയിലെ കായികരംഗത്തും നിലനിൽക്കുന്നുണ്ട്.  ടോക്കിയോ ഒളിമ്പിക്സിൽ ഉജ്ജ്വലപ്രകടനം കാഴ്ച്ചവെച്ച് സെമിഫൈനലിൽ എത്തിയ ഇന്ത്യൻ വനിതാ ടീമിലെ മിന്നും താരമായ ഹരിദ്വാർ നിവാസി വന്ദനാ കട്ടാരിയക്കും കുടുംബത്തിനും  നേരിടേണ്ടിവന്ന ജാതീയാധിക്ഷേപങ്ങൾ ഭാരതത്തിൽ ഇന്നും നിലനിൽക്കുന്ന ജാതീയ വേർതിരിവുകളുടെ ഉദാഹരണമായി കണക്കാക്കണം. തീർച്ചയായും ജാതീയമായ വിവേചനങ്ങളെ മറികടക്കാൻ ലോകത്തെമ്പാടുമെന്നപോലെ ഭാരതത്തിലും ഒട്ടൊക്കെ സ്പോർട്സിനായിട്ടുണ്ടെങ്കിലും വർണ്ണ, വർഗ്ഗ വിവേചനങ്ങൾ മറ്റിടങ്ങളിലെന്നപോലെ ഭാരതത്തിലും ഇന്നും സജീവമായി നിലനിൽക്കുന്നു.

വെളുത്തവരും കറുത്തവരും ഏറെയുണ്ടായിരുന്ന ഐക്യനാടുകളിലാണ് കായികരംഗത്തെ വംശീയാധിക്ഷേപം ഏറ്റവും രൂക്ഷമായി നിലനിന്നിരുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിച്ചടുപ്പിക്കാനുള്ള ഒരു മായികശക്തി സ്പോർട്സിനുള്ളതുകൊണ്ടുതന്നെ വർഗ്ഗ വർണ്ണവ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങളും സ്പോർട്സിലേർപ്പെട്ടിരുന്നത്  സ്വാഭാവികമായിരുന്നു. കായികമായ കഴിവുകൾക്ക് സ്പോർട്സിൽ വിധിനിർണ്ണായക സ്ഥാനമുണ്ടായിരുന്നതുകൊണ്ടുതന്നെ നൂറ്റാണ്ടുകളുടെ കായികാദ്ധ്വാനത്തിലൂടെ

പാരമ്പര്യമായിത്തന്നെ കായിക മായി മുന്നിട്ടുനിന്നിരുന്ന കറുത്ത വർഗ്ഗക്കാരെ സ്പോർട്സിൽനിന്ന് ഒഴിച്ചുനിർത്തുക അസാധ്യമായി രുന്നു. പക്ഷേ, വെളുത്തവർക്ക് ഏറെ സ്വാധീനമുണ്ടായിരുന്ന കായികരംഗത്ത് പലതരത്തിലുള്ള വിവേചനവും അനീതിയും ആഫ്രി ക്കൻവംശജർക്കും അർദ്ധവർണ്ണ ക്കാർക്കും ആദിമ ഇന്ത്യക്കാർക്കും നേരിടേണ്ടി വന്നു. പ്രമുഖ കായിക സാമൂഹ്യ ശാസ്ത്രജ്ഞനും എഴുത്തു കാരനുമായ ജാക്ക് ഓൾസൺ പറയുന്നത് ശ്രദ്ധിക്കുക "സംഘ ടിത കായിക പരിശീലനത്തിന്റെ ആരംഭകാലഘട്ടങ്ങളിൽ കൊടിയ അനീതിയാണ് ആഫ്രിക്കൻ വം ശജർക്ക് നേരിടേണ്ടിവന്നത്. ഒരു വെളുമ്പൻ അഞ്ചോ ആറോ തവണ തെറ്റു വരുത്തിയാലും ടീമിനു പുറ ത്തുപോകുകയില്ല, പക്ഷേ ഒരു കറു മ്പൻ ആദ്യത്തെ തെറ്റിനു തന്നെ സാധാരണ ഗതിയിൽ ടീമിനു പുറത്തുപോയിരിക്കും".

സ്പോർട്സിനെ വംശീയമായി ഉപ യോഗിച്ചതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമായിരുന്നു 1936ൽ നാസി ജർമ്മനി സംഘടിപ്പിച്ച വേനൽ ക്കാല ഒളിമ്പിക് മത്സരങ്ങൾ. താൻ സംഘടിപ്പിക്കുന്ന ഒളിമ്പി ക്സിനെ ആര്യവംശത്തിന്റെ മേൽ ക്കോയ്മ സ്ഥാപിച്ചെടുക്കാനുള്ള അവസരമാക്കി മാറ്റാൻ ഹിറ്റ്ലർ തീരുമാനിച്ചുറക്കുകയും ജർമ്മൻ ടീമിന്റെ തെരെഞ്ഞെടുപ്പുപോലും വംശത്തെ അടിസ്ഥാനമാക്കി നട ത്തുകയും ചെയ്തു. ജർമ്മൻ ദേശീയ റെക്കോർഡിനുടമയായ യഹൂദ വം ശജയായ ഹൈജമ്പ് താരം മാർ ഗരറ്റ് ലാംബർടിനെ ഒഴിവാക്കാൻ കാരണം അവരുടെ വംശം തന്നെ. എല്ലാ അർത്ഥത്തിലും ബെർലിൻ ഒളിമ്പിക്സ് കായികരംഗത്തെ വംശീയതയുടെ പ്രഭവകേന്ദ്രമായി തീരുകയും ചെയ്തു. ഹിറ്റ്ലറുടെ അപ്രീതിക്കു പാത്രമാകാതെ സ്വന്തം റിലേ ടീമിലെ രണ്ടു യഹൂദ താരങ്ങളെ പുറത്തിരുത്തി ഐക്യനാടുകളിലെ ടീമധികൃതരും ഹിറ്റ്ലർക്ക് കുഴലൂതി. അതുപോ ലെ തന്നെയായിരുന്നു തന്റെ ജന്മദേശമായ ഓസ്ട്രിയക്കെതിരെ ലാറ്റിനമേരിക്കൻ രാജ്യമായ പെറു നേടിയ ഫുട്ബോൾ വിജയം അം ഗീകരിക്കാൻ ഹിറ്റ്ലർക്ക് കഴിയാ തെപോയതും.

ബർലിനിൽ ട്രാക്ക് ആന്റ് ഫീൽ ഡിൽ നാലു സ്വർണ്ണ മെഡലുക ളോടെ ഇതിഹാസതുല്യ പ്രകടനം നടത്തിയ ജെസീ ഓവൻസ് എന്ന നീഗ്രോ അത്ലിറ്റിനെ അഭിനന്ദി ക്കാൻ പോലും ഹിറ്റ്ലർ തയ്യാ റായില്ല. ആര്യവംശം മാത്രമാണു ശ്രേഷ്ഠമെന്നുറച്ചു വിശ്വസിച്ചിരുന്ന ഹിറ്റ്ലർക്കും അയാളുടെ നാസി പാർട്ടിക്കും അവർ താഴെതട്ടിൽ പെടുത്തിയിരുന്ന ഒരു നീഗ്രോ വം ശജന്റെ ലോകം കീഴടക്കുന്ന പ്രക ടനം ഒട്ടും സഹനീയമായിരുന്നില്ല. ഒളിമ്പിക് മെഡൽ ജേതാവായതി നുശേഷവും തനിക്കു നേരിടേണ്ടി വന്ന വിവേചനങ്ങളെക്കുറിച്ച് ജെസ്സി ഓവൻസ് വിവരിക്കുന്നു ണ്ട്. "ഹിറ്റ്ലർ എനിക്ക് കൈതരാ ത്തത് പോകട്ടെ എന്നുവെക്കാം. ഒളിമ്പിക് ജേതാക്കൾക്കായി സ്വന്തം രാജ്യത്തെ പ്രസിഡന്റ് തന്റെ ഔദ്യോഗിക വസതിയിൽ വെച്ചുനടത്തിയ വിരുന്നിലേക്ക് തന്നെ ക്ഷണിക്കാത്തതിനെക്കു റിച്ച് ഞാനെന്തുപറയും". ബസിനു





മുൻവശത്തിരുന്ന യാത്രചെയ്യാൻ അനുമതിയില്ലാത്തതിനെക്കുറിച്ചും, റെസ്റ്റോറന്റുകളിൽ പ്രവേശനമില്ലാതിരുന്നതിനെക്കുറിച്ചുമൊക്കെയുള്ള അദ്ദേഹത്തിന്റെ വാക്കുകളിൽ ഒളിമ്പിക് ചരിത്രത്തിലെ ഏറ്റവും മികച്ച അത്‌ലറ്റുകളിൽ ഒരാളായിരുന്നിട്ടും നേരിടേണ്ടിവന്ന വിവേചനത്തെക്കുറിച്ചുള്ള തീരാവേദനയുണ്ട്. എന്നാൽ ജെസി ഓവൻസിന്റെ ലോകവിജയം ആഫ്രോ-അമേരിക്കാർക്ക് മാത്രമല്ല, ലോകമെമ്പാടുമുള്ള കറുത്തവർഗ്ഗകാർക്ക്, അവരുടെ സ്വത്വാന്വേഷണത്തിന് പുതിയമാനവും അർത്ഥവും പ്രചോദനവും നൽകിയെന്നത് അവിതർക്കിതമാണ്.

ധ്യാൻചന്ദിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഹോക്കി ടീമിന്റെ പ്രകടനവും നാസി ജർമ്മനിയുടെ ഹുങ്കിനേറ്റ വലിയ ആഘാതമായിരുന്നു. ഒളിമ്പിക്സിനു മുന്നെയുള്ള പരിശീലനമത്സരത്തിൽ ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്ന ജർമ്മനി. ഏറെ പ്രതീക്ഷയോടെ ഫൈനൽ വീക്ഷിക്കാനെത്തിയ ഹിറ്റ്‌ലർക്ക് ജർമ്മനിയുടെ ദയനീയ പരാജയം കണ്ട് മത്സരമധ്യേ സ്റ്റേഡിയം വിട്ടു പോകേണ്ടിവന്നു. തന്റെ പരിശുദ്ധ ആര്യൻടീമിനെ ഇന്ത്യയെപോലൊരു ടീം തോൽപ്പിക്കുന്നത് അദ്ദേഹത്തിന് സഹിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. വിജയികളെ ആദരിക്കാൻ വൈകിട്ട് നടത്തിയ സൽക്കാരത്തിൽ വെച്ച് ഹിറ്റ്‌ലർ ധ്യാൻചന്ദിനെ ജർമ്മൻ സേനയിൽ ചേരാൻ ക്ഷണിച്ചുവെന്നത് ഇന്ത്യയിലെ ചില മാധ്യമങ്ങളിൽ കൊട്ടിഘോഷിക്കപ്പെട്ട വാർത്തയായിരുന്നു. പക്ഷേ അത്തരം വാദങ്ങൾക്ക് വസ്തുതാപരമായ ആധികാരികതയില്ല. മാത്രമല്ല ആര്യവംശ ശുദ്ധി ഏറ്റവും പ്രധാനമായിക്കണ്ട ഹിറ്റ്‌ലർ, ധ്യാൻചന്ദിന് അത്തരമൊരു വാഗ്ദാനം നൽകാനുള്ള യാതൊരു സാധ്യതയുമില്ലെന്ന് ചരിത്രകാരർ അഭിപ്രായപ്പെടുന്നു. ജെസ്സീ ഓവൻസിനു കിട്ടാത്ത പരിഗണന ആര്യവംശത്തിലെ അകന്ന ബന്ധുവെന്ന ഗണത്തിൽപ്പെടുത്തി ധ്യാൻചന്ദിനു നൽകാൻ അദ്ദേഹത്തിന്റെ മാസ്മരിക പ്രകടനം ഹിറ്റ്‌ലറെ പ്രേരിപ്പിച്ചിട്ടുണ്ടാകുമോ എന്നതൊരു കടംകഥയാണ്.

ജെസ്സീ ഓവൻസിനുശേഷം കറുത്തവർഗ്ഗക്കാരുടെ ഏറ്റവും വലിയ ആവേശമായിരുന്ന വിൽമ റുഡോൾഫ് എന്ന വനിതാ താരം. ചെറുപ്പത്തിൽ പോളിയോ പിടിപ്പെട്ട് നടക്കാൻ പോലുമാകാതിരുന്ന വിൽമ, അന്നു സമൂഹത്തിൽ നിലനിന്നിരുന്ന വംശീയ വേർതിരിവുകളെയും ശാരീരിക വൈകല്യത്തെയും തീവ്രമായ സ്വപരിശ്രമം കൊണ്ട് മറികടന്നാണ് വിജയവഴികൾ താണ്ടിയത്. 1960 ലെ റോം ഒളിമ്പിക്സിന്റെ താരമായിരുന്ന വിൽമയെ സ്വീകരിക്കാനാണ് അവരുടെ ജന്മദേശമായ ക്ളാർക്സ്വില്ലയിലെ പൗരാവലി ആദ്യമായി വർണ്ണത്തിന്റെ അതിർവരമ്പുകളെ ഭേദിച്ചുകൊണ്ട് ഒന്നിച്ചെത്തിയത്. സ്പോർട്സ് വിഭാവനം ചെയ്യുന്ന ഐക്യത്തിന്റെ ഒരു പുതുകാഴ്ചയായിരുന്നു ഐക്യനാടുകളിലത്. എന്നാൽ, വർണ്ണവിവേചനത്തിനെതിരെയുള്ള ഏറ്റവും തീക്ഷ്ണമായ പ്രതിഷേധമായിരുന്നു 1968 ലെ മെക്സിക്കോ ഒളിമ്പിക്സിലെ പുരുഷന്മാരുടെ 200 മീറ്റർ ഓട്ടമത്സരത്തിന്റെ മെഡൽദാനചടങ്ങിനിടെ അരങ്ങേറിയ 'ബ്ളാക്ക് പവർ സല്യൂട്ട്' പ്രതിഷേധം. കായികരംഗത്തെ വർണ്ണവിവേചനത്തെ ലോകത്തിനു മുന്നിൽ ഇത്രമേൽ തുറന്നുകാട്ടിയ വേറൊരു പ്രതിഷേധം ലോകം അതിനു മുൻപോ ശേഷമോ കണ്ടിട്ടില്ല. ആ പ്രതിഷേധത്തിന് മുന്നിൽ ലോകം അക്ഷരാർത്ഥത്തിൽ തരിച്ചുനിന്നു. എത്ര തീവ്രമായിരുന്നു അന്നു കായികരംഗത്ത് നിലനിന്നിരുന്ന വിവേചനമെന്ന് ലോകത്തിനു മുന്നിൽ തുറന്നുകാ

ട്ടിയ സംഭവം കൂടിയായിരുന്നു
അത്. ഇന്ന് ഐക്യനാടുകളിലെ
കായികതാരങ്ങൾക്ക്  വംശീയവി
വേചനമില്ലാതെ അർഹമായ പരി
ഗണന ലഭിക്കുക്കുന്നതിന് പ്രേരക
മായി വർത്തിച്ചത് ബ്ളാക്ക് പവർ
സല്യൂട്ടിലൂടെ തങ്ങൾ നേരിട്ടിരുന്ന
കൊടിയ വിവേചനവും അവഗണ
നയും ദാരിദ്ര്യവും തങ്ങളുടെ മികവി
ന്റെ ഔന്നിധ്യത്തിൽ ലോകത്തോ
ട് വിളിച്ചുപറയാൻ അസാധാരണ
ധൈര്യം പ്രകടിപ്പിച്ച ടൊമ്മി
സ്മിത്തും  ജോൺകാർലോ സുമാ
ണെന്ന്  നിസ്സംശയം പറയാം.
2008 ഓഗസ്റ്റ് 21 ന് തന്റെ 22 ആം
ജന്മദിനമാഘോഷിച്ച ഉസൈൻ
ബോൾട്ടിനെത്തേടി ഒരു സമ്മാ
നമെത്തി. 1968 ൽ മെക്സിക്കോ
ഒളിമ്പിക്സിൽ ടൊമ്മിയണിഞ്ഞിരു
ന്ന സ്പൈക്കുകളിലൊന്നായിരുന്നു
അത്. തനിക്കു ലഭിച്ച ഒളിമ്പിക്
മെഡലുകളേക്കാളുപരിയായി ആ
സമ്മാനത്തെ ബോൾട്ട് കരുതിയ
തിന്റെ കാരണം പ്രത്യേകം പറയേ
ണ്ടതില്ലല്ലോ.

ഐക്യനാടുകൾ കഴിഞ്ഞാൽ
അത്തരം വിവേചനങ്ങൾ ശക്തമാ
യി നിലനിന്നിരുന്ന രാജ്യങ്ങളി
ലൊന്ന് ഓസ്ട്രേലിയയായിരുന്നു.
അതിന്റെ തീവ്രത എത്രത്തോളമാ
യിരുന്നുവെന്ന് പീറ്റർ നോർമാന്റെ
അനുഭവപശ്ചാതലത്തിൽനിന്നും
വായിച്ചെടുക്കാവുന്നതേയുള്ളൂ. ബ്ലാ
ക്ക് പവർ സല്യൂട്ട് പ്രതിഷേധം
നടക്കുമെന്നറിഞ്ഞറിഞ്ഞിട്ടും അത്
അധികൃതരെ അറിയിച്ചില്ലെന്ന
തുമാത്രമല്ല അതിനു വൈകാരിക
മായ പിന്തുണ നൽകുകയും ചെയ്തു
എന്നതായിരുന്നു പീറ്ററിന്റെ കുറ്റം.
തൊട്ടടുത്ത 1972 ലെ ഒളിമ്പിക്സിന്
പലതവണ യോഗ്യത നേടിയിട്ടും
പീറ്ററിനെ ടീമിലുൾപ്പെടുത്താൻ
ഓസ്ട്രേലിയൻ അധികാരികൾ
തയ്യാറായില്ല. അദ്ദേഹത്തോട്
ചെയ്ത അനീതികൾക്ക് അദ്ദേഹ
ത്തിന്റെ മരണശേഷം ഓസ്ട്രേലി
യൻ പാർല്യമെന്റ് മാപ്പുപറഞ്ഞെ
ങ്കിലും സ്പോർട്സിലെ വർഗ്ഗീയ
തെക്കെതിരെ പീറ്റർ നടത്തിയ
നിശ്ശബ്ദ സമരങ്ങൾ വിസ്മരിക്കാ
നാവില്ല.

ഓസ്ട്രേലിയയിൽ നിലനിന്നിരുന്ന
തീവ്ര വർഗ്ഗീയതയുടെ തിക്തഫലം
ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി
വന്നത് അവിടത്തെ ആദിമവർ
ഗ്ഗക്കാർക്കായിരുന്നു (aborigins)
എന്നത് സ്വാഭാവികം. തങ്ങളുടെ
ഭൂമിയും വാസസ്ഥലവുമെല്ലാം നഷ്ട
മായ അവരെ പരിഷ്കൃതരാക്കാനാ
യി കുട്ടികളെ മാതാപിതാക്കളിൽ
നിന്നും വേർപ്പെടുത്തിയെടുത്ത്
വളർത്തിയത് കണ്ണിയറ്റ തലമുറക
ളെ  സൃഷ്ടിച്ചതല്ലാതെ ആദിമവർഗ്ഗ
ക്കാരെ തങ്ങൾക്കൊത്ത പരിഷ്കൃത
രാക്കാൻ വെള്ളക്കാർക്ക് കഴിഞ്ഞി
ല്ല. അത്തരം വിവേചനങ്ങളെക്കുറി
ച്ചുള്ള നേർക്കാഴ്ചകളാണ് സിഡ്നി
ഒളിപിക്സിലെ സ്വർണ്ണജേത്രിയും
ലോകം കണ്ട ഏറ്റവും മികച്ച 400
മീറ്റർ ഓട്ടക്കാരികളിൽ ഒരാളുമായ
കാത്തീ ഫ്രീമാന്റെ അനുഭവക്കു
റിപ്പുകൾ. കൊച്ചുകുട്ടിയായിരിക്കു
മ്പോൾ സ്കൂളിൽ ഓട്ടമത്സരത്തിൽ
പങ്കെടുക്കുമ്പോൾ തനിക്കുണ്ടായ
അനുഭവങ്ങൾ കാത്തീ വികാര
തീവ്രതയോടെ വിവരിക്കുന്നുണ്ട്.
ഓട്ടത്തിൽ കാത്തീ ആദ്യമെത്തി
യാലും സമ്മാനം ലഭിച്ചിരുന്നത്
രണ്ടാമതെത്തുന്ന വെള്ളക്കാരി
പെൺകുട്ടിക്കായിരുന്നത്രേ.
എന്നാൽ അത്തരം നീതിനിഷേ
ധങ്ങൾ തന്നെ കൂടുതൽ വേഗത്തി
ലോടാൻ കരുത്തയാക്കിയെന്നും
അവർ വെളിപ്പെടുത്തുന്നു. മാത്രമല്ല



മാതാപിതാക്കളിൽനിന്നും വേർപ്പെടുത്തപ്പെട്ട നഷ്ടതലമുറകളെക്കുറിച്ചും വളർച്ചയുടെ വിവിധഘട്ടങ്ങളിൽ അത് സൃഷ്ടിച്ച വൈകാരിക സംഘർഷങ്ങളെക്കുറിച്ചും സ്വന്തം അനുഭവത്തിൽനിന്നും അവർ വരച്ചുകാട്ടുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് 2000 സിഡ്നി ഒളിമ്പിക്സിലെ സുവർണ്ണപെൺകുട്ടിയായ കാത്തീയുടെ വിജയം ഓസ്ട്രേലിയയിലെ ആദിമവർഗ്ഗക്കാരുടെയും അവരുടെ 'നഷ്ടതലമുറകളുടെ'യും വിജയമായി ലോകമെമ്പാടും ആഘോഷിക്കപ്പെട്ടത്.

വർണ്ണവിവേചനം ഏറ്റവും തീവ്രമായി നിലനിന്നിരുന്ന മറ്റൊരു രാജ്യം ദക്ഷിണാഫ്രിക്കയായിരുന്നു. അവിടത്തെ വർണ്ണവിവേചനവും അതിനെത്തുടർന്നുള്ള രാഷ്ട്രീയ സാഹചര്യങ്ങളും കായിക ബഹിഷ്കരണങ്ങളുമെല്ലാം വിശദമായി നാലാം അധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. ഇത്തരം വിവേചനങ്ങളെ സംഘടിതമായി നേരിടാനുള്ള ശ്രമങ്ങൾ കായികരംഗത്തുനിന്നു തന്നെ ഉണ്ടായിട്ടുണ്ട്. അന്താരാഷ്ട്രക്രിക്കറ്റിൽനിന്നും മറ്റു കായികമാമാങ്കങ്ങളിൽനിന്നും ഒഴിച്ചുനിർത്തപ്പെട്ട ദക്ഷിണാഫ്രിക്ക അന്താരാഷ്ട്ര കായികരംഗത്തേക്ക് തിരിച്ചുവന്നത് തദ്ദേശീയരായവരുടെ അധികാരമേൽക്കലിനുശേഷം മാത്രമാണ്.

വർഗ്ഗത്തിനും വംശത്തിനും വർണ്ണത്തിനും ഭാഷയ്ക്കും ദേശത്തിനും സംസ്കാരത്തിനുമൊക്കെ മീതെ ശുദ്ധ കായിക പ്രകടനത്തിലൂടെ ജനഹൃദയങ്ങളിൽ കുടിയേറാൻ കായികതാരങ്ങൾക്കാവുമെന്നതുകൊണ്ട് തന്നെ സ്പോർട്സും അതിലെ വീരനായികാനായകരും മനുഷ്യമനസ്സുകളെ ശുദ്ധീകരിച്ച് ഇഴയടുപ്പത്തോടെ നിലനിർത്തുന്നതിൽ വലിയ സംഭാവനയാണ് മാനവരാശിക്ക് നൽകുന്നത്. സ്പോർട്സിനെ വംശീയതയുടെ വീക്ഷണത്തിലൂടെ നോക്കികാണുന്നവർ തുലോം കുറവാണെങ്കിലും 'നഞ്ചെന്തിനു നാനാഴി' എന്ന പഴഞ്ചൊല്ലിനെ സാധൂകരിക്കുന്നതാണവരുടെ കർമ്മം. എന്നാൽ അത്തരം കറകളെ കഴുകിക്കളഞ്ഞ് സമൂഹത്തെ ശുദ്ധിചെയ്തെടുക്കാനുള്ള സവിശേഷ കഴിവ് സ്പോർട്സിനുണ്ടെന്നത് സ്പോർട്സ് കാലങ്ങളായി തെളിയിക്കുന്നുണ്ട്. ഒരാൾ സ്പോർട്സിൽ പങ്കെടുക്കുമ്പോൾ അയാളറിയാതെ തന്നെ അയാളെ ശുചീകരിച്ചെടുക്കാൻ സ്പോർട്സിനു കഴിയുന്നു. അതുകൊണ്ടുതന്നെ വർഗ്ഗീയതക്കെതിരെയുള്ള മാനവരാശിയുടെ  സമരത്തിൽ ഏറ്റവും വലിയ പ്രതീക്ഷയാണ് സ്പോർട്സ്. സ്പോർട്സിനോളം സംഭാവന നൽകാൻ കെല്പുള്ള സാർവ്വദേശീയ സ്വീകാര്യതയുള്ള മറ്റുമേഖലകൾ വേറെ ഏറെയില്ല. അത്തരത്തിൽ സ്പോർട്സിനോട് ചേർന്നുനിൽക്കുന്ന മറ്റു രണ്ടുമേഖലകൾ കലയും സാഹിത്യവുമാണെന്നത് അവിതർക്കിതമാണ്.

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും കളിക്കളങ്ങളിലെ വംശീയത തീർത്തും വേരറ്റുപോയിട്ടില്ലെന്നത് ദുഃഖകരമായ സത്യമാണ്. അതിനെതിരെ സ്പോർട്സുയർത്തുന്ന പ്രതിരോധം എന്നത്തേക്കാളുമുപരിയായി കരുത്തോടെ മുന്നോട്ടുപോകുന്നുവെന്നത് പ്രതീക്ഷയുളവാക്കുന്നുണ്ട്. വംശീയതക്കെതിരെ ഇന്ന് ലോകത്ത് ഒട്ടേറെ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട് അവയുടെ ഒരു പട്ടിക ഈ അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്. ഇന്ന് എന്നത്തേക്കാളുമുപരി മികച്ച രീതിയിൽ വിവേചനങ്ങളെ ചെറുക്കാൻ കളിക്കളത്തിനുള്ളിൽ സ്പോർട്സിനാവുന്നുണ്ടെങ്കിലും ഗാലറികളിലും പുറത്തും അവയെ പ്രതിരോധിക്കാൻ സ്പോർട്സ് കൂടുതൽ സജ്ജമാവേണ്ടതുണ്ട്. ഇത്തരത്തിലുള്ള വിവേചനങ്ങളെ മറികടക്കാൻ മനുഷ്യരാശിയുടെ കൈവശമുള്ള ഏറ്റവും ശക്തമായ ആയുധം കൂടിയാണ് സ്പോർട്സ് എന്നതിൽ തർക്കമില്ല. അതിനാധാരം സ്പോർട്സിന്റെ മൂലപ്രമാണങ്ങളായ മികവും ഉൾക്കൊള്ളലുമാണ്. ഒരാൾ സമൂഹത്തിലെ ഏതു ഗണത്തിൽപ്പെട്ടയാളാണെങ്കിലും പ്രകടനത്തിനുതകുന്ന തികഞ്ഞ മനോചാലകഗുണങ്ങളുണ്ടെങ്കിൽ അയാളെ വിജയം കാംക്ഷിക്കുന്ന ഒരു സംഘത്തിനും പുറത്തുനിർത്താൻ കഴിയില്ല. ഒറ്റനോട്ടത്തിൽ തന്നെ മേൽ സൂചിപ്പിച്ച രണ്ട് ഘടകങ്ങളും വിപരീതദിശയിലുള്ളവയാണെന്ന മനസ്സിലാക്കാം. മികവ് ഒരു ഘടകമായി നിൽക്കുന്ന ഒരുരംഗത്തിനും സമൂഹത്തെ മുഴുവനായി ഉൾക്കൊള്ളുക എളുപ്പത്തിൽ പ്രാപ്യമായ സംഗതിയല്ല. കാരണം സമൂഹത്തിലെ അംഗങ്ങളുടെ മികവിലുള്ള ഏറ്റക്കുറച്ചിൽ തന്നെ. ഇവിടെ മേൽപ്പറഞ്ഞ രണ്ട് ഘടകങ്ങളിൽ ഉൾക്കൊള്ളൽ ഒരു ഘടകത്തെക്കാളുപരി പ്രക്രിയയാണ്. സ്പോർട്സിന്റെ സ്വഭാവസവിശേഷതകൾക്ക് ഈ ഉൾക്കൊള്ളൽ പ്രക്രിയയയിലൂടെ മികവിനതീതമായി ജനസഞ്ചയങ്ങളെ ഉൾക്കൊള്ളാനും ഒരുമിപ്പിക്കാനുമുള്ള കഴിവുണ്ട്. സ്പോർട്സിന്റെ അത്തരത്തിലുള്ള ഉൾക്കൊള്ളൽ തന്നെയാണ് സ്പോർട്സിന്റെ സാർവദേശീയ  സ്വീകാര്യതക്കാധാരവും. ഇത് സാധ്യമാവുന്നത് മികവിനെ സമൂഹം അംഗീകരിക്കുന്നതുകൊണ്ടും തങ്ങൾക്കന്യമായ മികവിനെ ആസ്വാദനത്തിലൂടെ മനുഷ്യരാശി നെഞ്ചേറ്റുന്നതുകൊണ്ടുകൂടിയാണ്.

സ്പോർട്സിന്റെ അത്തരം സവിശേഷതകളെ സമർത്ഥമായി ഉപയോഗിച്ച് കുട്ടികൾക്കിടയിലും മുതിർന്നവർക്കിടയിലും  വംശത്തിനും വർണ്ണത്തിനുമൊക്കെ അതീതമായ മനുഷ്യ സ്നേഹം വളർത്തിയെടുക്കാൻ സ്പോർട്സിനെ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. അതിൽത്തന്നെ കുട്ടികൾക്കിടയിൽ അത്തരമൊരു പ്രവർത്തനം ഈ കാലഘട്ടത്തിലെ അനിവാര്യതയാണെന്ന് നിസ്സംശയം പറയാം. വരും തലമുറകളെയെങ്കിലും അത്തരത്തിൽ ഒരുമിപ്പിക്കേണ്ടത് മാനവരാശിയുടെ സ്വൈരജീവിതത്തിനും മുന്നോട്ടുപോക്കിനും നിലനിൽപ്പിനും അത്യന്താപേക്ഷിതമാണ്. മാനവരാശിയുടെ അത്തരമൊരു പോരാട്ടത്തിൽ നിർണ്ണായകശക്തിയാണ് സ്പോർട്സ്.

**Dr. Saritha M**
NSS College Rajakumari

# Is ChatGPT responsible for Los Angeles Fires?

***Amid the devastating wildfires in Los Angeles, some social media users are pointing fingers at OpenAI's ChatGPT. The fires, which have burned over 17,200 acres, displaced tens of thousands and sparked heated discussions on climate policies and water management, have unexpectedly brought ChatGPT into the spotlight. But why has it become part of the debate?***

The wildfires in Los Angeles have been devastating. Over 12,000 structures were destroyed, 25 lives were lost, and approximately 100,000 residents were displaced. The fires scorched more than 17,200 acres of land, leaving both urban and rural areas in chaos. While the immediate cause of the fires is attributed to environmental factors like drought and high temperatures, some social media users have shifted their attention to AI technologies like ChatGPT, questioning their indirect role in exacerbating such disasters.

AI models, especially large ones like ChatGPT, do consume a lot of energy. Training these models is even more energy-intensive than using them. A single training run for a large AI model can use as much electricity as hundreds of homes do in a year. Training large AI models requires massive computational resources, which consume significant amounts of energy. For example, training a model like GPT-3 can emit hundreds of tons of $CO_2$. Even after training, using AI models (like ChatGPT) for queries or tasks (called "inference") also consumes energy. As the Goldman Sachs report highlights, a single ChatGPT query uses 2.9 watt-hours of electricity, which is nearly 10 times more than a Google search (0.3 watt-hours). This is because AI models process vast amounts of data and perform complex computations in real-time.

AI models, especially large language models, require billions of calculations to generate responses. This demands powerful hardware (like GPUs or TPUs) that consume substantial electricity. AI models are hosted in data centers, which require energy not only for computation but also for cooling and maintaining the

infrastructure. With millions of users interacting with AI systems daily, the cumulative energy consumption becomes significant.

The environmental cost of AI is huge, and water consumption is another underappreciated issue. AI models generate a lot of heat, so data centers require cooling, often using massive amounts of water. Shaolei Ren's research highlights how AI-driven water usage can be a hidden but significant factor in resource depletion.

The water footprint of AI is a big deal, and Ren's research sheds light on an often-overlooked consequence of large-scale AI adoption. Data centers require cooling, and that demand increases with rising AI usage. The impact also varies by location and season—servers in hotter climates or regions with limited water resources face even greater sustainability challenges.

HP Newquist, an artificial intelligence historian, explained that densely packed computers and chipsets in servers generate immense heat. "Running complex AI applications like ChatGPT requires immense amounts of computing power, which generates lots of heat 24 hours a day," he said. Building a large language model like ChatGPT involves analysing patterns in massive amounts of human-written text. This process requires massive computing power, which generates extreme heat. To prevent overheating, data centres rely on cooling systems, often using water pumped to cooling towers outside their warehouse-sized facilities, according to an Associated Press report. Beyond direct water use, there's also indirect consumption from the power plants supplying electricity to these data centers. If they rely on fossil fuels, they often need additional cooling, further compounding the issue.

The scale of this is staggering. If ChatGPT can consume half a liter of water in just 5–50 prompts, imagine the cumulative effect of millions of queries daily. Given AI's rapid expansion, it's clear that sustainable computing solutions are needed—whether through more efficient cooling systems, renewable energy, or regulations on AI infrastructure.

Microsoft is investing in research to measure AI's energy and carbon footprint while exploring ways to make large systems more efficient during both training and application. Training an AI model, especially large ones like GPT-4, requires thousands of





high-performance GPUs running for weeks or even months. These GPUs consume huge amounts of electricity, much of which still comes from fossil fuels. This results in the emission of hundreds of tons of $CO_2$ into the atmosphere.

A round-trip flight between New York and San Francisco emits roughly 0.9 metric tons of $CO_2$ per passenger. If training an AI model generates the same emissions as 300 such flights, it means the process produces about 270 metric tons of $CO_2$—a staggering amount.

The average car emits around 4.6 metric tons of $CO_2$ per year over a lifespan of 10–15 years, totaling roughly 50–70 metric tons of $CO_2$. Since AI model training emits five times this amount, it suggests that a single training run produces 250–350 metric tons of $CO_2$—more than what a car would emit in its entire lifetime.

Many data centers rely on electricity generated from fossil fuels (coal, natural gas, etc.), which contribute to $CO_2$ emissions and climate change. Some tech companies are transitioning to renewable energy sources (solar, wind, etc.) to power their data centers, but this shift is not yet universal. The carbon footprint of AI queries depends on the energy mix of the region where the data center is located. For example, a data center powered by coal will have a much higher carbon footprint than one powered by renewables.

The connection between AI energy use and climate change is real—more energy consumption means more reliance on power grids, many of which still depend on fossil fuels. This, in turn, contributes to global warming, creating the perfect conditions for wildfires, extreme weather, and ecosystem disruptions.

ChatGPT did not cause the wildfires in Los Angeles, nor is it the reason the city ran out of water. However, its environmental impact, as part of a broader conversation about AI's role in climate change, makes it indirectly relevant to discussions about the fires. Experts emphasize that the wildfires' primary causes are rooted in climate change and infrastructure limitations. The drought conditions in California, coupled with overwhelmed water systems, created the perfect storm for these fires. According to Martin Adams, former general manager of the Los Angeles Department of Water and Power, the city's infrastructure was not equipped to handle such extensive firefighting needs. Firefighters faced water shortages because the system was not equipped to pump such large amounts over extended periods, not because data centres diverted water, he said.

The online debate linking ChatGPT to the wildfires was not meant to blame AI models of starting fires. Instead, it pointed out the growing environmental concerns tied to AI's energy and water consumption.

**എൻ. കെ സുനിൽകുമാർ**
എംജി കോളജ് , തിരുവനന്തപുരം

# പദം പദമുറച്ചു നാം പാടിപ്പാടിപ്പോവുക...

ഐക്യകേരളപ്പിറവിയ്ക്കും മുൻപേ പി. ഭാസ്കരൻ മാസ്റ്റർ എഴുതിയ–

പദം പദമുറച്ചനാം പാടിപ്പാടിപ്പോവുക

പാരിലൈക്യകേരളത്തിൻ കാഹളം മുഴക്കുവാൻ


നവംനവരണങ്ങളിൽ നമ്മൾ തൻ ത്യാഗങ്ങളിൽ

നാം രചിക്കുമാപ്പുതിയ കേരളം മനോഹരം!

ഐക്യകേരളമെന്ന സങ്കല്പത്തിൽ നിന്ന് നവകേരളമെന്ന സ്വപ്ന ത്തിലേക്ക് കേരളം നടന്നടുത്ത പിന്നിട്ട 70 കൊല്ലങ്ങളിൽ കേരളീയ ജീവിതം പല രീതികളിൽ മാറിയിട്ടുണ്ട്. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും ജീവിതനിലവാരസംബന്ധവുമായി ഗണ്യമായ മാറ്റങ്ങൾ എമ്പാടും കാണാവുന്നതാണ്. ആ മാറ്റങ്ങൾക്കൊക്കെ ദിശാസൂചികളായി ഇവിടുത്തെ കലാ-സാംസ്കാരിക പ്രവർത്തകർ നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഐക്യകേരളത്തെ ആധുനികവും പരിഷ്കൃതവുമായി രൂപപ്പെടുത്തിയെടുത്ത നാനാവിധങ്ങളായ പ്രേരകങ്ങളുടെ കൂട്ടത്തിൽ കവിത, സിനിമ, മാധ്യമപ്രവർത്തനം എന്നിവയൊക്കെ പൊതുരാഷ്ട്രീയ വ്യവഹാരത്തിന്റെ വിശാലഭൂമികയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിപ്പോന്നിട്ടുണ്ട്. നമ്മുടെ ചരിത്രത്തെയും അധ്വാനത്തെയും സാമ്പത്തിക ഘടനയെയും പുതുക്കിപ്പണിത പരിശ്രമങ്ങളിൽ എല്ലാംതന്നെ സമഗ്ര സ്വഭാവമുള്ള ആശയസ്വാധീനം തെളിഞ്ഞുകാണാവുന്നതാണ്. പി. ഭാസ്കരൻ മാസ്റ്റർ എന്ന കവിയെ, പാട്ടെഴുത്തുകാരനെ, സിനിമാ പ്രവർത്തകനെ, മാധ്യമപ്രവർത്തകനെ മാറ്റിനിർത്തി അതത് മേഖലകളുടെ ചരിത്രത്തെ വായിച്ചെടുക്കുക സാധ്യമല്ല എന്നിടത്താണ് അദ്ദേഹത്തിന്റെ സാർവ്വലൗകിക പ്രസക്തി കുടികൊള്ളുന്നത്.

മലയാള സിനിമയെ കേരളത്തിന്റേതാക്കിയത് 'നീലക്കുയിൽ' ആണെന്ന് നിസ്സംശയം പറയാം. മനുഷ്യസ്നേഹവും അതിന് വിലങ്ങുതടി തീർക്കുന്ന സാമൂഹ്യവ്യവസ്ഥിതിയും, ആ വ്യവസ്ഥിതിയെ തകർത്തെറിയുന്ന മാനവവീക്ഷണവും ഉയർത്തിക്കാട്ടിയ മനുഷ്യപക്ഷ സിനിമയായിരുന്നു നീലക്കുയിൽ. ഭാസ്കരൻ മാസ്റ്ററുടെ കഥാപാത്രം സിനിമയിൽ ഒടുക്കം പറയുന്നുണ്ട്. "ഒരു പുതിയ ജാതിയാണ്, പുതിയ തലമുറയാണ്, പുതിയ പൗരനാണ്".

മേൽജാതി, കീഴ്ജാതി വ്യവസ്ഥ നിലനിന്നിരുന്ന ശ്രേണീകൃത ജാതിവ്യവസ്ഥിതിയിൽ താഴ്ന്ന ജാതിയിൽപെട്ട സ്ത്രീയിൽ മേൽജാതിക്കാരനായ പുരുഷന് പിറന്ന കുട്ടിയെ നോക്കി "അവനെ ഒരു നല്ല മനുഷ്യനാക്കി, വലിയ മനുഷ്യനാക്കി വളർത്തു" എന്ന് പറയുന്നത് ഭാസ്കരൻ മാസ്റ്ററുടെ ശങ്കരൻ നായരെന്ന കഥാപാത്രമാണ്. രാമു കാര്യാട്ടുമായി ചേർന്ന് ഉറൂബിന്റെ കഥയ്ക്ക് അദ്ദേഹം നൽകിയ ചലച്ചിത്രഭാഷ്യം കേരളീയ ജീവിതത്തിന്റെ ഇന്നലെകളിലേക്കുള്ള ചൂണ്ടുപലകയാണ്. സിനിമാ സംവിധായ



കൻ എന്ന നിലയിൽ പേരെടുത്ത, ഭാസ്കരൻ മാസ്റ്ററുടെ ഗാനങ്ങൾ ജനകീയങ്ങളായിരുന്നു എന്നതാണ് അവയുടെ ഏറ്റവും വലിയ പ്രത്യേകത. മാനക സ്വഭാവമുള്ള പദാവലികളോ, പ്രയോഗങ്ങളോ മാത്രമല്ല, നിത്യജീവിതത്തിലെ സാധാരണ സന്ദർഭങ്ങളെക്കുറിക്കാൻ ദുർഗ്രഹത ഒട്ടുമേയില്ലാത്ത തനി നാടൻ പ്രയോഗങ്ങൾ പാട്ടുകളിൽ സാധിച്ചെടുത്തു എന്നതാണ് മലയാള ഗാനശാഖയിൽ ഭാസ്കരൻമാസ്റ്ററെ വേറിട്ടുനിർത്തുന്നത്.

പ്രൗഢഗംഭീരമായ ഭാഷ അദ്ദേഹത്തിന്റെ ഗാനങ്ങളിലില്ല എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല.

"കിഴക്കുദിക്കിലെ ചെന്തെങ്ങിൽ

കരിക്കു പൊന്തിയ നേരത്ത്

മുരിക്കിൻ തയ്യേ നിന്നുടെ ചോട്ടിൽ

മുറുക്കിത്തുപ്പിയതാരാണ്?" എന്ന് ചോദിച്ച ഗാനകാരൻ തന്നെ,

"ഉഷാകിരണങ്ങൾ പുൽകി പുൽകി

തുഷാരബിന്ദുവിൻ വദനം ചുവന്നു

പകലിൽ മാറിൽ ദിനകര കരങ്ങൾ

പവിഴമാലികകളണിഞ്ഞു"

എന്നും പാടുന്നുണ്ട്.

"കായലരികത്ത് വലയെറിഞ്ഞപ്പോൾ

വളകിലുക്കിയ സുന്ദരീ" എന്ന പാട്ടിനെ മറികടക്കുന്ന ഒരു മാപ്പിളഗാനം മലയാളത്തിൽ വന്നിട്ടില്ല. രാഘവൻമാസ്റ്ററുമൊത്ത് അദ്ദേഹത്തിന്റേതായി പുറത്തുവന്ന ഗാനങ്ങൾ മലയാള സിനിമാ സംഗീതത്തിന്റെ ഈടുവെപ്പുകളിൽ സവിശേഷമായ സ്ഥാനം നേടിയെടുത്തവയായിരുന്നു. സ്വാതന്ത്ര്യാഭിവാഞ്ഛ പുലർത്തിയ പോരാളി, പുരോഗമന സമൂഹം സ്വപ്നം കണ്ട എഴുത്തുകാരൻ, ഭാവനാലോലനായ കവി, ആധുനികതയെ പുൽകിയ സിനിമാ സംവിധായകൻ, പത്രാധിപർ, പുരോഗമന രാഷ്ട്രീയ പ്രവർത്തകൻ,നവീനതകളെ തിരഞ്ഞ മാധ്യമ പ്രവർത്തകൻ എന്നിങ്ങനെ ഇടപെട്ട മേഖലകളിലോരോന്നിലും മൗലികതയുടെ ഇരിപ്പിടം സ്വന്തമാക്കിയ സർഗ്ഗധനനായിരുന്ന മാഷ്. 1956ൽ പുറത്തിറങ്ങിയ 'രാരിച്ചൻ എന്ന പൗരൻ' എന്ന സിനിമയ്ക്ക് നൽകിയ പേര് നോക്കുക. ഭരണഘടനാധിഷ്ഠിതമായ സ്റ്റേറ്റ് എന്ന ആധുനിക സങ്കല്പത്തിൽ മനുഷ്യനെ പൗരനായിക്കാണുന്ന രാഷ്ട്രമീമാംസാദർശനമാണ് ആ പേരിന്റെ പൊരുൾ. നായര് പിടിച്ച പുലിവാല്, ഭാഗ്യജാതകം, ലൈലാമജ്നു, ആദ്യകിരണങ്ങൾ, കള്ളിച്ചെല്ലമ്മ, സ്ത്രീ, ഉമ്മാച്ചു, വീണ്ടും പ്രഭാതം തുടങ്ങി നിലവാരം പുലർത്തിയ ഒരുപിടി സിനിമകളുടെ സംവിധായകനായിരുന്നു അദ്ദേഹം. ചലച്ചിത്രനടനായും ആകാശവാണി പ്രൊഡ്യൂസറായും സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ ജീവിതം എല്ലാ അർത്ഥത്തിലും സാർത്ഥകമായ ഒന്നായിരുന്നു. ഒരു മനുഷ്യായുസ്സിൽ ചെയ്തുതീർക്കാൻ കേവലമനുഷ്യർക്ക് സാധ്യമല്ലാത്ത രീതിയിൽ കലയിലും കവിതയിലും രാഷ്ട്രീയത്തിലും മാധ്യമരംഗത്തും അദ്ദേഹം ഇടപെട്ടുപോന്നു. നിരന്തരം നവീകരിച്ചുപോന്ന



ആധുനികനായിരുന്ന ഭാസ്കരൻ മാസ്റ്ററെന്ന് പറയാം. പഴകിദ്രവിച്ച കാഴ്ചകളെയോ കാഴ്ചപ്പാടുകളെയോ പിൻപറ്റാതെ ചലനാത്മകമായ ഒരു സമൂഹത്തിൽ ആധുനികമായ പ്രവണതകൾ ഉരുത്തിരിഞ്ഞുവരണമെന്ന് ആഗ്രഹിച്ച കലാപ്രവർത്തകനും രാഷ്ട്രീയ ദാർശനികനുമായിരുന്നു അദ്ദേഹം. 'നവലോകം' എന്ന സിനിമയ്ക്ക് വേണ്ടി എഴുതിയ പാട്ടിൽ-

"ലോകത്തിൽ നീതി മൂകമോ

മണിമേട തന്റെ മുൻപിൽ

ഹാ ലോകത്തിൻ നീതി മൂകമോ?

പാവങ്ങൾ തൻ ശാന്തി സുഖം

പാഴ്ചിതയിൽ മാത്രമോ?"എന്ന് ചോദിക്കുന്നതിൽ നിന്ന് സാമൂഹ്യനീതിക്കായി പേനയുന്തിയ കവിയെ കാണാം. മാറ്റൊലിക്കവികളെന്ന് വിശേഷിപ്പിക്കപ്പെട്ട വയലാർ, ഭാസ്കരൻ, ഒ.എൻ.വി. ത്രയം മലയാള കവിതയിൽ ഈണങ്ങളിലൂടെ ആശയപ്രപഞ്ചമൊരുക്കിയവരാണെന്ന് കൂടി പറയാം. താളനിബദ്ധമായ കവിതകളിൽ ആശയദാർഢ്യമുൾച്ചേർത്ത് അവരെഴുതിയ കവിതകൾ പുതുലോകം സ്വപ്നം കണ്ട സ്വാതന്ത്ര്യലബ്ധിയുടെയും ഐക്യകേരളാഗമനത്തിന്റെയും കാലത്തെ മനുഷ്യരെ, സാധാരണ മനുഷ്യരെ അങ്ങേയറ്റം ഉത്തേജിതരാക്കി.

സമത്വമെന്ന ആശയത്തിന് വിരുദ്ധമായി ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന ഫ്യൂഡലിസത്തെയും ജന്മിനാടുവാഴിത്തത്തെയും രാജപ്രവരഭരണവ്യവസ്ഥിതിയെയും കലാപ്രവർത്തനത്തിലൂടെ ചോദ്യം ചെയ്യുകയെന്ന ചരിത്രദൗത്യം നിറവേറ്റിയ കവിയായിരുന്നു പി. ഭാസ്കരൻ മാസ്റ്റർ. "പരിതഃസ്ഥിതിയും (Environment) പാരമ്പര്യവുമാണ് (Heredity) എന്നെ എഴുതാൻ പ്രേരിപ്പിച്ചത്" എന്ന് അദ്ദേഹം പറയുന്നുണ്ട്. സഹോദരൻ അയ്യപ്പന്റെ സന്ദർശനം ഗുരുവായൂർ സത്യഗ്രഹത്തിൽ അച്ഛന്റെ പങ്കാളിത്തം, അയിത്തോച്ചാടന ജാഥയിലെ അംഗത്വം എന്നിവയിലൂടെ വളർന്നുവന്ന ജീവിതസാഹചര്യത്തിൽ അച്ഛൻ പകർന്നുനൽകിയ പുരോഗമന കാഴ്ചപ്പാടുകൾ പി. ഭാസ്കരൻ മാസ്റ്ററെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പിൽക്കാലത്ത് ബഹുമുഖ സാഹിത്യ കലാപ്രവീണനായി പേരെടുത്ത ഭാസ്കരൻ മാസ്റ്ററുടെ ആദ്യത്തെ അച്ചടിമഷി പുരണ്ട ആവിഷ്കാരം കഥയായിരുന്നു എന്നത് കൗതുകകരമാണ്. കഥയുടെ പേര് 'ചോറിന്റെ കൂറ്'. പോയ നൂറ്റാണ്ടിന്റെ ആദ്യപാദമെന്നത് ഭക്ഷണത്തിന്റെ രാഷ്ട്രീയം കൂടി നിർണയിച്ചതായിരുന്നുവല്ലോ. കൊടുങ്ങല്ലൂരിൽ നിന്നും ഇന്റർമീഡിയറ്റ് പഠനത്തിനായി എറണാകുളം മഹാരാജാസിലെത്തിയപ്പോൾ ഭാസ്കരൻ മാസ്റ്ററിലെ രാഷ്ട്രീയ വ്യക്തിത്വം രൂപപ്പെടാൻ തുടങ്ങി. ഖദർഉടുപ്പും ഗാന്ധിത്തൊപ്പിയുമണിഞ്ഞ കൗ

മാരക്കാരൻ പിന്നീട് കമ്മ്യൂണിസ്റ്റ് സഹയാത്രികനായി മാറുന്നു. വിദ്യാർത്ഥി ഫെഡറേഷന്റെ സജീവ പ്രവർത്തകനായി മാറിയ മാസ്റ്റർ അതിന്റെ ഉശിരൻ പ്രചാരകനായിത്തീരുകയും ചെയ്തു. കയ്യൂർ കേസിനെ തുടർന്ന് താളം മാറി മാറിയെത്തിയ ഇ.കെ. നായനാർ തങ്ങൾ താമസിച്ച ലോഡ്ജ് മുറിയിൽ പേര് മാറി പാർക്കാനെത്തിയ കഥ പറയുന്നുണ്ട് ഭാസ്കരൻ മാസ്റ്റർ. അക്കാലത്താണ് ഈ ലേഖനത്തിന്റെ തലവാചകമായ 'പദംപദമുറച്ചു നാം പാടിപ്പാടിപ്പോവുക' എന്ന ഐക്യകേരള ഗാനം അദ്ദേഹം എഴുതിയത്. 1947ലെ പാലിയം സത്യഗ്രഹത്തിന് വേണ്ടിയും മാസ്റ്റർ ഗാനം എഴുതുകയുണ്ടായി. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പൊതുയോഗങ്ങളിൽ പ്രസംഗിച്ചതിന് അറസ്റ്റും ജയിൽവാസവും അനുഭവിച്ച കവിയായിരുന്ന മാഷ്. വിയ്യൂർ സെൻട്രൽ ജയിലിൽ ഒൻപത് മാസം ജയിൽശിക്ഷ അനുഭവിച്ച ഭാസ്കരൻ മാസ്റ്ററിലെ മനുഷ്യപക്ഷപാതിയായ കവിയെയും കലാകാരനെയും രൂപപ്പെടുത്തിയത് അക്കാലത്തെ രാഷ്ട്രീയ ബോധ്യങ്ങളായിരുന്നു. അക്കാരണം കൊണ്ടാണ് അദ്ദേഹത്തിന് ബിരുദപഠനം പൂർത്തിയാക്കാൻ കഴിയാതെ പോയതും എന്നത് ശ്രദ്ധേയമാണ്. പി. ഭാസ്കരൻ മാസ്റ്ററുടെ കവിതകളെയും, പാട്ടുകളെയും പറ്റി ആലോചിക്കുമ്പോൾ അദ്ദേഹത്തിലെ പോരാളിയായ സ്വാതന്ത്ര്യസമരഭടനെ നാം കാണേണ്ടതാണ്. സി. അച്യുതമേനോൻ, ഇക്കണ്ട വാര്യർ, പനമ്പിള്ളി, സി. ശേഖരവാര്യർ തുടങ്ങിയവരോടൊപ്പമാണ് അദ്ദേഹവും ജയിൽവാസമനുഭവിച്ചത്. ജയിലിനകത്ത് വെച്ച് ഈണത്തിൽ പാട്ടുകൾ പാടിയിരുന്ന തടവുകാരനായിരുന്ന ഭാസ്കരൻ മാസ്റ്റർ. വള്ളത്തോളിന്റെ 'പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ' എന്ന കവിതയും 'വന്ദേമാതര'വും, 'ജനഗണമന'യും സഹതടവുകാർക്കൊപ്പം ഉച്ചത്തിൽ പാടി, പാട്ടിനെ സമരായുധമാക്കിയ കവിയാണ് പിൽക്കാലത്ത് അസംഖ്യം ഗാനങ്ങളിലൂടെ ആസ്വാദകമനം നിറച്ചത് എന്നത് കേരളീയ ഗാനങ്ങളുടെ സമരചരിത്രത്തിലേക്കാണ് സൂചന നൽകുന്നത്. മലയാള ഗാനസാഹിത്യം, പ്രത്യേകിച്ച സിനിമാസംഗീതം കേരളീയ സമൂഹത്തിന്റെ പൊതുമുന്നേറ്റത്തെ നിർണയിച്ച ആവിഷ്കാര രംഗം കൂടിയായിരുന്നു. പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി., യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി, ബിച്ചുതിരുമല, പൂവച്ചൽ ഖാദർ തുടങ്ങി നിരവധി പാട്ടെഴുത്തുകാരും കെ. രാഘവൻ മാസ്റ്റർ, ജി. ദേവരാജൻ മാസ്റ്റർ, എം.എസ്. ബാബുരാജ്, ദക്ഷിണാമൂർത്തി, എം.കെ. അർജ്ജുനൻ, സലിൽ ചൗധരി, എം.എസ്. വിശ്വനാഥൻ, ശ്യാം, എ.ടി. ഉമ്മർ, ജോൺസൺ, രവീന്ദ്രൻ, എം.ജി. രാധാകൃഷ്ണൻ മുതലായ സംഗീതജ്ഞരും, കോഴിക്കോട് അബ്ദുൾ ഖാദർ, മെഹബൂബ്, എ.എം. രാജ, പി.ബി. ശ്രീനിവാസ്, കെ.പി. ഉദയഭാനു, കെ.എസ്. ജോർജ്ജ്, യേശുദാസ്, പി. ജയചന്ദ്രൻ, ബ്രഹ്മാനന്ദൻ, കമുകറ പുരുഷോത്തമൻ, പി. ലീല, ശാന്താ പി. നായർ, ജിക്കി, എസ്. ജാനകി, പി. സുശീല തുടങ്ങിയ ഗായകരും ചേർന്ന് സൃഷ്ടിച്ച അസംഖ്യം പാട്ടുകളുടെ ബൃഹത്തായ ഗാനപ്രപഞ്ചം മലയാളികൾക്ക് ആശയസമൃദ്ധമായ പുതിയ ഭൂമിയും ആകാശവും പണിതുനൽകി. ഇവരിൽ വയലാർ, പി. ഭാസ്കരൻ, ഒ.എൻ.വി., പി.ബി. ശ്രീനിവാസ്, സലിൽ ചൗധരി, കെ. രാഘവൻ, ദേവരാജൻ മാസ്റ്റർ, കെ.എസ്. ജോർജ്ജ് എന്നിവർ പ്രത്യക്ഷമായിത്തന്നെ പുരോഗമന ചേരിയിൽ നിലയുറപ്പിച്ചവരായിരുന്നു.



തൊഴിലാളി സംഘടനാ പ്രവർത്തകനായിരുന്ന ഭാസ്കരൻ മാസ്റ്ററെ



യും നാം ഓർക്കേണ്ടതായിട്ടുണ്ട്. 'പട്ടിണികിടന്നും, അരവയർ നിറച്ചും മൈലുകളോളം കാൽനടയായി സഞ്ചരിച്ചും, പാവങ്ങളുടെ കുടികളിൽ അന്തിയുറങ്ങിയും രാഷ്ട്രീയ പ്രവർത്തനം നടത്തിയ അനുഭവങ്ങൾ എന്റെ കവിതകളെ സ്വാധീനിച്ചിട്ടുണ്ട്" എന്ന് മാസ്റ്റർ പറയുന്നുണ്ട്. അക്കാലത്തെ ജനപ്രിയനായ ഒരു പ്രാസംഗികനും കൂടിയായിരുന്നു ഭാസ്കരൻ മാസ്റ്റർ. ആമ്പല്ലൂരിലെ മിൽ തൊഴിലാളികളെയും, ഏങ്ങണ്ടിയൂരിലെ ചെത്തു തൊഴിലാളികളെയും സംഘടിപ്പിച്ച ഭാസ്കരൻ മാസ്റ്റർ എന്ന കവിയെ ആധുനിക സമൂഹം അറിയേണ്ടതുണ്ട്. 'ചെങ്കാളിയപ്പൻ' എന്ന കവിതയെ മിൽതൊഴിലാളിയെ ഭാസ്കരൻ മാസ്റ്റർ കണ്ടെത്തുന്നത് ആമ്പല്ലൂരിൽ വെച്ചാണ്. 1978ൽ എഴുതിയ ഈ കവിത 1981ൽ പ്രസിദ്ധീകരിച്ച 'കായൽകാറ്റ്'' എന്ന സമാഹാരത്തിലുണ്ട്.

മലയാളികൾ പാടിനടന്ന ഒട്ടേറെ പാട്ടുകളെഴുതിയ ഭാസ്കരൻ മാസ്റ്റർ, സ്വാതന്ത്ര്യസമരഭടന്മാർക്ക് പാടി നടക്കാനുള്ള മാർച്ചിങ്ങ് സോങ്ങുകളാണ് ആദ്യം എഴുതിയിരുന്നത്. അവയിൽ 'കരവാൾ', 'നവകാഹളം' എന്നീ സമാഹാരങ്ങൾ കൊച്ചിയിൽ നിരോധിക്കപ്പെട്ടു. 'വില്ലാളി' എന്ന പേരിൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരം മംഗളോദയം 1945ലാണ് പ്രസിദ്ധം ചെയ്തത്.

"വില്ലാളിയാണ് ഞാൻ, ജീവിത സൗന്ദര്യ-

വല്ലകി മീട്ടലല്ലെന്റെ ലക്ഷ്യം

കാണാമെൻ കൈകളിൽ പാവനാദർശത്തിൻ

ഞാണാൽ നിബദ്ധിച്ച ഭാവനയെ'

എന്ന വരികളിൽ നിന്നു തന്നെ അദ്ദേഹം കവിതയിലെ തന്റെ നയപ്രഖ്യാപനം നടത്തുകയാണ്.

1946ൽ പുറത്തിറങ്ങിയ 'രണഭേരി'യുടെ അവതാരികയിൽ കെ. ദാമോദരൻ എഴുതി: "മരണത്തെ കൂട്ടാക്കാതെ, വെടിയുണ്ടകളെ വകവെക്കാതെ, നമ്മുടെ നാട്ടുകാർ സാമ്രാജ്യത്വത്തിനെതിരായ അവസാന സമരത്തിന് തയ്യാറെടുക്കുകയാണ്. കവി തന്നെയും പടയാളിയാണ്. അദ്ദേഹം തന്റെ ഓടക്കുഴൽ ഒരു ബ്യൂഗിളാക്കി മാറ്റിയിരിക്കുന്നു. മറ്റു പല കവികളും മഹത്തായ സ്വാതന്ത്ര്യസമരത്തിൽ നിന്നൊഴിഞ്ഞുമാറി തങ്ങളുടെ വ്യക്തിത്വത്തിന്റെ മടകളിലേക്ക് ചൂളിപ്പതുങ്ങാൻ ശ്രമിക്കുമ്പോൾ ഭാസ്കരൻ ചോദിക്കുന്നു:

"ലാത്തവാനിടമേതുവാനെങ്ങുമേ

ലാത്തികൾ തലതല്ലിപ്പൊളിക്കവേ?

വിശ്രമിക്കുവതെങ്ങു നാമമ്മത-

ന്നശ്രുവീണീമണൽ കുതിർന്നീട വേ?"

ദിവാൻ ഭരണത്തെ എതിർക്കാനായി 'വോയ്സ് ഓഫ് കേരള' എന്ന നൃത്തനാടക സംഘം രൂപീകരിക്കുന്നതിൽ പി. ഭാസ്കരൻ മാസ്റ്റർ മുന്നണിയിൽത്തന്നെ നിലയുറപ്പിച്ചിരുന്നു.

'രണഭേരി'യിലെ, 'അന്ത്യസമരത്തിന്'എന്ന കവിതയിലുള്ള

'അണിനിരപ്പി,നണിനിരപ്പി, നന്ത്യ സമരഭൂമിയിൽ,

അണിനിരപ്പി, നണമുറിഞ്ഞ സലിലധാരപോലവേ,

കലഹമറ്റു, കൈകൾ കോർത്ത്, കരുതിയാഞ്ഞടുക്കുവിൻ,

അലയടിച്ചടുത്തിടുന്ന വലിയ ജലധി പോലവേ...'

വരികൾ രാജഭരണത്തെ ചൊടിപ്പിക്കുകയും അവർ കവിത നിരോധിക്കുകയും ചെയ്തത് ചരിത്രം!

'ഉയരും ഞാൻ നാടാകെ-

പ്പടരും ഞാനൊരു പുത്ത-

നുയിർനാട്ടിനേകിക്കൊണ്ടുയരും വീണ്ടും' എന്ന് മാസ്റ്റർ, 'വയലാർ ഗർജ്ജിക്കുന്നു' എന്ന കവിതയിലാണ് എഴുതിയത്. ഭാസ്കരൻ മാസ്റ്ററുടെ ഭാഷയിൽ പറഞ്ഞാൽ 'ഉരുക്കും രക്തവും വെടിയുണ്ടവും മനുഷ്യമാംസവും തമ്മിലുള്ള പോരാട്ടമാണ്' ആ കവിതയായി ഉരുവമെടുത്തത്. ഭാസ്കരൻ മാസ്റ്ററുടെ ഈ കവിതയിൽ എന്ന പോലെ രാരിച്ചൻ എന്ന പൗരനിലെ ഒരു പാട്ടിലും നാടാകെ ന്ന പ്രയോഗം കടന്നുവരുന്നുണ്ട്.

'നാഴിയൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം

നാലഞ്ച് തുമ്പകൊണ്ട് മാനത്തൊരു പൊന്നോണം'

ഉദാത്തമായ സാഹിത്യം ആസ്വദിക്കുന്നതിന് പ്രത്യയശാസ്ത്രം മാർഗതടസ്സമാകാൻ പാടില്ലെന്നും കലയ്ക്കും സംഗീതത്തിനുമൊന്നും പ്രത്യയശാസ്ത്രമേലങ്കി പാടില്ലെന്നും പിന്നീട് ഭാസ്കരൻ മാസ്റ്റർ അഭിപ്രായപ്പെടുന്നുണ്ട്. അപ്പോഴും സത്യം, സമത്വം, സ്വാതന്ത്ര്യം, മതേതരത്വം, സാമ്പത്തിക സമത്വം, മാനവികത തുടങ്ങിയ ഉദാത്ത ലക്ഷ്യങ്ങൾ മനുഷ്യനെ മാടിവിളിക്കുന്ന പ്രകാശഗോപുരങ്ങളാണ് എന്നദ്ദേഹം തിരിച്ചറിയുന്നുമുണ്ട്. 'ദേശാഭിമാനി'യിലും 'ജയകേരള'ത്തിലും പത്രാധിപസമിതി അംഗമായി മാഷ് പ്രവർത്തിച്ചിട്ടുണ്ട്. 'ഇരുട്ടിന്റെ ആത്മാവ്' ഉൾപ്പെടെയുള്ള മാഷ് സംവിധാനം നിർവ്വഹിച്ച സിനിമകൾ മലയാള റിയലിസ്റ്റിക് സിനിമാ ചരിത്രത്തിന്റെ ഭാഗമാണ്.

കേരളീയ പ്രക്ഷേപണകലാചരിത്രത്തിലും മാഷിന് അദ്വിതീയമായ സ്ഥാനമുണ്ട്. 1950 മെയ് 14ന് പ്രക്ഷേപണമാരംഭിച്ച കോഴിക്കോട് ആകാശവാണിയിലൂടെ അവതരിപ്പിച്ച ആദ്യപരിപാടി പി. ഭാസ്കരൻ മാഷ് എഴുതിയ 'വീരകേരളം' എന്ന സംഗീതശില്പമായിരുന്നു.

'വീരകേരളം വീരകേരളം

പാരിതിൽ സുധീരമാം


സ്വതന്ത്രകാഹളം' എന്ന വരികളാണ് ആദ്യമായി പ്രക്ഷേപണം ചെയ്യപ്പെട്ടത്. ഉറൂബ്, അക്കിത്തം, വൈക്കം മുഹമ്മദ് ബഷീർ, എം .എസ്. ബാബുരാജ്, കെ. രാഘവൻ മാസ്റ്റർ, എം.ടി. വാസുദേവൻ നായർ, കെ.ടി. മുഹമ്മദ്, എൻ. പി. മുഹമ്മദ്, തിക്കോടിയൻ തുടങ്ങിയ മലയാള സാഹിത്യത്തിലെയും സംഗീതത്തിലെയും മഹാരഥന്മാർക്കൊപ്പം അദ്ദേഹം കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയുണ്ടായി. മലയാളത്തിലെ ആദ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനലായ ഏഷ്യാനെറ്റിന്റെ പ്രഥമ ചെയർപേഴ്സണായി പ്രവർത്തിച്ചതും ഭാസ്കരൻ മാസ്റ്ററായിരുന്നു.

1947ലെ 'അപൂർവ്വ സഹോദരർകൾ' എന്ന തമിഴ് സിനിമയിലെ ബഹുഭാഷാ ഗാനത്തിന്റെ മലയാളഭാഗം എഴുതിയാണ് മാഷ് ഗാനരചന ആരംഭിക്കുന്നത്.

'കടക്കണ്ണിൻ തലപ്പത്ത് കറങ്ങും വണ്ടേ കളിച്ചുംകൊണ്ട് പറക്കുന്നതെന്തിന് വണ്ടേ" എന്നുള്ളതായിരുന്നു ആ പാട്ട്. 1954ൽ പുറത്തിറങ്ങിയ 'ചന്ദ്രിക' എന്ന സിനിമയിലാണ് അദ്ദേഹത്തിന്റെ ആദ്യ പൂർണഗാനം വരുന്നത്.

'കേഴുക ആത്മസഖീ', 'ചൊരിയുക മധുമാരി' എന്നീ ഗാനങ്ങൾ പ്രശസ്തങ്ങളായി. പിന്നീടിങ്ങോട്ട് തരളകല്പനകളുടെയും ലളിതപദങ്ങളുടെയും നാട്ടുമൊഴിച്ചന്തമിണക്കിയ നാട്ടിടവഴികളും വഴക്കങ്ങളും തീർത്തുതന്ന പാട്ടുകളുടെ പാലാഴി തന്നെ ഒരുക്കുകയായിരുന്നു ഭാസ്കരൻ മാസ്റ്റർ. മാനെന്നും വിളിക്കില്ല, എല്ലാരും ചൊല്ലണ്, കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം, കദളിവാഴ കയ്യിലിരുന്ന്, ഓട്ടക്കണ്ണിട്ടുനോക്കും കാക്കേ... തുടങ്ങി സമൂഹത്തിലെ നാനാതരം മനുഷ്യർ ഏറ്റുപാടി നടന്ന പാട്ടുകൾ ഒന്നിനുപുറകേ ഒന്നായി ഉണ്ടാവുകയായിരുന്നു! ഹാസ്യം, വിരഹം, ദുഃഖം, വിഷാദം, പ്രണയം, നൈരാശ്യം, ആശ, ഉൽക്കർഷം തുടങ്ങി മനുഷ്യാവസ്ഥകൾ ഏതിനെയും പ്രതിഫലിപ്പിക്കുന്ന നൂറുകണക്കിന് പാട്ടുകൾ ഭാസ്കരൻ മാഷിന്റെ തൂലികയിൽ നിന്നും പിറവിയെടുത്തു.

വെള്ളിത്തിരയിലെ എല്ലാ നായകന്മാരും ആ ഗാനങ്ങൾക്കായി ചുണ്ടനക്കി. മലയാളത്തിലെ എല്ലാ പാട്ടുകാരും ഭാസ്കരഗീതങ്ങൾ ഏറ്റുപാടി. സിനിമാഗാനങ്ങൾ, ദേശഭക്തിഗാനങ്ങൾ, ഓണപ്പാട്ടുകൾ, പ്രേമഗീതങ്ങൾ, ഭക്തിഗാനങ്ങൾ, ഹാസ്യഗാനങ്ങൾ, വിപ്ലവഗാനങ്ങൾ എന്നീ ഇനങ്ങളിലായി നിരവധി പാട്ടുകൾ അദ്ദേഹം എഴുതി. കാമുകീകാമുകന്മാരും കോളേജ് കുമാരന്മാരും നായികാനായകന്മാരും കുഞ്ഞുങ്ങളും പ്രായംചെന്നവരുമായ നിരവധി കഥാപാത്രങ്ങൾ അവ പാടി. കവിതയുടെ സ്വകീയമായ സ്വാതന്ത്ര്യത്തോടൊപ്പം പ്രയുക്ത കവിതയായ (Applied Poetry) പാട്ടുകളുടെ സാധ്യതകളും മനുഷ്യാവസ്ഥകളെയും അന്തഃരംഗവ്യാപാരങ്ങളെയും ഒപ്പിയെടുത്തവതരിപ്പിക്കുന്നതിനായി അസാധാരണമായ വാഗ്വൈഭവം മാസ്റ്റർ



പുലർത്തുകയുണ്ടായി.

സങ്കീർണ്ണ ജീവിതച്ചുഴികളിൽ ഉഴ ലുമ്പോഴും

"ഭീതിയാൽച്ചളിപ്പതുങ്ങാതെ,യോ ടിപ്പോപയ്

ഭ്രുതത്തിന്നുള്ളിലൊളിച്ചിടാതെ


നിശ്ചയം മുന്നോട്ടു നീങ്ങീടുമെ ങ്കിലോ

നിത്യ സംതൃപ്തമിക്കൊച്ചുപേന" എന്ന് സ്വയംകൃതാർത്ഥനായ കവി യായാണ് ഭാസ്കരൻ മാസ്റ്റർ എഴു തിത്തുടങ്ങിയത് തന്നെ. (എന്റെ ഗുളിക) വില്ലാളി, മർദ്ദിതൻ, കർഷകഗാനം, ഓടക്കുഴലും ലാ ത്തിയും, വയലാർ ഗർജ്ജിക്കുന്നു, പാടുന്ന മൺതരികൾ, സത്രത്തിൽ ഒരു രാത്രി, ഓർക്കുക വല്ലപ്പോഴും, കായൽക്കാറ്റ്, തെരഞ്ഞെടുത്ത കവിതകൾ തുടങ്ങി നിരവധി കവി തകൾ അദ്ദേഹത്തിന്റേതായുണ്ട്. പാട്ടുകളിലൂടെ കവിത വിനിമയം ചെയ്യാൻ അനന്യസാധാരണമായ വൈഭവം കാണിച്ചുവെന്നതാണ് ഭാസ്കരൻ മാഷിന്റെ പ്രത്യേകത. 'നിദ്രതൻ നീരാഴി നീന്തിക്കടന്ന പ്പോൾ സ്വപ്നത്തിൻ കളിയോടം കിട്ടി' എന്നത് എന്തൊരു കാല്പനി കതയാണ്!

'മഞ്ഞണിപ്പൂനിലാവ് പേരാറ്റിൻ കവിങ്കൽ മഞ്ഞളരച്ചുവെച്ച് നീരാ ടുമ്പോൾ" എന്നതിൽ കവിഞ്ഞ് നിലാച്ചന്ദ്രനെ പുഴപ്പരപ്പിന്നോര ത്ത് വരച്ചിടുവാൻ കഴിയുമോ എന്ന് സംശയമാണ്. ചാന്ദ്രശോഭയെ ഇവ്വിധം ചിത്രണം ചെയ്തയാൾ തന്നെയാണ് തൊണ്ണൂറുകളിലെ ഒരു പാട്ടിൽ, "ആറാട്ടുകടവിങ്കൽ അരയ്ക്കൊപ്പം വെള്ളത്തിൽ, പേരാറ്റിൽ പുലർമങ്ക നീരാട്ടിനിറ ങ്ങി" എന്ന് ഉദയസൂര്യന്റെനെയും ചിത്രണം ചെയ്തത്. പിത്തളപ്പാത്ര നിർമാണ മേഖലയിൽ പരമ്പരാ ഗതമായി ജീവിച്ചുപോരുന്ന കഥാ പാത്രങ്ങൾ നിറഞ്ഞ കഥാസന്ദർ ഭത്തിനിണങ്ങും വിധം, "ചെമ്പൊ ന്നിൻ ചെപ്പുകുടം കടവത്തുകമഴ്ത്തി തമ്പുരാട്ടി കുളുർനീരിൽ മുങ്ങാങ്കുഴി യിട്ടല്ലോ" എന്ന് അത്യുചിതമായി എഴുതിയത് മാഷിലെ സംവിധായ കൻ കവിക്കൊപ്പം കൂടിയപ്പോഴാ കണം. 'താമസമെന്തേ'യും 'പ്രാണ സഖി'യും പ്രണയപ്പൂക്കൾ പൊഴി ക്കുന്ന സ്നേഹമരങ്ങളായി ഇന്നും നിലനിൽക്കുന്നു! പോൾ സക്കറിയ നിരീക്ഷിച്ചപോലെ "അദ്ദേഹം മലയാളികളുടെ ആധുനികവും ജന കീയവുമായ സ്വത്വത്തെ രൂപീക രിച്ച പ്രതിഭകളിൽ ഒരാളായിരുന്നു. കേരളീയ സാമൂഹ്യജീവിതത്തിന്റെ ഏതാണ്ട് എല്ലാ മേഖലകളിലും പ്രതിഫലിച്ച ഒരു പരിവർത്തനമാ യിരുന്ന ഇരുപതാംനൂറ്റാണ്ടിന്റെ മധ്യഘട്ടത്തിലുണ്ടായ പുതിയ മലയാളിത്ത രൂപീകരണം. ആ രൂ പീകരണത്തെ ഭാസ്കരൻ, തന്റെ കവിതയും ഗാനങ്ങളും സിനിമയും കൊണ്ട് ആഴത്തിൽ സ്വാധീനിച്ച.

'മറക്കുവാൻ പറയാൻ എന്തെളുപ്പം

മണ്ണിൽ പിറക്കാതിരിക്കലാണതി ലെളുപ്പം' എന്ന് പ്രണയപരവശ നായ കവി, മേധാക്ഷയത്തിന്റെ പിടിയിലമർന്നാണ് തന്റെ അവസാനകാലം കഴിച്ചുകൂട്ടിയ



ത്. ഈണത്തെയും ആലാപന ത്തെയും കവിഞ്ഞുനിൽക്കുന്ന സാഹിത്യഗുണം ഗാനങ്ങളിൽ ഉൾച്ചേർത്തു എന്നതാണ് ഭാസ്ക രൻ മാസ്റ്റർ പാട്ടിൽ കൊണ്ടുവന്ന മൗലികത. ഏറ്റവും ലളിതമായ പദങ്ങളാൽ ആ പാട്ടുകൾ ഏത് വഴിപോക്കനെയും പിടിച്ചിരുത്തി ക്കളഞ്ഞു.

"നാളികേരത്തിന്റെ നാട്ടിലെനി ക്കൊരു

നാഴിയിടങ്ങഴി മണ്ണുണ്ട്, അതിൽ

നാരായണക്കിളക്കൂടുപോലുള്ളൊരു

നാലുകാലോലപ്പുരയുണ്ട്" എന്നൊ ക്കെ കേട്ട മലയാളി ദൂരെദിക്കുക ളിൽ ഗൃഹാതുരത്വം പേറി വീടിനെ യും നാടിനെയും ചേർത്തുപിടിച്ചു.

"നാദബ്രഹ്മത്തിൻ സാഗരം നീന്തി വരും

നാകസുന്ദരിമാരേ

സപ്തസ്വരങ്ങളെ സംഗീതസരസ്സി ലെ

ശബ്ദമരാളങ്ങളേ' – എന്നിങ്ങനെ സംഗീതസ്വരങ്ങളെ വിശേഷിപ്പിച്ച പാട്ട് കവിതയല്ലാതെ മറ്റെന്താണ്? നഗരമേ നന്ദി എന്ന സിനിമയിലെ 'മഞ്ഞണിപ്പൂനിലാവ് പേരാറ്റിൻ കടവത്ത് /മഞ്ഞളരച്ചുവെച്ച് നീരാടുമ്പോൾ' എന്ന പാട്ടിലെ കല്പനകൾ നോക്കുക. ആറ്റിൻക രയിൽ മഞ്ഞളരച്ചുവെച്ച നിലാവ് എന്ന ഭാവന ഇന്ദ്രിയാനുഭൂതിയുടെ സമ്മോഹന സങ്കല്പലോകത്തിലേ ക്കാണ് കേൾവിക്കാരനെ കൊണ്ടു പോകുന്നത്.

നിലാവ് ഇങ്ങനെ പല രൂപഭാ വങ്ങളിൽ മാഷിന്റെ പാട്ടുകളിൽ താരള്യം വിതറുന്നുണ്ട്. 'ഭാഗ്യമു ദ്ര'യെന്ന പടത്തിലെ 'മധുരപ്രതീ ക്ഷതൻ പൂങ്കാവിൽ വെച്ചൊരു, മണിവേണു ഗായകനെ കണ്ടുമുട്ടി' എന്ന സംഭാഷണ ഗാനം കേൾക്കു മ്പോൾ പ്രണയത്തിന്റെ കരൾക വരുന്ന ലോലഭാവം ശ്രോതാവിന് അനുഭവവേദ്യമാകുന്നു. ഇങ്ങനെ എണ്ണിയെണ്ണി പറയാവുന്ന തര ത്തിൽ അദ്ദേഹത്തിന്റെ ഗാനങ്ങൾ ഓരോന്നും ഇന്നും ആസ്വാദകർ കേൾക്കുകയും ഏറ്റുപാടുകയും ചെ യ്യുന്നു. എഴുതിയ കവിതകളാലും പാടിയ പാട്ടുകളാലും അണിയി ച്ചൊരുക്കിയ ചലച്ചിത്രങ്ങളാലും സാർത്ഥകമായൊരു സർഗാത്മക ജീവിതം ജീവിച്ചുതീർത്തിട്ടാണ് ഭാസ്കരൻ മാസ്റ്റർ മടങ്ങിയത്. 'അക്ഷരപ്പൂട്ട്' എന്ന കവിതയിൽ അദ്ദേഹം എഴുതിയതുപോലെ–

"അപ്പോളാപ്പൊൻപേടകം തന്നറ യ്ക്കുള്ളിൽക്കണ്ടേ–

നൾപ്പുളകത്തിൽ മുങ്ങി മറ്റൊരത്ഭു തദൃശ്യം.

തുറന്നുകിടക്കുന്നു ചുറ്റിലും സഹൃ ദയ–

ഹൃദയഭണ്ഡാരങ്ങൾ നിധിതൻ കുമ്പാരമായ!

സഹൃദയരുടെ അനുഭൂതി ലോ കത്തെ ധന്യമാക്കി മുൻപേ നടന്നുപോയ ബഹുമുഖ പ്രതിഭ യായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ വാഞ്ഛയും സമരതീക്ഷ്ണജീവിതവും പോരാട്ടവും കവിതയും ഗാനവും സിനിമയും പത്രാധിപത്യവും മാധ്യമപ്രവർത്തനവും മുഖേന ആയുസ്സിനെ സഫലീകൃതമാക്കിയ നിലാവിന്റെ പാട്ടുകാരനായിരുന്നു അദ്ദേഹം.

**ഡോ.ലാലു എസ്.കുറുപ്പ്**
മന്നം മെമ്മോറിയൽ എൻ.എസ്.എസ്.കോളേജ്, കൊട്ടിയം

# സംശോധിതസംസ്കരണം: പ്രശ്നവും പരിഹാരവും

ഭാഷാപരമായും സാഹിത്യപരമായും നിരവധി കണ്ടെത്തലുകൾക്ക് വഴിതെളിച്ച ഗവേഷണമേഖലയാണ് സംശോധിതസംസ്കരണം. പ്രാചീന ലിപിപഠനത്തിലും ഭാഷയുടെ വികാസദശകൾ അപഗ്രഥിക്കുന്നതിലും ചരിത്രസംസ്കാരപഠനങ്ങളിലും സംശോധിതസംസ്കരണം നിസ്തുലമായ പങ്കാണ് വഹിക്കുന്നത്. 1963-ൽ കേരള സർവകലാശാലയിൽ മലയാളവിഭാഗം ആരംഭിച്ചതുമുതൽ ഇതുവരെയായി പതിനാറ് സംശോധിതസംസ്കരണങ്ങളാണ് പി.എച്ച്.ഡി. പ്രബന്ധങ്ങളായി ഇവിടെ സമർപ്പിച്ചിട്ടുള്ളത്. ഇതിനുപുറമെ കാലിക്കറ്റ് സർവകലാശാലാ മലയാള-കേരള പഠനവിഭാഗം കേന്ദ്രമാക്കി നാല് സംശോധിതസംസ്കരണങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഇങ്ങനെ ആകെ ഇരുപത് സംശോധിത സംസ്കരണങ്ങളാണ് സർവകലാശാലാതലത്തിൽ,മലയാളവിഭാഗത്തിൽ ഇതുവരെ പി.എച്ച്.ഡി. ബിരുദത്തിന് അർഹമായി തീർന്നിട്ടുള്ളത്. കഴിഞ്ഞ 62 വർഷത്തിനിടയിലാണ് ഇത്രയും പരിമിതമായ ഗവേഷണപ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നത് എന്ന കാര്യം പ്രത്യേകശ്രദ്ധ അർഹിക്കുന്നു. എഴുപതിനായിരത്തിനടുത്ത് കയ്യെഴുത്തുപ്രതികളുടെ വിപുലമായ ശേഖരമുള്ള ഹസ്തലിഖിത ഗ്രന്ഥാലയം തിരുവനന്തപുരത്തും 12,500 ഓളം കൃതികൾ സംരക്ഷിച്ചിട്ടുള്ള തുഞ്ചൻ ഗ്രന്ഥപ്പുര കോഴിക്കോട്ടും ഉണ്ടായിരുന്നിട്ടുകൂടി പ്രസ്തുത ഗവേഷണരംഗത്ത് അനുഭവപ്പെടുന്ന മാന്ദ്യം അത്യന്തം നിരാശാജനകമാണ്. ഈ മേഖലയെ ഗവേഷകരിൽനിന്നും അകറ്റിനിർത്തുന്ന എന്തൊക്കെയോ ഘടകങ്ങൾ ഉണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. അവ എന്തെല്ലാമെന്ന് തിരിച്ചറിഞ്ഞ് വ്യക്തമായ പരിഹാരങ്ങൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

### മാതൃകാഗ്രന്ഥങ്ങളുടെ സമ്പാദനത്തിനുള്ള വൈഷമ്യം

സംശോധിതസംസ്കരണത്തിന്റെ ആദ്യഘട്ടമാണ് മാതൃകാഗ്രന്ഥങ്ങളുടെ സമ്പാദനം .ഇത്തരം പ്രാചീന ഗ്രന്ഥങ്ങളിൽ അധികവും ഇന്ന് ലഭ്യമല്ല.മതപ്രചരണത്തിനുവേണ്ടി കേരളത്തിൽവന്ന മിഷണറിമാരിൽ നല്ലൊരുവിഭാഗം ഇവിടുത്തെ ഭാഷ ഗ്രഹിക്കുകയും നാട്ടുഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ ശേഖരിച്ച് പഠിക്കുകയും ചെയ്തിരുന്നു. ഇത്തരം നാട്ടുഭാഷാഗ്രന്ഥങ്ങൾ അക്കാലത്തെ അച്ചുകൂടങ്ങളായ കോട്ടയം സി.എം.എസ്.പ്രസ്സ്, സെന്റ് ജോസഫ് പ്രസ്സ് മാന്നാനം, സെന്റ് തോമസ് പ്രസ്സ് കൊച്ചി, കേരളമിത്രം പ്രസ്സ്, കേരള കല്പദ്രുമം, തൃശ്ശൂരുള്ള വാണികളേബരം, ഭാരതവിലാസം പ്രസ്സുകൾ,ഇല്ലിക്കുന്നിൽ ഗുണ്ടർട്ട് സ്ഥാപിച്ച മുദ്രണാലയം എന്നിവിടങ്ങളിൽ അച്ചടിക്കപ്പെട്ടിരുന്നു. ഈ ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും അവയുടെ പ്രസാധനത്തിനുപയോഗിച്ച കൈയെഴുത്തുപ്രതികളിൽ ഏറെയും കേരളത്തിലും ഭാരതത്തിലും ഇന്നു ലഭ്യമല്ല. ഇപ്രകാരം കടൽകടന്നുപോയ ഗ്രന്ഥങ്ങളുടെ സംഭരണം പാഠസംസ്കരണപ്രക്രിയയിലെ സുപ്രധാനഘട്ടമായ മാതൃകാസമ്പാദനത്തിന് തിരിച്ചടിയാണ്.

### ഗ്രന്ഥസൂചികളുടെ അപര്യാപ്തത

പ്രാചീന ഹസ്തലിഖിതങ്ങളുടെ ഗ്രന്ഥസൂചി ഭാരതത്തിലെ പല ലൈബ്രറികളും തയ്യാർചെയ്തിട്ടുണ്ട്. എന്നാൽ അവ പ്രസിദ്ധീകരിച്ചതിനുശേഷം ലഭ്യമായ ഗ്രന്ഥങ്ങളുടെ വിവരണം മിക്ക ഗ്രന്ഥസൂചികളിലും ചേർത്ത് കാണുന്നില്ല. ഇത് ഗവേഷണത്തിന്റെ പൂർണതയ്ക്ക് തടസ്സംനിൽക്കുന്നു.

### സ്വകാര്യ ഗ്രന്ഥസംരംഭകരുടെ നിസ്സഹകരണം

താളിയോലഗ്രന്ഥങ്ങളിൽ നല്ലൊരുപങ്ക് ഇനിയും സംഭരിക്കപ്പെട്ടിട്ടില്ല. ഇല്ലങ്ങളിലും കോവിലകങ്ങളിലും ആരാധനാലയങ്ങളിലും

മറ്റു ഗൃഹങ്ങളിലുമായി സംരക്ഷിക്കപ്പെട്ടിരിക്കുന്ന(?) ഇവയുടെ പേരുവിവരം പോലും പലപ്പോഴും പുറംലോകത്തെത്താറില്ല.തലമുറകളായി കൈമാറിക്കിട്ടിയ ഇത്തരം ഗ്രന്ഥങ്ങൾ കൈമോശംവരുമെന്ന ഭയംകൊണ്ടും പൂജാഗ്രന്ഥമായി കരുതുന്നതുകൊണ്ടും അവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ വ്യക്തികൾ തയ്യാറായി എന്നുവരില്ല. ഇതിനു വിപരീതമായി,ഗ്രന്ഥങ്ങൾ പഠിതാക്കൾക്കും ഗവേഷണസ്ഥാപനങ്ങൾക്കും യഥേഷ്ടം നൽകുന്നവരും ഉണ്ട് എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല.

### മാർഗനിർദ്ദേശകരുടെ എണ്ണത്തിലുള്ള പരിമിതി

സംശോധിതസംസ്കരണമേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള മാർഗനിർദ്ദേശകരായ അധ്യാപകരുടെ എണ്ണം കേരളത്തിൽ വളരെക്കുറവാണ്. പ്രാചീന ലിപികളിലുള്ള പരിജ്ഞാനം, ലിപിവിജ്ഞാന ചരിത്രത്തിലുള്ള അവഗാഹം, പ്രാചീനസാഹിത്യത്തിലുള്ള താല്പര്യം,ക്ഷമ തുടങ്ങിയ ഘടകങ്ങൾ ഒത്തുചേർന്ന ഒരു അധ്യാപകന് അല്ലെങ്കിൽ അദ്ധ്യാപികയ്ക്ക് മാത്രമെ ഈ രംഗത്ത് സാർത്ഥകമായ മാർഗനിർദ്ദേശം നൽകി. ഗവേഷകന്റെ ദൗത്യം വിജയകരമായ പരിസമാപ്തിയിൽ എത്തിക്കുവാൻ കഴിയുകയുള്ളൂ.

### ഗവേഷകർക്ക് ഈ മേഖലയിലുള്ള താല്പര്യക്കുറവ്

ഏറെ ക്ഷമയും സമയവും ആവശ്യപ്പെടുന്ന ഒന്നാണ് സംശോധിത സംസ്കരണം.പ്രാചീനഗ്രന്ഥങ്ങൾ അന്വേഷിച്ച് കണ്ടെത്താനും അവയിലെ വിവരങ്ങൾ രേഖപ്പെടുത്തി തുടർഘട്ടങ്ങൾ വിജയകരമായി പൂർത്തീകരിക്കാനും അപാരമായ ക്ഷമ ആവശ്യമാണ്.ഇതിനുപുറമെ പ്രാചീന ലിപികളിലുള്ള അപരിചിതത്വവും ഗവേഷകരെ പിന്നാക്കം വലിക്കുന്നു.

### ആരോഗ്യപരമായ കാരണങ്ങൾ

തീരെ ചെറിയ അക്ഷരങ്ങളാൽ വിരചിതമാണ് താളിയോലഗ്രന്ഥങ്ങളിൽ ഏറെയും. പണ്ടുകാലത്തെ 'വള്ളിപുള്ളിചില്ലനുസ്വാരവിസർഗ്ഗാദികൾ' കൂട്ടിച്ചേർത്ത് വായിക്കുവാൻ,ഓലയിൽ എഴുതിയും പഠിച്ചും ശീലമില്ലാത്ത പുതിയ തലമുറയിലെ ഗവേഷകന് ഏറെ പ്രയത്നിക്കേണ്ടിവരുന്നു. തൽഫലമായി കണ്ണുകൾക്ക് ഉണ്ടാകുന്ന അസ്വസ്ഥത ഗവേഷണത്തിന്റെ വേഗത മന്ദീഭവിപ്പിക്കുന്നതിനും ചിലപ്പോൾ ഗവേഷണംതന്നെ മുടങ്ങുന്നതിനും ഇടയാക്കി എന്നുവരാം. അതുപോലെ ശരിയായ പരിപാലനം ലഭിക്കാത്ത താളിയോലഗ്രന്ഥങ്ങളിൽ അടിഞ്ഞുകൂടുന്ന ഫംഗസുകൾ ഗവേഷകന്റെ ശ്വാസകോശങ്ങളിലെത്തി, ശ്വാസനസംബന്ധമായ പ്രശ്നങ്ങളും അലർജികളും ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### യൂണിവേഴ്സിറ്റി ഫെലോഷിപ്പുകളുടെ അപര്യാപ്തത

യുവതീയുവാക്കളുടെ ഊർജ്ജവും സമയവും ധാരാളം ചെലവാകുന്ന ഒരു പ്രക്രിയയാണ് ഗവേഷണം. ഇതിനർഹമായ പ്രതിഫലം നൽകാൻ, വിജ്ഞാനോത്പാദവും അതിന്റെ വിതരണവും കർത്തവ്യമായെടുത്തിട്ടുള്ള സർവകലാശാലകൾക്ക് ബാധ്യതയുണ്ട്. ഇതര ഗവേഷണമേഖലകളെക്കാൾ ധാരാളം യാത്രചെയ്യും ഗ്രന്ഥാന്തർഗതമായ തെളിവുകൾ പലവഴികളിലേക്ക് നയിക്കുക നിമിത്തം അവയ്ക്കു പുറകെ സഞ്ചരിച്ചും ധാരാളം ധനവും സമയവും സംശോധിത സംസ്കരണം ഏറ്റെടുത്തിരിക്കുന്ന വ്യക്തിക്ക് ചെലവിടേണ്ടിവരുന്നു. എന്നാൽ ഇതിനുതക്ക പ്രതിഫലം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.


### സമയക്ലിപ്തതയില്ലായ്മ

വ്യക്തമായ പ്രബന്ധരൂപരേഖയുടെ അടിസ്ഥാനത്തിൽ തുടങ്ങുന്ന ഗവേഷണമാണെങ്കിൽകൂടി പല ഗവേഷകർക്കും കൃത്യമായ ഗ്രന്ഥസൂചികളുടെ അഭാവംകൊണ്ട് തങ്ങൾ ഉദ്ദേശിച്ചതിനെക്കാൾ ഗ്രന്ഥങ്ങൾ ലഭിക്കുക, ഗ്രന്ഥത്തിനുള്ളിൽ പഠനാർഹങ്ങളും നേരത്തെ അറിയാത്തതുമായ ഭാഗങ്ങൾ കാണുക തുടങ്ങിയ പ്രശ്നങ്ങൾ നേരിടേണ്ടിവരും. ഇവ അവഗണിക്കാതെ പ്രബന്ധത്തിൽ എല്ലാം ഉൾപ്പെടുത്തുന്ന ഗവേഷകൻ എട്ടും പത്തും വർഷങ്ങൾ സംശോധിത സംസ്കരണത്തിന് എടുക്കുന്നത് ഒരു കുറ്റമല്ല. എന്നാൽ ഇത് നേരിട്ടു കാണുന്ന പിൻതലമുറക്കാർ വേറെ ഗവേഷണരംഗം തേടുന്നു.

### പരിഹാരനിർദ്ദേശങ്ങൾ

മുകളിൽ പ്രതിപാദിച്ച പ്രശ്നങ്ങൾ നിമിത്തം പാഠസംസ്കരണ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളുടെ എണ്ണവും വേഗതയും വളരെ കുറവാണ്. ഇതിന് പരിഹാരം കാണുവാൻ ഇനിയും വൈകിക്കൂട.

- വിദേശ സർവകലാശാലകളുടെ സഹകരണത്തോടെ ഈ മേഖലയിലെ ഗവേഷണപദ്ധതികൾ മെച്ചപ്പെടുത്തുക.
- വ്യക്തമായ ഗ്രന്ഥസൂചികൾ തയ്യാറാക്കി, ഇന്റർനെറ്റ് സംവിധാനം വഴി ഗവേഷണകേന്ദ്രങ്ങളിൽ ലഭ്യമാക്കുക.
- പൊതുജനങ്ങളെ ബോധവത്കരിച്ച്, വിവിധ സർവേകൾ വഴി അവരുടെ കൈവശമുള്ള പ്രാചീന ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഗവേഷകർക്ക് ലഭ്യമാക്കുക.
- മാർഗനിർദ്ദേശകർക്കും ഗവേഷകർക്കും പ്രാചീന ലിപികളിൽ സർവകലാശാലാതലത്തിൽ ആരംഭിക്കുക.
- താഴ്ന്ന ക്ലാസ്സുകൾ മുതൽ പാഠ്യപദ്ധതിയിൽ പ്രാചീന ലിപികളെയും ആലേഖനസമ്പ്രദായങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തുക.
- താളിയോലഗ്രന്ഥങ്ങൾ ശരിയായരീതിയിൽ പരിപാലിക്കുക.
- ആധുനിക ശാസ്ത്രസാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് താളിയോല ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ഗവേഷകർക്ക് ലഭ്യമാക്കുക.
- സർവകലാശാലകൾ, ഗവേഷ



ണവിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഫെലോഷിപ്പുകൾ ആനുപാതികമായി വർദ്ധിപ്പിക്കുക.

ഇത്തരം നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുകവഴി പാഠസംസ്കരണരംഗത്തെ മെല്ലെപ്പോക്ക് ഒരളവുവരെ പരിഹരിക്കാൻ കഴിയും.

**ഉപസംഹാരം**

കർത്താവ്, കാലം എന്നിവ നിർണയിക്കപ്പെടാതെ സാഹിത്യലോകത്ത് വാദകോലാഹലങ്ങൾ സൃഷ്ടിച്ചിട്ടുള്ള ധാരാളം കൃതികളുടെ മൂലപാഠം ഇന്നും താളിയോലകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഇത്തരം കൃതികളുടെ ശുദ്ധപാഠം നിർണയിച്ച് ജനശ്രദ്ധയിൽ കൊണ്ടുവരികയും അതുവഴി സാഹിത്യസൗധത്തിന്റെ അടിത്തറ ബലപ്പെടുത്തുകയും ചെയ്യുന്നതിന് സംശോധിതസംസ്കരണം കൂടിയേകഴിയൂ. യുവതലമുറയുടെ ശ്രദ്ധ ഈ മേഖലയിൽ എത്രയും പെട്ടെന്ന് പതിയുന്നുവോ, നമ്മുടെ ഭാഷയും സാഹിത്യവും അത്രമേൽ ധന്യമാകും.

കുറിപ്പുകൾ

1. മദ്രാസ് യൂണിവേഴ്സിറ്റിയിലെ മലയാളം പരീക്ഷയ്ക്കുവേണ്ടി തയ്യാർചെയ്യാനുള്ള പുസ്തകങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന കൂട്ടത്തിൽ, 'പഞ്ചതന്ത്രവും മുദ്രാരാക്ഷസവും ആദ്യപരീക്ഷയ്ക്ക് ഉപയോഗപ്രദമാണ്. മലയാളകവിതയുടെ മാതൃകയ്ക്ക് രണ്ടും നല്ലതാണ്. മറ്റുകാര്യങ്ങളെക്കാൾ മതപരമായി നോക്കിയാലും എതിർപ്പൊന്നുമുണ്ടാകില്ല.അത്രതന്നെ പ്രയാസമേറിയവയുമല്ല.' എന്നിങ്ങനെ ഗുണ്ടർട്ട് രേഖപ്പെടുത്തിയിരിക്കുന്നു.

   ചെറിയാൻ കുനിയന്തോടത്ത്, മലയാളസാഹിത്യവും ഡോ.ഹെർമൻഗുണ്ടർട്ടും അനുബന്ധം ആറ്- ഗുണ്ടർട്ടിന്റെ ഡയറികൾ ഒന്നാം ഭാഗം,പുറം- 352.

2. ജർമ്മനിയിലെ ട്യൂബിംഗൻ യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള മലയാളം കയ്യെഴുത്തു പ്രതികളെയും മുദ്രിതപ്പകർപ്പുകളെയും കുറിച്ച് പ്രൊഫ. സ്കറിയ, ഡോ.ചെറിയാൻ കുനിയന്തോടത്ത് എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ശേഖരത്തിൽനിന്നും പയ്യന്നൂർപാട്ടും ഗുണ്ടർട്ടിനാൽ വിരചിതങ്ങളായ അനേകം മലയാള ഗ്രന്ഥങ്ങളും വീണ്ടെടുത്തത് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന പാദങ്ങളിലാണ്.

3. ഡൽഹിയിലുള്ള നാഷണൽ മാനുസ്ക്രിപ്റ്റ്സ് മിഷന്റെ ആഭിമുഖ്യത്തിൽ പ്രീ മാനുസ്ക്രിപ്റ്റ്സ് സർവ്വേ (2003 മുതൽ), പോസ്റ്റ് മാനുസ്ക്രിപ്റ്റ്സ് സർവ്വേ (2007 മുതൽ) എന്നിങ്ങനെ രണ്ട് സർവേകൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു.ഇതുവഴി ലഭിച്ച വിവരങ്ങൾ ഇനിയും ഗവേഷകർക്ക് ഉപയുക്തമായ രീതിയിൽ ക്രോഡീകരിച്ചിട്ടില്ല.

**ഡോ. അനിറ്റ ഷാജി**
സെന്റ്. ജോർജ് കോളജ്, അരുവിത്തുറ

# വിമർശനകലയും സുകുമാർ അഴീക്കോടിന്റെ സർഗാത്മകജീവിതവും

കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ ആധികാരിക ശബ്ദമായി പതിറ്റാണ്ടുകൾ നിറഞ്ഞു നിന്ന വ്യക്തിത്വമാണ് സുകുമാർ അഴീക്കോട്. പ്രഭാഷണകലയിൽ പ്രഗല്ഭനായിരുന്ന അദ്ദേഹത്തിന്റെ ശൈലി സാഗരഗർജനം എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. 1926 മെയ് 12 ന് കണ്ണൂർ ജില്ലയിലെ അഴീക്കോടാണ് കോലോത്ത് തട്ടാരത്ത് സുകുമാരൻ എന്ന സുകുമാർ അഴീക്കോട് ജനിച്ചത്. 2012 ജനവരി 24ന് എൺപത്തിയഞ്ചാം വയസിൽ അദ്ദേഹം അന്തരിക്കുകയും ചെയ്തു. ഐക്യകേരളം രൂപപ്പെടുന്നതിനും ഇന്ത്യ സ്വതന്ത്രമാകുന്നതിനും മുമ്പുള്ള ഭൂമിശാസ്ത്രപശ്ചാത്തലത്തിലാണ് അദ്ദേഹത്തിന്റെ ജനനവും രൂപപ്പെടലും സംഭവിച്ചതെന്ന് ആമുഖമായി മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയുടെയും കേരളത്തിന്റെയും രൂപീകരണദശയിലെ നിർണായകമായ കാലയളവുകളിലൂടെ വികസിച്ചതും പരിണമിച്ചതുമാണ് അദ്ദേഹത്തിന്റെ വ്യക്തിത്വവും നിലപാടുകളുമെന്നത് ഓർമിക്കേണ്ടിയിരിക്കുന്നു. സുകുമാർ അഴീക്കോട് എന്ന വ്യക്തിയെയും അദ്ദേഹത്തിന്റെ ബഹുമുഖ സംഭാവനകളെയും ഇന്ന് അനുസ്മരിക്കുമ്പോൾ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അദ്ദേഹത്തെ സ്ഥാനപ്പെടുത്തേണ്ടത് അനിവാര്യമാകുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മലബാറിലും ഇന്ത്യയിലുടനീളവും നടന്ന നവോത്ഥാന മുന്നേറ്റങ്ങൾ സുകുമാർ അഴീക്കോട് എന്ന വ്യക്തിയെ സ്വാധീനിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ എന്നിവരെ തന്റെ ജീവിതത്തിന്റെയും നിലപാടുകളുടെയും അടിസ്ഥാനമായി ആത്മകഥാപരമായ കുറിപ്പുകളിൽ അദ്ദേഹം അംഗീകരിക്കുന്നു. ഇരുപതാം വയസ്സിൽ ഗാന്ധിജിയെ നേരിട്ടുകണ്ട അനുഭവവും അദ്ദേഹത്തിന്റെ നിര്യാണത്തിൽ വേദനിച്ചതിന്റെ ഓർമകളും പ്രഭാഷണങ്ങളിൽ അദ്ദേഹം ആവർത്തിക്കുന്നു. ശ്രീനാരായണൻ എന്ന് വിശേഷിപ്പിച്ചുകൊണ്ട് നാരായണഗുരുവിന്റെ ചിന്തകളെ ഉൾക്കൊള്ളുന്ന സമീപനവും അഴീക്കോടിന്റെ പ്രബന്ധങ്ങളിലും പ്രഭാഷണങ്ങളിലും പ്രകടമാകുന്നു. മധുരമലയാളത്തിൽ ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്ന വാഗ്ഭടാനന്ദന്റെ പ്രസംഗങ്ങൾ തന്നെ ആകർഷിച്ചതിനെക്കുറിച്ചും അഴീക്കോട് അനുസ്മരിക്കുന്നുണ്ട്. ഇത്തരത്തിൽ, സാമൂഹികതയും ആദ്ധ്യാത്മികതയും കൃത്യമായി ഉൾക്കൊണ്ടുകൊണ്ട് സമൂഹനന്മയ്ക്കായി പ്രവർത്തിച്ചിരുന്ന ഈ മൂന്ന് വ്യക്തിത്വങ്ങളാണ് സുകുമാർ അഴീക്കോട് എന്ന വ്യക്തിയെയും അദ്ദേഹത്തിന്റെ ദർശനങ്ങളെയും പരുവപ്പെടുത്തിയതെന്ന് പറയുവാനാകും. ഗാന്ധിയൻ എന്ന് വിശേഷിപ്പിക്കുവാനാണ് ജീവിതകാലയളവിലുടനീളം അദ്ദേഹം താൽപര്യപ്പെട്ടിരു



ന്നത്. സാഹിത്യനിരൂപകനെന്ന നിലയിൽ ജോസഫ് മുണ്ടശേരി, എം.പി. പോൾ, കുട്ടിക്കൃഷ്ണമാരാര് എന്നിവരുടെ തലമുറയ്ക്ക് ശേഷമാണ് സുകുമാർ അഴീക്കോട് വിമർശനചരിത്രത്തിൽ അടയാളപ്പെടുന്നത്. വിമർശനത്തെ ഒരു സർഗാത്മവൃത്തിയായി ഉൾക്കൊള്ളുകയും ക്രിയാത്മകമായി പ്രവർത്തിക്കുകയും ചെയ്യുന്ന സമീപനം അദ്ദേഹം സ്വീകരിച്ചിരുന്നു.

സാമൂഹികപശ്ചാത്തലത്തോടൊപ്പം വിദ്യാഭ്യാസവും സുകുമാർ അഴീക്കോടെന്ന വ്യക്തിയെ രൂപപ്പെടുത്തിയതിൽ പ്രധാനമാണ്. അദ്ധ്യാപകൻ കൂടിയായിരുന്ന പിതാവ് വിദ്വാൻ പി. ദാമോദരനും അമ്മ കെ.ടി. മാധവിയമ്മയും മക്കൾക്ക് വിദ്യാഭ്യാസവും കൃത്യമായ ദിശാബോധവും നൽകുന്നതിൽ ശ്രദ്ധിച്ചിരുന്നു. വീട്ടിൽത്തന്നെ ഉണ്ടായിരുന്ന വിപുലമായ ലൈബ്രറി സുകുമാർ അഴീക്കോടിന്റെ വൈജ്ഞാനിക തൃഷ്ണകളെ വികസിപ്പിച്ചു. അപ്രകാരം, കൊമേഴ്സിൽ ബിരുദവും മലയാളത്തിലും സംസ്കൃതത്തിലും ബിരുദാനന്തര ബിരുദവും അദ്ദേഹം പൂർത്തിയാക്കി. ഉപനിഷത്തുകളിലും വേദങ്ങളിലും സംസ്കൃതകാവ്യങ്ങളിലും ആഴത്തിൽ പാണ്ഡിത്യമുണ്ടാകുവാനും തർക്കശാസ്ത്രം പഠിക്കുവാനും അദ്ദേഹത്തിന്റെ സംസ്കൃത വിദ്യാഭ്യാസം ഉപകരിച്ചു. കൂടാതെ, പാശ്ചാത്യവും പൗരസ്ത്യവുമായ തത്ത്വചിന്തകൾ താരതമ്യാത്മകമായി മനസിലാക്കുവാനും അദ്ദേഹത്തിന്റെ ബഹുവിഷയങ്ങളിലുള്ള പഠനം കാരണമായി. തർക്കശാസ്ത്രത്തിലുള്ള അറിവ് പ്രഭാഷണകലയിലും വിമർശനത്തിലും വിജയിക്കുവാൻ അഴീക്കോടിന് സഹായകമായിരുന്നിരിക്കണം. പിന്നീട് കേരള സർവകലാശാലയിൽ നിന്ന് മലയാളത്തിൽ ഗവേഷണ ബിരുദവും അദ്ദേഹം നേടുകയുണ്ടായി.

അദ്ധ്യാപകൻ, പ്രഭാഷകൻ, നിരൂപകൻ, കാലിക്കറ്റ് സർവകലാശാല പ്രോ-വൈസ് ചാൻസിലർ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പണ്ഡിതനാണ് സുകുമാർ അഴീക്കോടെന്ന് ഒറ്റവാചകത്തിൽ വിശേഷിപ്പിക്കുവാനാകും. എന്നാൽ, സമാനമായ മേഖലകളിൽ വ്യാപരിച്ച വ്യക്തിത്വങ്ങളേക്കാൾ കേരളീയരെ സംബന്ധിച്ചിടത്തോളം അദ്ദേഹം വ്യത്യസ്തനാണ്. തലമുറകൾക്ക് ദിശാബോധം നൽകുകയും ഭാവുകത്വരൂപീകരണത്തിൽ ഇടപെടുകയും ചെയ്ത കേസരി എ. ബാലകൃഷ്ണപിള്ള, എം. ഗോവിന്ദൻ തുടങ്ങിയ പണ്ഡിതരിൽ നിന്ന് സുകുമാർ അഴീക്കോട് എപ്രകാരം വ്യത്യസ്തനാകുന്നുവെന്ന് അന്വേഷിക്കേണ്ടതുണ്ട്. ഇതിന്റെ ഉത്തരം തിരയുമ്പോൾ സാമൂഹിക വിമർശനവും പ്രഭാഷണകലയുമാണ് അദ്ദേഹത്തെ പൊതുജന സ്വീകാ

ര്യനാക്കിയതെന്ന് മനസ്സിലാക്കവാനാകും. അദ്ദേഹം, സമൂഹത്തിലെ ചലനങ്ങളോട് സക്രിയമായി പ്രതികരിക്കുകയും സാഹിത്യപഠനങ്ങൾ നടത്തുകയും ചെയ്തിരുന്നു. അക്കാദമികൾ അടക്കമുള്ള സ്ഥാപനങ്ങളിലും സർവകലാശാലകളിലും അധികാരമുള്ള സ്ഥാനങ്ങളിൽ അദ്ദേഹം ഉപവിഷ്ടനായിരുന്നു. സാഹിത്യകാരന്റെയും സാഹിത്യകൃതികളുടെയും ശ്രേണീവൽകരണത്തിൽ ഇടപെടുവാൻ ശേഷിയുള്ള പദവികളിൽ അഴീക്കോട് സ്ഥാനം നേടിയിരുന്നു. ഇത്തരത്തിൽ, ആധികാരികതയുടെ മുഖമായി സുകുമാർ അഴീക്കോട് ജനസ്വീകാര്യത നേടി. പ്രതിവർഷം നാനൂറോളം പ്രഭാഷണങ്ങൾ അദ്ദേഹം നടത്തിയിരുന്നു.

അത്തരത്തിൽ ചിന്തിച്ചാൽ പ്രഭാഷണങ്ങളിലൂടെയും യുക്തിയിലധിഷ്ഠിതമായ വിമർശനങ്ങളിലൂടെയും മലയാളിയെ ചിന്തിക്കുന്ന സാമൂഹികഗണമാക്കി പരിവർത്തിപ്പിച്ചതിൽ അഴീക്കോടിന് പങ്കുണ്ട് എന്ന് മനസ്സിലാക്കുവാനാകും. യൂട്യൂബിലും വ്യത്യസ്ത ടെലിവിഷൻ ചാനലുകളിലെ അഭിമുഖപരിപാടികളിലും സുകുമാർ അഴീക്കോടിനെ കേൾക്കുവാനും മനസ്സിലാക്കുവാനുമുള്ള സാധ്യതകൾ ഇന്ന് നിലനിൽക്കുന്നു. അത്തരം വീഡിയോ ഉള്ളടക്കങ്ങളിൽ സാമൂഹികവിഷയങ്ങളും വ്യക്തിജീവിതവുമാണ് കൂടുതൽ അടയാളപ്പെട്ടിട്ടുള്ളത്. ചില പ്രഭാഷണങ്ങൾ പിൽക്കാലത്ത് ലേഖനരൂപത്തിലേക്ക് അഴീക്കോടുതന്നെ വികസിപ്പിച്ചിട്ടുമുണ്ട്. മലയാള സാഹിത്യപഠനങ്ങൾ, വിശ്വസാഹിത്യപഠനങ്ങൾ, ഖണ്ഡനവും മണ്ഡനവും, തത്ത്വവും മനുഷ്യനും എന്നീ പുസ്തകങ്ങളിൽ ഏതാനുംചില പ്രഭാഷണങ്ങളുടെ ലേഖനരൂപങ്ങളും പ്രബന്ധങ്ങളും സമാഹരിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യനിരൂപകനെന്ന നിലയിൽ അദ്ദേഹത്തെ മനസ്സിലാക്കുവാൻ പുസ്തകങ്ങളാണ് ഉപകരിക്കുക. സുകുമാർ അഴീക്കോട് എഴുതിയവയും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളോടുള്ള പ്രതികരണങ്ങളെന്ന നിലയിലുള്ള എഴുത്തുകളും അഴീക്കോടിനെക്കുറിച്ചുള്ള സ്മരണികകളും സ്ഥാനപ്പെടുത്തലുകളും പുസ്തകരൂപത്തിൽ ലഭ്യമാണ്.

അഴീക്കോടിന്റെ പഠനങ്ങളും വിമർശനങ്ങളും അനേകം മേഖലകളിലായി പടർന്നുകിടക്കുന്നു. കവിത, നോവൽ, ചെറുകഥ, ഉപന്യാസം എന്നിങ്ങനെ മലയാളസാഹിത്യത്തിലെ വ്യത്യസ്ത സാഹിത്യപ്രസ്ഥാനങ്ങളെ അവയുടെ രൂപസവിശേഷതകൾ മുൻനിർത്തി അപഗ്രഥിക്കുന്ന പഠനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. ഒറ്റയൊറ്റ കൃതികളും സവിശേഷ സ്വഭാവം പിന്തുടരുന്ന ഒരുപറ്റം കൃതികളും സാഹിത്യചരിത്രത്തിൽ ഭാവുകത്വപരമായ വിച്ഛേദം നടപ്പിലാക്കിയതെങ്ങനെയെന്ന് അപഗ്രഥിക്കുന്ന നിരൂപണങ്ങൾ അദ്ദേഹം രചിച്ചവയിൽ ഉൾപ്പെടുന്നു. കൃതികളെയും എഴുത്തുകാരനെയും സാമൂഹിക സാംസ്കാരിക പരിതസ്ഥിതിയോട് ബന്ധിപ്പിച്ചും സാഹിത്യസങ്കേതങ്ങളുടെ രീതിശാസ്ത്രമനുസരിച്ചും അപഗ്രഥിക്കുന്ന ശൈലിയാണ് അദ്ദേഹം പൊതുവിൽ പിന്തുടരുന്നത്.അദ്ദേഹത്തിന്റെ ശ്രദ്ധിക്കപ്പെട്ട ആദ്യ നിരൂപണം 1954ൽ പുറത്തുവന്ന ആശാന്റെ സീതാകാവ്യം ആയിരുന്നു. താരതമ്യപഠനത്തിന്റെയും മനശാസ്ത്രവിശകലനത്തിൻറെയും രീതിപദ്ധതികൾ ഈ പഠനത്തിൽ അഴീക്കോട് പ്രയോഗിച്ചു. സാഹിത്യകൃതികളെ നിശിതമായി വിശകലനവിധേയമാക്കുന്ന ഖണ്ഡനവിമർശത്തിന്റെ വക്താവാണ് സുകുമാർ അഴീക്കോടെങ്കിൽക്കൂടിയും ആശാന്റെ സീതാകാവ്യം എന്ന കൃതി മണ്ഡനവിമർശനസ്വഭാവം പുലർത്തുന്നു. 1956ൽ പുറത്തുവന്ന രമണനും മലയാളകവിതയും എന്ന പ്രബന്ധം മണ്ഡനത്തിന്റെയും ഖണ്ഡനത്തിന്റെയും പാരസ്പര്യം നിലനിർത്തുന്നതുമായിരുന്നു. ഖണ്ഡനവിമർശനമെന്ന് പൂർണമായും രേഖപ്പെടുത്താവുന്ന സുകുമാർ അഴീക്കോടിന്റെ ആദ്യകൃതി ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു എന്ന അപഗ്രഥനസ്വഭാവമുള്ള പഠനമാണ്. മലയാളത്തിലെ റൊമാൻറിക് കവിതയുടെ അപചയത്തെക്കുറിച്ച് എഴുതപ്പെട്ട പഠനമെന്ന നിലയിൽ പ്രസ്തുത കൃതിക്ക് ഇന്നും വായനാക്ഷമതയുണ്ട്. മലയാളസാഹിത്യചരിത്രത്തിലൂടെയുള്ള സഞ്ചാരമെന്ന നില അഴീക്കോടിൻറെ ഭൂരിഭാഗം പഠനങ്ങൾക്കും കൈവരുന്നുണ്ട്.

അഴീക്കോടിന്റെ "തുഞ്ചത്തെഴുത്തച്ഛൻ" എന്ന പ്രബന്ധത്തിൽ മണിപ്രവാളപാരമ്പര്യത്തിൽനിന്ന് എഴുത്തച്ഛന്റെ കല ഏതുവിധത്തിൽ വ്യത്യസ്തമായിരുന്നുവെന്ന് അന്വേഷിക്കുന്നു. മലയാളഭാഷയ്ക്ക് സംസ്കൃതപദങ്ങൾ നൽകിയെന്നതിനേക്കാൾ ഉപരിയായി സംസ്കൃതമായ ഭാവങ്ങളെ അവതരിപ്പിക്കുന്നതിൽ എഴുത്തച്ഛൻ സ്വീകരിച്ച രീതി അഴീക്കോട് പ്രസ്തുത പഠനത്തിൽ അപഗ്രഥിക്കുന്നു. ശൃംഗാരവർണനകളെ സംസ്കൃതമായ ശൈലിയിൽ അവതരിപ്പിച്ച എഴുത്തച്ഛന്റെ പിന്തുടർച്ചയായി കുമാരനാശാനെ അടയാളപ്പെടുത്തുവാനും അദ്ദേഹം മുതിരുന്നു. ഇത്തരത്തിൽ, മലയാള സാഹിത്യചരിത്രത്തിലൂടെ പല മട്ടിൽ സഞ്ചരിക്കുവാനും ഓരോ സാഹിത്യപ്രവണതകളെയും കൃത്യമായി അടയാളപ്പെടുത്തുവാനുമാണ് പ്രബന്ധങ്ങളിലൂടെ അഴീക്കോട് ശ്രമിച്ചിട്ടുള്ളത്. ആ നിലയ്ക്ക് അദ്ദേഹത്തിന്റെ ഓരോ പ്രബന്ധങ്ങളും സാഹിത്യചരിത്രമൂല്യമുൾക്കൊള്ളുന്നവയായി മനസ്സിലാക്കുവാനാകും.

നോവൽസാഹിത്യത്തിൽ സി.വി. രാമൻപിള്ളയുടെ പ്രസക്തിയും പ്രാധാന്യവും അപഗ്രഥിക്കുന്ന "സി.വി. യുടെ കഥാപ്രതിഭ" എന്ന അഴീക്കോടിന്റെ ലേഖനം അദ്ദേഹത്തിന്റെ സമീപനരീതി വ്യക്തമാകുവാൻ കൂടുതൽ സഹായകരമാണ്. നോവൽ എന്ന സാഹിത്യരൂപത്തിന്റെ ഉദയവും മലയാളത്തിൽ നോവലിന് സ്വീകാര്യത നേടിക്കൊടുത്ത പശ്ചാത്തലവും പ്രസ്തുത ലേഖനത്തിൽ അഴീക്കോട് അപഗ്രഥിക്കുന്നു. വർത്തമാന കാല താൽപര്യം ഏറിനിൽക്കുന്ന കാലത്ത് സ്വീകാര്യത നേടുന്ന സാഹിത്യരൂപമെന്ന നിലയിലാണ് നോവലിനെ അഴീക്കോട് സമീപിക്കുന്നത്. വർത്തമാനകാലത്തോട് പ്രതികരിച്ച നോവലെഴുതിയത് ഒ. ചന്തുമേനോനാണെന്ന്



അദ്ദേഹം അംഗീകരിക്കുന്നു.
എന്നാൽ, സ്വന്തമായ ഭാഷയും ഭാവനാലോകവും സൃഷ്ടിക്കുക വഴി മലയാളത്തിൽ നിന്ന് വിശ്വസാഹിത്യത്തിലേക്ക് പ്രവേശനം ലഭിക്കുന്ന എഴുത്തുകാരനായി സി.വി.യെ അഴീക്കോട് വിലയിരുത്തുന്നു. "വാദ്ധ്യാരും കഥാകാരനും" എന്ന ലേഖനത്തിൽ കാരൂർ നീലകണ്ഠപ്പിള്ളയുടെ ചെറുകഥകളെയാണ് വിശകലനവിധേയമാക്കുന്നത്. ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ പറച്ചിൽ സ്വഭാവത്തോട് ചേർന്നുനിൽക്കുന്ന കഥകളാണ് കാരൂരിന്റേതെന്ന് അഴീക്കോട് നിരീക്ഷിക്കുന്നു. അദ്ധ്യാപകനെന്ന നിലയിലുള്ള മൂല്യബോധങ്ങൾ കാരൂർക്കഥകളുടെ പരിണതിയെ സ്വാധീനിച്ചിട്ടുണ്ടോയെന്ന അന്വേഷണമാണ് പ്രസ്തുത ലേഖനത്തിൽ അദ്ദേഹം നടത്തുന്നത്. സി.ജെ. തോമസിനെ മുൻനിർത്തി അധികം പഠനവിധേയമായിട്ടില്ലാത്ത മലയാളത്തിലെ ഉപന്യാസ ശാഖയെയും അഴീക്കോട് അപഗ്രഥിക്കുന്നു. വിനോദപാരമ്പര്യവും ഉദ്ബോധനപാരമ്പര്യവുമുള്ള ഉപന്യാസശാഖയിൽ ഉദ്ബോധന സ്വഭാവമുള്ള ഉപന്യാസകാരനായി സി.ജെ. യെ അഴീക്കോട് അടയാളപ്പെടുത്തുന്നു. വിശേഷണപദങ്ങൾ വളരെ കുറച്ചുമാത്രം ഉപയോഗിക്കുന്ന സി.ജെ. യുടെ ഗദ്യശൈലിയെ അദ്ദേഹം പ്രശംസിക്കുന്നുണ്ട്.

അഴീക്കോടിന്റെ ഓരോ പ്രബന്ധങ്ങളെയും മുൻനിർത്തി ഇത്തരത്തിലുള്ള വിശകലനം സാധ്യമാണ്. ഓരോ സാഹിത്യശാഖയുടെയും അടിസ്ഥാനസ്വഭാവം മനസ്സിലാക്കുകയും ഓരോ എഴുത്തുകാരുടെയും സവിശേഷ ശൈലി അപഗ്രഥിക്കുകയും ചെയ്ത ശേഷം അവർ നടപ്പിലാക്കിയ വിച്ഛേദങ്ങളെയും തുടർച്ചകളെയും അടയാളപ്പെടുത്തുന്ന രീതിയാണ് അഴീക്കോട് പൊതുവിൽ പിന്തുടരുന്നത്.

നിരൂപകനെന്ന നിലയിൽ സുകുമാർ അഴീക്കോടിനെ മനസ്സിലാക്കുവാൻ ഇവിടെ പരാമർശിച്ച കൃതികൾ ഉപകരിക്കുമെങ്കിലും അദ്ദേഹത്തിന്റെ മൗലികസംഭാവനയായി അടയാളപ്പെടുത്തപ്പെട്ട ഗ്രന്ഥം മലയാളസാഹിത്യവിമർശനമാണ്. സാഹിത്യവിമർശനത്തിന്റെ ചരിത്രം വിമർശനാത്മകമായി രേഖപ്പെടുത്തുന്ന ഗവേഷണപ്രബന്ധമെന്നതാണ് പ്രസ്തുത പുസ്തകത്തിന്റെ പ്രസക്തി. വിമർശനത്തെ ഒരു സർഗാത്മകവൃത്തിയായി അംഗീകരിക്കുന്ന നിലപാട് അഴീക്കോട് മുമ്പ് തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. വിമർശന ചരിത്രമെഴുതുന്നതിലൂടെ ഒരു ഭാഷയിലെ ചിന്തയുടെ ചരിത്രം രേഖപ്പെടുത്തുവാനുള്ള ശ്രമം അഴീക്കോട് നടപ്പിലാക്കുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യസിദ്ധാന്തങ്ങളെ സമന്വയിപ്പിക്കുകയും മലയാള സാഹിത്യവിമർശനത്തിന്റെ വേരുകൾ അടയാളപ്പെടുത്തുകയുമാണ് അദ്ദേഹം ചെയ്തതെന്ന് പറയുവാനാകും. മലയാളസാഹിത്യവിമർശനത്തിന് ശേഷം അഴീക്കോടിന്റെ കൂടുതൽ സ്വീകാര്യത നേടിയ ഗ്രന്ഥം തത്ത്വമസിയാണ്. ഉപനിഷത്തുകളെക്കുറിച്ച് മലയാളത്തിലുണ്ടായ സമഗ്രപഠനമായ തത്ത്വമസി എന്ന ഗ്രന്ഥം അഴീക്കോടിന് വിപുലമായ വായനാസമൂഹത്തെ പ്രദാനം ചെയ്തു.

സുകുമാർ അഴീക്കോടിനെ ഇന്ന് അനുസ്മരിക്കുമ്പോൾ സാമൂഹിക വിഷയങ്ങളോട് സത്യസന്ധമായി പ്രതികരിച്ച മനുഷ്യനെന്ന നിലയിലാണ് അടയാളപ്പെടുത്തുവാനാകുക. സ്വാർത്ഥയോടെയും നയപരമായും നിലപാടുകൾ സ്വീകരിക്കപ്പെടുന്ന ഇന്നത്തെ കാലത്ത് ഗാന്ധിയൻ ആദർശങ്ങളിലും ശ്രീനാരായണീയ മൂല്യങ്ങളിലും അടിയുറച്ച സുകുമാർ അഴീക്കോട് എന്ന വ്യക്തി ഉയർന്നുനിൽക്കുന്നു. പ്രതിപക്ഷബോധവും വിമർശനാവബോധവും സമസ്ത മേഖലകളിലും പിന്തുടർന്ന വ്യക്തിയാണ് അദ്ദേഹമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. പാണ്ഡിത്യം ജനോപകാരപ്രദമായി വിനിയോഗിച്ച വ്യക്തിയെന്ന നിലയിൽ അദ്ദേഹം തുടർന്നും സ്മരിക്കപ്പെടുമെന്നത് തീർച്ചയാണ്.

**ഡോ. കെ.പി. ജയകുമാർ**
എൻഎസ്എസ് കോളജ് ചേർത്തല

# വായനയുടെ പാഠാന്തരങ്ങൾ; എഴുത്തിന്റെയും

പാഠസംയുക്തങ്ങളുടെ അടരുകളിലേയ്ക്കുള്ള നിതാന്തമായ അന്വേഷണമാണ് വായന. എഴുത്താകട്ടെ അനവധി പാഠങ്ങളുടെയും പാഠാന്തരങ്ങളുടെയും സമുച്ചയമാണ്. പരസ്പര പൂരിതവും പരസ്പര ഭിന്നവുമായ എഴുത്തിന്റെയും വായനയുടെയും പാഠാന്തര ബഹുപാഠ സമസ്യകളെ വിശകലനംചെയ്യുന്ന ലേഖനസമാഹാരമാണ് പി പി രവീന്ദ്രന്റെ 'പാഠാന്തര വായനകൾ'. സുസ്ഥിരപാഠം എന്ന ശിലാകാരത്തെ ശില്പങ്ങളിലേയ്ക്കും മൺതരിയിലേയ്ക്കും നയിക്കുന്ന ആന്തരികവും ബാഹ്യവും സാമൂഹികവും ചരിത്രപരവും രാഷ്ട്രീയവുമായ ബന്ധ–വൈരുധ്യങ്ങളെ നിർദ്ധാരണം ചെയ്യുകയാണ് ഈ ഗ്രന്ഥം. പാഠം എന്നത് ആന്തരികമായ ഏകത്വം കാത്തുസൂക്ഷിക്കുന്ന അടഞ്ഞ ഘടനയല്ലെന്നും സ്ഥലകാലങ്ങളിലൂടെ വികസിതമാകുന്ന സാമൂഹിക പ്രയോഗമാണെന്നും എന്ന ആശയത്തിന്റെ വിപുല സംവാദമാണ് 'തുടക്കം: പാഠാന്തരവായന' എന്ന ആമുഖ ലേഖനം. പാഠത്തെക്കുറിച്ച് കാലാകാലങ്ങളായി രൂപപ്പെട്ടുവന്ന ചിന്താവലികളെ സമകാലിക സൈദ്ധാന്തിക ധാരണയുടെ വെളിച്ചത്തിൽ പുനർവായിക്കുകയാണ് ഈ ലേഖനം.



വായന ചരിത്രത്തിലൂടെ സംഭവിക്കുകയോ വികസിതമാവുകയോ ചെയ്യുന്ന അനവധി പാഠങ്ങളുടെ പാഠാന്തര ബന്ധങ്ങളുടെ ചരിത്രം ഇവിടെ സന്നിഹിതമാകുന്നു. എഴുത്ത്, അച്ചടി, വായന തുടങ്ങിയ വ്യവഹാരങ്ങളിലൂടെയും അതിന്റെ ജനാധിപത്യവൽക്കരണത്തിലൂടെയുമാണ് സാമൂഹികമായ മാറ്റങ്ങൾ സാധ്യമായതെന്ന നിരീക്ഷണം എഴുത്തുകാരൻ മുന്നോട്ട് വയ്ക്കുന്നു. സമൂഹരൂപീകരണത്തിലോ സാമൂഹിക നവോത്ഥാനങ്ങളിലെ പരിണാമങ്ങളിലോ ലീനമായിരിക്കുന്ന വായനയുടെ നാനാർത്ഥങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ വിശകലനമാണിത്. എഴുത്തും വായനയും അച്ചടിയുടെ വ്യാപനവും സാധ്യമാക്കിയ തുറസ്സിലാണ് നമ്മുടെ സ്വാതന്ത്ര്യ സ്വപ്നങ്ങളുടെ നവോത്ഥാന ചിന്തകളും തിടംവച്ചതെന്ന കേരള ചരിത്രസന്ദർഭങ്ങളെ ഈ നിരീക്ഷണങ്ങളോട് ചേർത്ത് വായിക്കാം.

"സ്വയംപൂർണ്ണവും ഏകീകൃത കർതൃത്വത്തിന്റെ ഉൽപ്പന്നവുമായ" കാവ്യം എന്ന വ്യവസ്ഥാപിത കവിതാപാഠത്തെ പാഠാന്തര കാവ്യനിർമ്മിതിയുടെ ചരിത്രത്തിലൂടെ പുനസന്ദർശിക്കുകയാണ് 'കവിതയും പാഠാന്തരതയും' എന്ന ലേഖനം. 'കാവ്യാനുഭവത്തെ കാവ്യവസ്തുവിന്റെ അടഞ്ഞ ഘടനകളിലേയ്ക്ക് തളച്ചിടാനും അവയിൽനിന്നുയർന്നുവരുന്ന നിശ്ചലമായ പാഠത്തെ കാവ്യമായി വ്യാഖ്യാനിക്കാനും' ശ്രമിക്കുന്ന പാഠശിലാഴ്യാഖ്യാനങ്ങളെ അലിയിച്ചെടുക്കുന്ന പാഠാന്തരതയുടെ വ്യാഖ്യാന വായനാസാധ്യതകളാണ് ഈ ലേഖനം പരിശോധിക്കുന്നത്. മുകാലങ്ങളുടെയും മുൻഗാമികളുടെയും കാവ്യലോകത്തിന്റെ പ്രതിധ്വനികൾ സമകാലിക കവികളിൽ ബോധപൂർവ്വമായോ അബോധപൂർവ്വമായോ കടന്നുവരുന്നുണ്ട്. കാവ്യമെന്നത് കാവ്യചരിത്രത്തിലെ അനേക സന്ദർഭങ്ങളുടെ സമന്വയമോ സമുച്ചയമോ ആയിത്തീരുന്നത് പാഠാന്തരവായനകളുടെ പ്രത്യക്ഷമാണ്. കാവ്യാനുശീലനവും ചരിത്രബോധവും സാമൂഹ്യാനുഭവങ്ങളും കലാചിന്തയും ചിത്രകലയും ചലച്ചിത്രവും വൈകാരികമായും ബൗദ്ധികമായും കലർന്നും കലങ്ങിയും പ്രത്യക്ഷമാകുന്ന കാവിത പാഠാന്തരങ്ങളുടെ എഴുത്തും വായനയുമാണ്.

പലതരം സാഹിത്യരൂപങ്ങളുടെയോ സാഹിത്യഗണങ്ങളുടെയോ സങ്കലനമാണ് നോവൽ സാഹിത്യം. പാഠാന്തരത അതിന്റെ അടിസ്ഥന സാഹിത്യതത്വമായി മാറുന്നു. ഈ ചിന്തയുടെ വിപുലനമാണ് 'നോവലും ഇതിഹാസവും പുനരെഴുത്തിലെ മഹാഭാരതം' എന്ന പഠനം. പലകാലങ്ങളിൽ പറഞ്ഞുംപാടിയും മൂലരൂപമായി സമാഹരിക്കപ്പെട്ടും നിരവധി വ്യാഖ്യാനങ്ങളിലൂടെയും പുനരെഴുത്തുകളിലൂടെയും മാറിമറിഞ്ഞും സുസ്ഥിരപാഠം എന്ന ചിന്തയെ അതിന്റെ ആരംഭത്തിൽതന്നെ നിരാകരിച്ചും വിപുലമായ ഇതിഹാസമായി മഹാഭാരതത്തെ വായിക്കാം. 'പാഠപുനർനിർമ്മിതിയിലൂടെ മൂലരൂപത്തിൽനിന്ന്




വീണ്ടെടുക്കാവുന്ന ആധികാകവും ഏകശിലാരൂപിയുമായ ഒരു മഹാഭാരതകഥ ഈ പ്രബന്ധത്തിന്റെ വിവക്ഷയിലില്ല. സുധീർഘമായ ഒരു കാലയളവിലെ വ്യാഖ്യാനത്തിന്റെയും പുനരാഖ്യാനത്തിന്റെയും ഒഴിവാക്കലുകളുടെയും കൂട്ടിച്ചേർക്കലുകളുടെയും പരിണിതഫലമാണ് ഇതിഹാസകഥയുടെ ഇന്നത്തെ രൂപം.' ഇതിഹാസത്തെ നിരന്തരം പുനരെഴുതുന്ന കാലത്തിന്റെ പ്രവർത്തനവും പ്രതിപ്രവർത്തനവുമാണ് ഈ ലേഖനം വിശകലനം ചെയ്യുന്നത്.

'യുക്തിയും അഭിരുചിയും പത്തൊമ്പതാം നൂറ്റാണ്ടിലെ സാഹിത്യ വ്യവഹാരം' എന്ന പഠനം കേരളീയ ആധുനകതയെക്കുറിച്ച് നിലനിൽക്കുന്ന ധാരണകളുടെയും അറിവുകളുടെയും പുനഃപരിശോധന എന്ന നിലയിലാണ് ഈ ലേഖനം പ്രസക്തമാകുന്നത്. 'പാസ്ചാത്യ ആധുനികതയുമായുള്ള സമ്പർക്കത്തിന്റെയും വിനിമയത്തിന്റെയും പശ്ചാത്തലത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ വികസിച്ചുവന്ന സവിശേഷമായ സാമൂഹികാവസ്ഥയുടെയും അതുനായി ബന്ധപ്പെട്ട ലോകബോധത്തിന്റെയും അധികം വിസ്തരിക്കപ്പെട്ടിട്ടില്ലാത്ത ഒരു വശത്തേക്കുറിച്ചാണ് ഈ പരിശോധന.' എന്ന് ആമുഖമായി പറയുന് നലേഖനം പത്തൊമ്പതാം ശതകത്തിലെ സാഹിത്യ വ്യവഹാരങ്ങളെ സവിശേഷമായി പഠനവിധേയമാക്കുകയാണിവിടെ.

പാശ്ചാത്യ ആധുനികതയുമായുള്ള സമ്പർക്കത്തിന്റെ ഫലമായി ഇന്ത്യടെ വിവിധ ഭാഗങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ഉയർന്നുവന്ന മത സാമൂഹ്യ നവീകരണ പ്രസ്ഥാനങ്ങൾക്ക് സമാന്തരമായി ബദൽ ആധുനികതയുടെ സവിശേഷമായൊരു സാമൂഹ്യസംവാദ മണ്ഡലം സൃഷ്ടിച്ച ചട്ടമ്പിസ്വാമികളെ പുനർവായിക്കുന്ന ലേഖനമാണ് 'ചട്ടമ്പസ്വാമികൾ: നവോത്ഥാനവും ബദൽ ആധുനികതയും'. ചട്ടമ്പിസ്വാമികളുടെ ജീവിതവും ചിന്തകളും വിശകലനം ചെയ്തുകൊണ്ട് ബദൽ ആധുനികതയെന്ന ആശയത്തെ സംവാദാത്മകമാക്കുകയാണ് ഈ ലേഖനം. 'യുക്തിയും അഭിരുചിയും പത്തൊമ്പതാം നൂറ്റാണ്ടിലെ സാഹിത്യ വ്യവഹാരം' എന്ന പഠനവും ചട്ടമ്പിസ്വാമി ചിന്തകളെ ആധാരമാക്കിയുള്ള രചനയും കേരളീയ സമൂഹരൂപീകരണത്തിന്റെ പരസ്പര പൂരകങ്ങളായ രണ്ട് വ്യവഹാരങ്ങളെക്കുറിച്ചുള്ള പുനർവായനകളാണ്.

'അതിചിന്തയുടെ നൂറ് വർഷങ്ങൾ' ആശാന്റെ ചിന്താവിഷ്ടയായ സീതയുടെ പുതുപാരായണമാണ്. ആറ്റൂർ രവിവർമ്മ, ഡി വിനയചന്ദ്രൻ, മുല്ലനേഴി, സച്ചിദാനന്ദൻ, എസ് ജോസഫ് തുടങ്ങിയവരുടെ കാവ്യലോകങ്ങളുടെ വായനകൾ ഈ പുസ്തകത്തിലെ സവിശേഷമാക്കുന്നുണ്ട്. പാഠാന്തര വായനകൾ എന്ന ചിന്തയുടെ വിപുലീകരണവും വിശകലനവും മാത്രമല്ല, പാലപാഠങ്ങളെ പലകാലങ്ങളെ പുനസന്ദർശിക്കുന്നതിലൂടെ പാഠാന്തര വായനകളുടെ വിപുലമായ സാധ്യതകൾ വെളിപ്പെടുത്തുകയാണ് ഈ ഗ്രന്ഥം.

**പാഠാന്തരവായനകൾ**
**(ലേഖനങ്ങൾ)**
**പി പി രവീന്ദ്രൻ**
**വില: 340 പുറം: 231**
**സാഹിത്യപ്രവർത്തക സഹകരണ സംഘം കോട്ടയം**

**ഡോ . സി. എ . അനസ്**
ഫാറൂഖ് കോളജ്, കോഴിക്കോട്

# എകെപിസിടിഎ - ഫാറൂഖ് കോളേജിന്റെ ആദ്യകാല സമര- ചരിത്രപഥങ്ങൾ

**'എകെപിസിടിഎയുടെ സമരചരിത്രം തന്നെയാണ് അതിന്റെ സംഘടനാചരിത്രവും' -**
പ്രൊഫ. ആർ. രാമചന്ദ്രൻ നായർ (ആർആർസി)

### ബ്രിട്ടീഷ് മലബാർ: സാമൂഹികാവസ്ഥയും വിദ്യാഭ്യാസവും

പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് മലബാറിലെ ആധുനിക വിദ്യാഭ്യാസചരിത്രം പഠിക്കണമെങ്കിൽ അവിടെ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസക്രമവും അറിവിന്റെ ഉല്പാദന-വിതരണരീതികളും പരിശോധിക്കേണ്ടതുണ്ട്. അറബി ഭാഷയും അറബി-മലയാളം ഭാഷയും അറിയുമായിരുന്ന സ്ത്രീകളടങ്ങിയ ഒരു തലമുറ ഇവിടെയുണ്ടായിരുന്നു. ആ അറിവ് മതപരമായി മധ്യകാലം മുതൽ തുടരുന്നതും സാംസ്കാരികമായി തദ്ദേശീയബന്ധത്തിൽ ഊട്ടിയുറപ്പിച്ചതുമായിരുന്നു. 1840-'50 കളിൽ ബ്രിട്ടീഷ് വിരുദ്ധ കലാപത്തിന് നേതൃത്വം നൽകിയ മതപണ്ഡിതന്മാരെ 'traditional intellectuals' എന്ന് കെ.എൻ. പണിക്കർ വിലയിരുത്തിയത് ഓർക്കുക. അതിനൊപ്പം വിവിധ കാരണങ്ങളാൽ ഈ കാലഘട്ടത്തെ അസ്ഥിരമാക്കിയ സാമൂഹികാവസ്ഥയുമായി (കൊളോണിയൽ) ഈ വിദ്യാഭ്യാസക്രമം ഇടഞ്ഞും ചേർന്നും നിൽക്കുന്നുമുണ്ട്.

ബ്രിട്ടീഷ് കൊളോണിയലിസം തദ്ദേശീയ ജന്മിത്തവുമായി ഒത്തുചേർന്ന് സൃഷ്ടിച്ച ചൂഷണക്രമം മലബാറിലെ സമൂഹത്തിൽ ഉണ്ടാക്കിയ വൈരുധ്യം ഒട്ടേറെ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്. നിത്യജീവിതം തന്നെ മുന്നോട്ടു കൊണ്ടുപോകാനാവാത്ത ഭൗതികസ്ഥിതിയിലായിരുന്ന മലബാറിലെ ബഹുഭൂരിപക്ഷം ജനതയും. ആ സാമൂഹികാവസ്ഥയോടുള്ള പ്രതികരണം പല തരത്തിലും തലത്തിലുമുള്ള സമരരൂപങ്ങളായി അവരിൽ നിന്നും പ്രതിഫലിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലും ജന്മി-ബ്രിട്ടീഷ് മൂലധന കൂട്ടായ്മയുണ്ടാക്കിയ തദ്ദേശീയവും ആഗോളവുമായ പ്രശ്നങ്ങൾ മലബാറിലെ അടിസ്ഥാന ജനവിഭാഗത്തെ നിരന്തരമായ പ്രക്ഷോഭങ്ങളിലേക്കെത്തിക്കുകയായിരുന്നു. കൊളോണിയലിസം വഴി ശക്തിപ്പെട്ട ജന്മി-കുടിയാന്മ വ്യവസ്ഥയെക്കുറിച്ച് പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ സാമൂഹികസ്ഥിതി സൃഷ്ടിച്ച പ്രതി

എ. കെ. പി. സി. ടി. എ. (ഉത്തരമേഖല) യുടെ
ആഭിമുഖ്യത്തിൽ

**സയൻസ് അദ്ധ്യാപക സെമിനാർ**

1976 ആഗസ്റ്റ് 22-ാംനു ഞായറാഴ്ച
ഫറൂക്ക് കോളേജിൽ വെച്ച്

സുഹൃത്തുക്കളേ,

എ. കെ. പി. സി. ടി. എ. ഉത്തരമേഖലാ സമിതിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് സർവ്വകലാശാലയുടെ സഹകരണത്തോടുകൂടി നമ്മുടെ സർവ്വകലാശാലാതിർത്തിയിലുള്ള സയൻസ് അദ്ധ്യാപകരുടെ ഒരു ഏകദിന സെമിനാർ 1976 ആഗസ്റ്റ് 22-ാംനു- ഞായറാഴ്ച 10-30 മുതൽ ഫറൂക്ക് കോളേജിൽ വെച്ച് നടത്താൻ തീരുമാനിച്ച വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. കോഴിക്കോട് സർവ്വകലാശാലയുടെ പരിഷ്ക്കരിച്ച പ്രീ-ഡിഗ്രി സിലബസ്സ് എന്നതാണ് സെമിനാറിലെ ചർച്ചാവിഷയം. പുതിയ സിലബസ്സുമായി അദ്ധ്യാപകരെ പരിചയപ്പെടുത്തുവാനും അതിനെക്കുറിച്ച് അദ്ധ്യാപകർക്കുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനു് ഒരവസരം നൽകുവാനുമാണ് ഈ സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. സെമിനാറിന്റെ വിശദമായ പരിപാടി ചുവടെ ചേർക്കുന്നു.

- 2 -

22-8-'76 9-30 മുതൽ 10-30 വരെ
പ്രതിനിധികളുടെ ആഗമനവും റെജിസ്ട്രേഷനും.

**10.40 ഉൽഘാടന സമ്മേളനം**

ഉൽഘാടനം : ഡോ. എൻ. എ. നൂർ മുഹമ്മദ്
(വൈസ് ചാൻസിലർ,
കോഴിക്കോട് യൂണിവേഴ്സിറ്റി)

അദ്ധ്യക്ഷൻ : പ്രൊഫ: എം. ആർ. ചന്ദ്രശേഖരൻ
(പ്രസിഡണ്ട്, എ. കെ. പി. സി. ടി. എ.)

പ്രസംഗം : ഡോ: എസ്. എസ്. മുസ്തഫ്
(ഡീൻ ഫാക്കൽട്ടി ഓഫ് സയൻസ്,
കോഴിക്കോട് യൂണിവേഴ്സിറ്റി)

**11.40 മുതൽ ഗ്രൂപ്പ് ചർച്ചകൾ**

1. കെമിസ്ട്രി ഗ്രൂപ്പ്

പ്രബന്ധാവതരണം: പ്രൊഫ. കെ. ജി. ഗോപിനാഥൻ നായർ
(ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്)

അദ്ധ്യക്ഷമണ്ഡലം 1 ശ്രീ. കെ. പി. ചാക്കുണ്ണി (എസ്. എൻ. കോളേജ്, കണ്ണൂർ) 2 ശ്രീ. കെ. കോയാട്ടി (ഫറൂക്ക് കോളേജ്) 3 ശ്രീ. ഉണ്ണികൃഷ്ണൻ നമ്പീശൻ (സെൻറ് ജോസഫ്സ് കോളേജ്, ദേവഗിരി) 4 ശ്രീ. പി. എസ്. നാരായണൻ (ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ) 5 ശ്രീ. പി. എം. സുകുമാരൻ (മമ്പാട് കോളേജ്) 6 ശ്രീ. സി. ജെ. ശിവശങ്കരൻ (ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട) 7 ശ്രീ. കെ. മാധവൻ നായർ (ഗുരുവായൂരപ്പൻ കോളേജ്)

സന്ധിയ്ക്കകത്താണ് ഇവിടുത്തെ രാഷ്ട്രീയ-സാംസ്കാരിക-സാമ്പത്തിക ചരിത്രം നിലകൊള്ളുന്നത്. മലബാറിലെ വിദ്യാഭ്യാസ സാംസ്കാരിക പരിതഃസ്ഥിതിയുടെ പശ്ചാത്തല വിവരണം മറ്റൊരു ചരിത്രം തന്നെയാണ് എന്നതിനാൽ കൂടുതലായി ഇവിടെയത് വിശദീകരിക്കുന്നില്ല.

## ഫാറൂഖ് കോളേജ് - രൂപീകരണ സന്ദർഭം

1921ലെ മലബാർ കലാപത്തിന്റെ അവസാനഘട്ടത്തോടെ മുസ്ലിം സമുദായത്തിനകത്ത് രൂപപ്പെട്ട അസ്തിത്വ സംഘർഷങ്ങൾ ബഹുവിധമായിരുന്നു. മലബാർ കലാപത്തോട് സമ്മിശ്രമായ പ്രതികരണമായിരുന്നു മുസ്ലിങ്ങൾക്കിടയിലുമെന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. വർഗ്ഗപരവും സാംസ്കാരിക ഘടനാപരമായതുമായ വ്യത്യസ്ത നിലപാടുകൾ ഇവിടെ നമുക്ക് കാണാനാകും. 1890 കളിൽ സ്ഥാപിതമായ ഹിമായത്തുൽ ഇസ്ലാം സഭ പോലെ ആധുനിക വിദ്യാഭാസം നേടിയ സാംസ്കാരിക സംഘടനകൾ കലാപത്തോട് യോജിച്ചിരുന്നില്ല. ബ്രിട്ടീഷ് സർക്കാരിൽ ജോലിയോ മറ്റ് സംരക്ഷണമോ ലഭിച്ച വരേണ്യ കുടുംബങ്ങളും ഇതേ ചായ്‌വുള്ള പാത സ്വീകരിച്ചു.

സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ ഊന്നി നിന്നുള്ള മതനവീകരണ നീക്കങ്ങൾ ഇതിൽ പ്രധാനമായിരുന്നു. 1930-'40കളിൽ രൂപീകരിക്കപ്പെട്ട രാഷ്ട്രീയ-നവോത്ഥാന കൂട്ടായ്മകൾ മലബാറിലെ ആധുനിക വിദ്യാഭ്യാസത്തിന്റെ പുതിയൊരു ഘട്ടത്തിന് തുടക്കമിടുകയായിരുന്നു. നവോത്ഥാനവും വിദ്യാഭ്യാസവും ഒത്തുചേർന്നുള്ള ഒരു സാമുദായിക ഉയിർത്തെഴുന്നേൽപ്പ് അവർ സ്വപ്നം കണ്ടു. മലബാറിനെ പൊതുവെയും മുസ്ലിം സമുദായത്തെ സവിശേഷമായും സാമൂഹിക സാംസ്കാരിക ഉന്നതിയിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തിനായി ഏത് ത്യാഗവും ഏറ്റെടുക്കാൻ തയ്യാറായി ഒരു വിഭാഗം മുന്നോട്ട് വരികയുണ്ടായി. സാംസ്കാരിക മൂലധനത്തിന്റെ പരിമിതികൾക്കിടയിലും ലാഭേച്ഛ ഇല്ലാത്ത, ഒരർത്ഥത്തിൽ മുതലാളിത്ത ഭിന്നമായ ഈ സാമ്പത്തിക മൂലധനം മലബാറിന്റെ വിദ്യാഭ്യാസ വളർച്ചയ്ക്ക് ആക്കം കൂട്ടി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാതിയിൽ തന്നെ ആഗോള തലത്തിൽ നടക്കുന്ന നവോത്ഥാന-മതനവീകരണ പ്രസ്ഥാനങ്ങളും വ്യക്തികളുമായി അടുത്ത ബന്ധം സ്ഥാപിച്ച വിദ്യാഭ്യാസ നായകനും മതപണ്ഡിതനുമായിരുന്ന മൗലവി അബുസബാഹ് അഹമ്മദലി (1906-1971). ഈജിപ്റ്റിലെ

അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലെ പഠനവും സംവാദങ്ങളും അദ്ദേഹത്തെ ലോകപൗരനാക്കി. 'പാരമ്പര്യത്തിനും പരിഷ്കരണത്തിനും അപ്പുറം' മൗലവി അബുസബാഹിൽ ജ്ഞാനസൂഫിയും പ്രായോഗികമതിത്വവും ഒത്തുചേർന്നു.

അദ്ദേഹം 1942ൽ മലപ്പുറം ആനക്കയത്ത് തുടങ്ങിയ അറബിക് കോളേജ് 1945ൽ മഞ്ചേരിയിലേക്ക് മാറ്റിസ്ഥാപിച്ചു. ഈ വിദ്യാഭ്യാസ പ്രായോഗിക പദ്ധതിയുടെ വികാസമായിരുന്നു തൊട്ടടുത്ത വർഷം (1946) രൂപീകരിച്ച റൗസത്തുൽ ഉലൂം അസോസിയേഷനും (RUA) ഫറോക്കിൽ സ്ഥാപിച്ച അറബി കോളേജും. ഈ കൂട്ടായ്മ (RUA) നൽകിയ സജീവമായ ഊർജ്ജത്തിൽ നിന്നുമാണ് ഫറോക്ക്-രാമനാട്ടുകരയിലെ ഒരു ഉൾപ്രദേശം, ചാലിയാറിന്റെ തീരത്ത് ഇരുമൂളിപറമ്പ് എന്ന സ്ഥലം ഫാറൂഖ് കോളേജിനായി തെരഞ്ഞെടുക്കുന്നതിലേക്കെത്തിച്ചത്. 1948ൽ ഫാറൂഖ് കോളേജ് സ്ഥാപിതമാവുകയും ചെയ്തു.


### ആദ്യ ഇഎംഎസ് മന്ത്രിസഭയുടെ സാമൂഹിക-രാഷ്ട്രീയമാറ്റത്തിനുള്ള ശ്രമങ്ങൾ

1956ലെ ഐക്യകേരള രൂപീകരണത്തിന് ശേഷം കേരളത്തിൽ അധികാരത്തിലേറിയ 1957ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ആധുനിക കേരളത്തിന്റെ സാമൂഹികപുരോഗതിയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള രാഷ്ട്രീയനയസമീപനങ്ങൾക്ക് രൂപം നൽകി. ഭൂപരിഷ്കരണവും പൊതുവിദ്യാഭ്യാസവും ആ ഗവൺമെന്റിന്റെ പ്രധാന പരിഷ്കരണ വിഷയങ്ങളായിരുന്നു. അർദ്ധ-നാടുവാഴിത്ത അർദ്ധ-കൊളോണിയൽ ഘടനയിൽ നിന്നും ആധുനിക ജനാധിപത്യ രാജ്യത്തിലേക്ക് നീങ്ങാനുള്ള സോഷ്യലിസ്റ്റ് പദ്ധതിയുടെ ഭാഗമായിരുന്നു ഭൂപരിഷ്കരണ ബില്ലും വിദ്യാഭ്യാസ ബില്ലും. സ്വതന്ത്രമായി നിൽക്കാൻ ശേഷിയില്ലാത്ത ഇന്ത്യൻ ബൂർഷ്വാസിയെയാണ് നാം സ്വാതന്ത്ര്യ സമരത്തിന് ശേഷവും കാണുന്നത്. ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ താങ്ങിലും തണലിലും പച്ചപിടിച്ച് കയറുന്ന ഒരു മുതലാളി വർഗ്ഗം. ഇന്ത്യയുടെ ഭരണഘടനയ്ക്കകത്ത് നിന്നുകൊണ്ട് സാധ്യമായ സാമൂഹികമാറ്റത്തിനായി കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രയോഗത്തെ എങ്ങനെ വഴക്കിയെടുക്കുമെന്നുള്ള കുഴക്കുന്ന ചോദ്യം തന്നെയായിരുന്നു, ലോകത്തിന് മുന്നിൽ...

മന്ത്രിസഭയിലെ ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ല് അടിസ്ഥാന-ഉന്നത വിദ്യാഭ്യാസമേഖലയുടെ സർവതലസ്പർശിയായ മാറ്റത്തെ ലക്ഷ്യമിട്ടുള്ളതായിരുന്നു. കൊളോണിയൽ കാലഘട്ടത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരേണ്യവർഗ്ഗങ്ങൾക്ക് അറിവും ഉദ്യോഗവും ഉറപ്പാക്കിയിരുന്നു. എന്നാൽ തൊഴിലാളികളുടെയും ദരിദ്ര -ഇടനില കർഷകരുടെയും തലമുറയ്ക്ക് ഈ നിലയിൽ പരിഗണനയോ ഇടമോ ലഭിച്ചിരുന്നില്ല.

കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ആശയങ്ങളടങ്ങിയ രാഷ്ട്രീയ പ്രത്യയശാസ്ത്രം സമഗ്രവിഭാഗങ്ങളുടെയും വളർച്ചയ്ക്കാവശ്യമായ വിദ്യാഭ്യാസനയം മുന്നോട്ടുവെയ്ക്കുകയും അതിനാവശ്യമായ രാഷ്ട്രീയ പദ്ധതി വിഭാവനം ചെയ്യുകയും ചെയ്തു. ദേശീയപ്രസ്ഥാനത്തിന്റെ തുടർച്ചയുള്ള രാഷ്ട്രീയ ഭാവനയിൽ ക്രമേണ സോഷ്യലിസം അസ്തമിക്കുന്നത് ഈ ഘട്ടത്തിൽ കാണാനാകുന്നുമുണ്ട്. വലതുപക്ഷ-വർഗ്ഗീയ-സാമ്രാജ്യത്വ കൂട്ടുകെട്ടുകൾ ഈ വിടവിലൂടെയാണ് ക്രമേണ ശക്തിപ്പെട്ടത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ജനാധിപത്യ സർക്കാരിനുമെതിരെ ഫ്യൂഡൽ - മത-മാടമ്പിമാരുടെ മേൽനോട്ടത്തിൽ വലതുപക്ഷവും പ്രവർത്തിച്ചുപോന്നിരുന്നു.

കേരളത്തിലെ യൂണിവേഴ്സിറ്റി -കോളേജുകളിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ പത്തൊൻപത് ഇരുപത് നൂറ്റാണ്ടുകളിലെ ചരിത്രം പരിശോധിക്കേണ്ടത് ഈ അന്വേഷണത്തിൽ ആവശ്യമാണ്. അത് വിപുലമായി ചെയ്യേണ്ട ഒരു ഗവേഷണമായതിനാൽ ഇവിടെ യതിന് മുതിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാതിയിലെ സ്വകാര്യ കോളേജധ്യാപകരുടെ ദുരിതചിത്രം വിവരിക്കുന്ന 'പ്രൊഫസർ' എന്ന ജോസഫ് മുണ്ടശ്ശേരിയുടെ പുസ്തകം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യത്തിനുശേഷവും വിദ്യാഭ്യാസഘടനയിൽ ഒരു മാറ്റവും വരാതെ ശ്രദ്ധിക്കുന്ന മാനേജ്മെന്റുകളുടെ മനോഭാവവും ഈ പുസ്തകത്തിൽ വരച്ചിട്ടുന്നുണ്ട്. 1950കളോടെ രൂപം കൊള്ളുന്ന



ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KOZHIKODE DISTRICT COUNCIL

President :
K. KOYATTY
Farook College,
FEROKE.

Secretary :
P. V. CHANDRAMOHANAN
Malabar Christian College,
CALICUT.


Date 4 Dec. 1981

To

The Vice Chancellor
University of Calicut

Sir,

The District Council of A.K.P.C.T.A. proposes to conduct a series of Workshops on transactional analysis, to the College teachers of Calicut distict. The participants will be mainly newly appointed college teachers. These workshops will help the participants to create individual awareness which will help them in their dealings with students. This is expected to incure an expense of Rs.2,000/=. We expect the University to help us in this venture by sanctioning a grant towards the expenditure.



ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

C–7. /82-83.

1982 ഒക്ടോബർ 30, 31 തീയതികളിൽ നടന്ന പ്രവർത്തക സമിതി, സംസ്ഥാനകമ്മററി, സംസ്ഥാന കൗൺസിൽ യോഗങ്ങളിലെ ചർച്ചകളും തീരുമാനങ്ങളും.

പ്രവർത്തകസമിതി യോഗം 30-ന് ഉച്ചയ്ക്ക് 3-30 നും, സംസ്ഥാന കമ്മററി യോഗം 31-ന് രാവിലെ 10–40 നും, സംസ്ഥാന കൗൺസിൽ യോഗം ഉച്ചയ്ക്ക് 2-നും പ്രസിഡന്റ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ എറണാകുളം ഹോട്ടൽ എമ്പസ്സിയിൽ ചേർന്നു. മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, ധനകാര്യമന്ത്രി എന്നിവരെ കണ്ട് നടത്തിയ ചർച്ചകളുടെ, പ്രസിഡന്റ് നൽകിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലാണ് ചർച്ചകൾ നടന്നത്. 81 ലെ ഉറപ്പുകൾ നേടിയെടുക്കുന്നതിന് സമരമല്ലാതെ മററു മാർഗ്ഗങ്ങളില്ലെന്ന് യോഗങ്ങളിൽ പൊതുവേ അഭിപ്രായമുണ്ടായി.

മുൻ യോഗ നിർദ്ദേശങ്ങളും എ.കെ.പി.സി.ടി.എ. യും, എ.കെ.ജി.സി.ടി.യുമുൾക്കൊള്ളുന്ന കോളേജദ്ധ്യാപക സമര സമിതിയുടെ തീരുമാനങ്ങളും അനുസരിച്ചുള്ള സമരപരിപാടികൾക്ക് പ്രവർത്തകസമിതി രൂപം കൊടുത്തു. സംസ്ഥാന കമ്മററിയും, കൗൺസിലും അംഗീകരിച്ച പ്രസ്തുതസമരപരിപാടികൾ താഴെ പറയും പ്രകാരമാണ്.

1 നവംബർ 13, 14 തീയതികളിൽ സംയുക്ത ജില്ലാ കൺവൻഷനുകൾ നടത്തുക.

2 നവംബർ 23 മുതൽ ഡിസംബർ 2 വരെ സെക്രട്ടറിയേററു പടിക്കൽ റിലേ നിരാഹാര സത്യഗ്രഹം അനുഷ്ഠിക്കുക.

3 ഡിസംബർ 7 മുതൽ 18 വരെ സെക്രട്ടറിയേററു പടിക്കൽ പിക്കററിംഗ് നടത്തുക.

4 മേൽപ്പറഞ്ഞ സമരപരിപാടികൾകൊണ്ട് പ്രശ്നങ്ങളവസാനിപ്പിക്കാൻ തക്ക പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാൻ ഗവ: തയ്യാറാകുന്നില്ലെങ്കിൽ മൂന്നാംഘട്ടമായി അനിശ്ചിത കാല പണിമുടക്കം ആരംഭിക്കുക.

ജില്ലാ കൺവൻഷനുകൾ നടത്തേണ്ട സമയം, സ്ഥലം മുതലായ കാര്യങ്ങൾ കോളേജദ്ധ്യാപക സമരസമിതിയുടെ സർക്കുലറിൽ ചേർത്തിരുന്നത് ദയവായി ശ്രദ്ധിക്കുമല്ലോ. ഓരോ ജില്ലയിലും കൺവൻഷൻ നടത്തേണ്ട ചുമതല നമ്മുടെ ജില്ലാ സെക്രട്ടറിമാർക്കും ഓരോ ജില്ലയിലേയും എ. കെ. ജി. സി. ടി. നിർദ്ദേശിക്കുന്ന പ്രതിനിധിക്കും ആയിരിക്കും.

ജില്ലാ കൺവൻഷനുകളിൽവച്ച് ജില്ലാ സമരസമിതികളെ തെരഞ്ഞെടുക്കേണ്ടതാണ്.

റിലേ നിരാഹാര സത്യഗ്രഹം

നവംബർ 23 ന് ആരംഭിച്ച് ഡിസംബർ 2 ന് അവസാനിക്കത്തക്കവിധം തുടർച്ചയായി 10 ദിവസത്തെ നിരാഹാര സത്യഗ്രഹ പരിപാടിയാണ് നിശ്ചയിച്ചിരിക്കുന്നത്. 10 പേരടങ്ങുന്ന ബാച്ചുകൾ 24 മണിക്കൂർ വീതം സെക്രട്ടറിയേററു പടിക്കൽ നിരാഹാര സത്യഗ്രഹം അനുഷ്ഠിക്കും. എ. കെ. പി. സി. ടി. എ. യുടെയും, എ.കെ. ജി. സി. ടി. യുടെയും 5 ആളുകൾ വീതമാണ് സത്യഗ്രഹത്തിന് എത്തേണ്ടത്. നിരാഹാര സത്യഗ്രഹം അവസാനിക്കുന്ന ദിവസം കോളേജ് ഓഫീസുകൾക്ക് മുമ്പിൽ അദ്ധ്യാപനത്തിനു തടസ്സം വരാത്തവിധം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ സത്യഗ്രഹം നടത്തണം.

ഒരു ജില്ല ഒരു ദിവസം എന്ന രീതിയിൽ താഴെപ്പറയുന്ന പ്രകാരമാണ് സത്യഗ്രഹത്തിന് അംഗങ്ങൾ എത്തേണ്ടത്.

| | | | | | | | |
|---|---|---|---|---|---|---|---|
| നവംബർ | 23 | തിരുവനന്തപുരം | നവംബർ | 27 | കോഴിക്കോട് | ഡിസംബർ 1 | തൃശ്ശൂർ |
| | 24 | കൊല്ലം | | 28 | കണ്ണൂർ | 2 | മലപ്പുറം |
| | 25 | കോട്ടയം | | 29 | ആലപ്പുഴ | | |
| | 26 | പാലക്കാട് | | 30 | എറണാകുളം | | |

നവംബർ 23 ന് രാവിലെ 9 മണിക്ക് സത്യഗ്രഹം ആരംഭിക്കും. ഓരോ ജില്ലയിലെയും സത്യഗ്രഹികൾ കൃത്യം 9 ന് തന്നെ എത്തി സത്യഗ്രഹം ആരംഭിക്കേണ്ടതാണ്.

പിക്കററിംഗ്

സമരത്തിന്റെ അടുത്ത പടിയായ പിക്കററിംഗിന് അഞ്ചു സന്നദ്ധഭടന്മാർ വീതം ഓരോ ജില്ലയിൽനിന്നും താഴെപ്പറയുന്ന തീയതികളിലാണ് എത്തേണ്ടത്. പിക്കററിംഗ് കൃത്യം 11 മണിക്കായിരിക്കും ആരംഭിക്കുക.

| | | | | | | | |
|---|---|---|---|---|---|---|---|
| ഡിസംബർ | 7 | കൊല്ലം | ഡിസംബർ | 10 | കോഴിക്കോട് | ഡിസംബർ 15 | എറണാകുളം |
| | 8 | ആലപ്പുഴ | | 13 | മലപ്പുറം | 16 | പാലക്കാട് |
| | 9 | കോട്ടയം | | 14 | തൃശ്ശൂർ | 17 | കണ്ണൂർ |
| | | | | | | 18 | തിരുവനന്തപുരം (കൂട്ടപിക്കററിംഗ്) |

18-ാം തീയതിയിലെ കൂട്ടപിക്കററിംഗിന് തിരുവനന്തപുരത്തെയും, സമീപ ജില്ലകളിലെയും കൂടുതലാളുകൾ എത്തിച്ചേരണം.

(P. T. O.)

ഫാറൂഖ് ബ്രാഞ്ചിലെ കോയട്ടി മാഷും ഐജിബിയും പങ്കെടുത്ത നിരാഹാര സമര രേഖ

ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മീഷനുകളുടെ അന്ത:സത്തയിൽ ദേശീയപ്രസ്ഥാനത്തിന്റെ ഗുണഫലങ്ങൾ[പരിമിതികളോടെയാണെങ്കിലും] കാണാനാകുന്നുണ്ട്. എന്നാൽ ദേശീയസമരത്തിന്റെ അലയൊലികളിൽ നിന്നും അകന്ന് നിന്നവരും പുതിയ ജനാധിപത്യ സംവിധാനത്തെ അംഗീകരിക്കാനാവാത്തവരും സ്വകാര്യ കോളേജ് മാനേജ്മെന്റുകളിലുണ്ടായിരുന്നു. അത്തരക്കാരുടെ ആശ്രിതരായി അധ്യാപകർ പണിയെടുത്തു വരികയും ചെയ്തു. അന്ന് പ്രതിഷേധിച്ചു തുടങ്ങിയവരുടെ നിഷേധക്കുറിപ്പ് കൂടിയാണ് 'പ്രൊഫസർ'. എം.പി. പോളിന്റെ അടിയുറച്ച സമരവും 1930 കളിൽ നാം കാണുന്നുണ്ട്. "... സ്വകാര്യ കോളേജധ്യാപകരുടെ സംഘടിതപ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത് പ്രൊഫ. എം.പി പോളാണ്".

വിദ്യാഭ്യാസമേഖലയുടെ അവസ്ഥയെക്കുറിച്ചുള്ള പ്രത്യക്ഷ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാകിയ വിദ്യാഭ്യാസ ബില്ല് അധ്യാപകർ എന്ന വർഗ്ഗത്തെ തൊഴിലെടുക്കുന്ന വർഗ്ഗമായിത്തന്നെ പരിഗണിച്ചു. വിദ്യാഭ്യാസം ലാഭകരമായ ഒരു കച്ചവടം ആയി കണ്ടിരുന്ന മാനേജർമാർ അടങ്ങുന്ന വർഗ്ഗത്തിന് മത-ജാതി ശക്തികളുടെ വലിയ പിന്തുണ ലഭിക്കുകയുണ്ടായി.

മുണ്ടശ്ശേരി മാഷിന്റെ വിദ്യാഭ്യാസ ബില്ല് വികൃതമായി പൊതുസമൂഹത്തിൽ അവതരിപ്പിക്കുവാൻ അവർ ശ്രമിച്ചു പോന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാഭ്യാസരംഗത്തേക്കുള്ള കടന്നുകയറ്റം എന്ന നിലയിലാണ് ഭരണഘടനാ തത്വങ്ങൾ പാലിച്ച ആ നിയമവ്യവസ്ഥയെ അവർ കണ്ടത്. അജ്ഞരായ വലിയവിഭാഗം ജനങ്ങളെയും കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരെ അണിനിരത്താൻ ഈ വലതുപക്ഷ ശക്തികൾക്കായി. വ്യാജമായ വാർത്തകൾ കൊണ്ട് സമ്പന്നമായിരുന്നു അന്നത്തെ മുഖ്യധാരാ പത്രങ്ങൾ. ഭൂപരിഷ്കരണത്തോടെ നഷ്ടമാകുന്ന ജന്മിത്ത അധികാരം ആയിരുന്നു യഥാർത്ഥത്തിൽ ഇവരെയെല്ലാം ഗവൺമെന്റിനെതിരെ തിരിയാൻ പ്രേരിപ്പിച്ചത്. 1959ലെ കുപ്രസിദ്ധമായ 'വിമോചനസമരം' യു.എസ് സാമ്രാജ്യത്ത്വത്തിന്റെ പിന്തുണയാൽ നടത്തപ്പെട്ടതായിരുന്നു. കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റ് ഗവർണർ വഴി ജനാധിപത്യ മന്ത്രിസഭയെ പിരിച്ചുവിടുകയും ചെയ്തു.

1958ൽ എകെപിസിടിഎ രൂപം കൊള്ളുമ്പോൾ അധ്യാപകമേഖല എത്തിനിന്നിരുന്ന പരിതാപ

കരമായ സ്ഥിതി ഇത്തരമൊരു സാമൂഹിക-രാഷ്ട്രീയ അവസ്ഥയുടെ സന്ദർഭത്തിലാണ് മനസ്സിലാക്കേണ്ടത്. ഐക്യകേരളപ്പിറവിക്കു മുൻപുതന്നെ തിരുവിതാംകൂർ, കൊച്ചി-മലബാർ പ്രദേശങ്ങളിലായി രൂപപ്പെട്ടിരുന്ന പ്രൈവറ്റ് കോളേജ് അധ്യാപകസംഘടനകൾ ഒറ്റ കൂട്ടായ്മയായി പ്രവർത്തിക്കാൻ തീരുമാനിക്കുന്നുണ്ട്. അതിന്റെ ഫലമായി 1958 ഡിസംബർ 21ന് എറണാകുളം സെൻറ് ആൽബർട്സ് കോളേജിൽ ഒത്തുചേർന്നാണ് എകെപിസിടിഎ രൂപീകരിക്കുന്നത്. അവകാശപോരാട്ടങ്ങളുടെ തീച്ചൂളയിൽ നിന്നുയർന്നുവന്ന അധ്യാപകരിലെ പുരോഗമന ആശയക്കാരുടെ സംഘടിത രൂപം എന്ന നിലയിൽ അക്കാദമിക രാഷ്ട്രീയവും പൊതുരാഷ്ട്രീയവും എകെപിസിടിഎയ്ക്ക് പ്രധാനമായിരുന്നു. (രാഷ്ട്രീയാവബോധത്തിന്റെ വിവിധ സ്വഭാവത്തിലുള്ളവർ ഉണ്ടായിരുന്നു എന്നതും കാണേണ്ടതുണ്ട്). ആദ്യമേ തന്നെ അധ്യാപകരുടെ 'സമര സംഘടന' എന്നുതന്നെ അറിയപ്പെടുകയും ചെയ്തു.

### സംഘടനയുടെ ആദ്യകാലം - ഫാറൂഖിലെ ആദ്യതലമുറ

1960കൾ സംഘടനയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായിരുന്നു. സംഘടന ഉയർത്തിപ്പിടിച്ച അധ്യാപക സമൂഹത്തോടുള്ള അതിന്റെ പ്രതിബദ്ധത തന്നെയായിരുന്നു കേരളത്തിലെ സ്വകാര്യ കോളേജുകളിൽ എകെപിസിടിഎ പ്രതിനിധാനം ചെയ്തു ഇടതുപക്ഷ ആശയങ്ങൾ ശക്തിപ്പെടുന്നതിന് കാരണമായത്. ആദ്യകാല നേതൃത്വത്തിന്റെ വിശ്രമരഹിതമായ പ്രവർത്തനങ്ങൾ വഴി വിവിധ കോളേജ് യൂണിറ്റുകളിലൂടെ സംഘടനയുടെ അടിത്തറ ശക്തമായിക്കൊണ്ടിരുന്നു. എകെപിസിടിഎയുടെ രൂപീകരണകാലത്ത് തന്നെ ഫാറൂഖ് കോളേജിൽ സംഘടനയുടെ യൂണിറ്റ്/ബ്രാഞ്ച് രൂപീകരിക്കാൻ സാധിച്ചിട്ടുണ്ട് എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. അന്നത്തെ കോളേജിലെ അധ്യാപകരുടെ



പ്രൊഫ. കെ.എ. ജലീൽ, വി. നാരായണൻകുട്ടി, കോയട്ടി




പി. വി. ചന്ദ്രമോഹൻ സംസാരിക്കുന്നു. അങ്ങേയറ്റം ഐജിബി

പുരോഗമനപരമായ സാമൂഹിക വീക്ഷണത്തിന് ഉത്തമ നിദർശനമാണിത്. രാഷ്ട്രീയമായി മധ്യപക്ഷത്തുള്ളവരും (centrist political position) എകെപിസിടിഎയോട് അനുഭാവം പുലർത്തി. സംഘടനയുടെ ക്രമേണയുള്ള വ്യാപന സമയത്ത് സംസ്ഥാനതലത്തിലുള്ള പ്രധാനപ്പെട്ട യോഗങ്ങൾക്ക് ഫാറൂഖ് കോളേജ് സാക്ഷിയായി. 1960കളിലെ സവിശേഷമായ ഈ അന്തരീക്ഷം ആദ്യകാല പ്രവർത്തകർ ഓർമിക്കുന്നുണ്ട്. 'പപ്പൻ മാഷ്' എന്നറിയപ്പെട്ടിരുന്ന ഇംഗ്ലീഷ് വിഭാഗത്തിലെ പത്മനാഭൻ മാഷിന്റെ വീട്ടിലായിരുന്നു സംഘടന യോഗം നടത്തിയിരുന്നത്. ഇരുപത് പേരെങ്കിലും യോഗത്തിലുണ്ടായിരിക്കും. കോളേജിലാകെ നാല്പത് അധ്യാപകരാണ് ഉണ്ടായിരുന്നത്. സൗഹാർദപരമായ ഒരു അന്തരീക്ഷം അവിടെ സൃഷ്ടിക്കാൻ പ്രവർത്തകർക്കായിരുന്നു.[1]

1 'പാരമ്പര്യ ബുദ്ധിജീവികൾ', അന്റോണിയോ ഗ്രാംഷിയെ അവലംബിച്ച് സ്വീകരിച്ചിട്ടുള്ളത്. കാണുക, കെ. എൻ. പണിക്കർ, മലബാർ കലാപം പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരേ, ഡിസി ബുക്സ്, കോട്ടയം, 2020 (2010)

പ്രശസ്ത സാഹിത്യനിരൂപകൻ എം. പി. പോളിന്റെ മകൻ ബാബു പോൾ ഇംഗ്ലീഷ് വിഭാഗത്തിലെ അധ്യാപകനായി എത്തുകയുണ്ടായി. (പോൾ സാറിന്റെ പ്രൈവറ്റ് കോളേജ് അനുഭവം ക്രൗര്യമേറിയതായിരുന്നുവെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ.) സംഘടനയുടെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. മാധവൻ നമ്പ്യാർ, ടി ഒ പരീതുപിള്ള ഉൾപ്പെടെയുള്ളവർ സംഘടനയിൽ നേതൃത്വപരമായ പങ്കുവഹിച്ചിരുന്നു. വി. മുഹമ്മദ്, യു. മുഹമ്മദ് എന്നീ പ്രഗത്ഭരായ അധ്യാപകരും സംഘടനയുടെ പ്രവർത്തകരായിരുന്നു. സംഘടനാ രൂപീകരണത്തിനു ശേഷമുള്ള ആദ്യകാലങ്ങളിലെ നിരന്തരമായ സമരമുഖങ്ങളിൽ എകെപിസിടിഎ ഫാറൂഖ് യൂണിറ്റും സജീവ പങ്കുവഹിച്ചു. അക്കാലത്തെ ഒരു അനുഭവം ടി.ഒ. പരീതുപിള്ള നോക്കുക; 'എംആർസിയും ആർആർസിയും ചാക്കോ സാറും ഉള്ള ആ കാലത്താണ് ഞാൻ വർക്കിംഗ് കമ്മിറ്റി മെമ്പറായത്. സെമിനാറുകളും യോഗങ്ങളും സ്ഥിരമായി ഉണ്ടാകുമായിരുന്നു. നിരാഹാര സമരത്തിന് തിരുവനന്തപുരത്ത് പോയതെല്ലാം ഇന്നും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു.'

എ. പി. പി. നമ്പൂതിരി മലയാള വിഭാഗത്തിൽ എത്തുന്നതോടെ സംഘടന ഫാറൂഖിൽ കൂടുതൽ ഊർജ്ജ്വസ്വലമായതായി പ്രവർത്തകർ പറഞ്ഞു. പ്രമുഖ സാഹിത്യനിരൂപകനും ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകനുമായിരുന്ന എപിപി ശ്രദ്ധേയമായ ചില ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അക്കാലത്തെ കോളേജ് മാഗസിനുകളിൽ നിരന്തരം അദ്ദേഹം എഴുതിയിരുന്നു. എയ്ഡഡ് കോളേജ് അധ്യാപക സംഘടന എന്ന നിലയിൽ മാനേജ്മെന്റുമായി സൗഹാർദ്ദപരമായ നിലപാടാണ് സംഘടനാ ഫാറൂഖ് കോളേജിൽ സ്വീകരിച്ചത്. 1960,'70, '80 കാലങ്ങളിലെ എകെപിസിടിഎ പ്രവർത്തകരുമായി നടത്തിയ അഭിമുഖങ്ങളിൽ ഇക്കാര്യം അടിവരയിട്ട് പറയുന്നുണ്ട്. ലിബറൽ സ്വഭാവമുള്ള


അബുസാഹിബ്

ഫാറൂഖ് കോളേജ് മാനേജ്മെന്റ് അധ്യാപകരുടെ സേവന-വേതന അവകാശങ്ങൾക്കൊപ്പമായിരുന്നു എന്നും നിലനിന്നിരുന്നത്. കോളേജിന്റെ അസ്തിത്വം പ്രഥമവും പ്രധാനവുമാണ് എന്ന തിരിച്ചറിവ് എകെപിസിടിഎയ്ക്ക് ഉണ്ടായിരുന്നു. അതിനാൽതന്നെ ആരുടേയും നിലപാടുകൾ അധ്യാപകവിരുദ്ധമാകാതെ ആകണമെന്ന് അത് ഉറപ്പിച്ചിരുന്നു. അധ്യാപകരുടെ തൊഴിലിടമായ കോളേജിന്റെ അസ്തിത്വവും ഒപ്പം അധ്യാപക വർഗ്ഗമെന്ന ബോധവും ഒത്തുചേർന്നതായിരുന്നു സംഘടനയുടെ രാഷ്ട്രീയ-അക്കാദമിക ദിശ.

ഓർമകളിലൂടെ നടത്തിയ ചരിത്രശേഖരണത്തിൽ നിന്നും 1958-60 കാലങ്ങളിലെ സംഘടനയുടെ രൂപീകരണ കാലത്തുതന്നെയുള്ള യോഗങ്ങൾ ഫാറൂഖിൽ നടന്നു എന്നാണ് അറിയാനായിട്ടുള്ളത്.[2] ആദ്യകാലത്ത് യൂണിറ്റ് പ്രസിഡൻറായി ബാബുപോളും സെക്രട്ടറിയായി മാധവൻ നമ്പ്യാരും പ്രവർത്തിച്ചിരുന്നു. സുവോളജി ഭാഗത്തിലെ അധ്യാപകനായിരുന്ന എൻ. ബാലകൃഷ്ണൻ ഇളയിടം സംഘടനയിൽ സജീവമായിരുന്നു. കോളേജിലെ ആദ്യത്തെ ഡോക്ടറേറ്റ് ഇദ്ദേഹത്തിനായിരുന്നു. [2022ൽ അന്തരിച്ചു). ഇംഗ്ലീഷ് വിഭാഗത്തിലെ ആദ്യകാല അധ്യാപകൻ ജോർജ് വി. ആൻഡ്രൂസ് സംഘടനയിലുണ്ടായിരുന്നു. പരിസ്ഥിതിസ്നേഹിയായിരുന്ന ഇദ്ദേഹം കാമ്പസിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിൽ മുൻകൈയ്യെടുക്കുകയുണ്ടായി. കോളേജിൽ ഇന്ന് കാണുന്ന മരങ്ങളിൽ ഏറിയപങ്കും ആൻഡ്രൂസ് മാഷിന്റെ കാലഘട്ടത്തിൽ നട്ടുപിടിപ്പിച്ചതാണ്.

1970കളിൽ കോളേജിലെ തൊണ്ണൂറു ശതമാനത്തിലേറെ അധ്യാപകരും എകെപിസിടിഎയിൽ അംഗമായിരുന്നു. 'അടിയന്തരാവസ്ഥയിൽ കൊല്ലപ്പെട്ട വിദ്യാർത്ഥി നേതാവ് രാജൻ കോളേജിലെ മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ട്. രാജന്റെ തിരോധാനം വലിയ നടുക്കമുണ്ടാക്കി". ജില്ലാതല യോഗങ്ങൾക്കും സമരങ്ങൾക്കുമായി മറ്റു കോളേജുകളിൽ പ്രവർത്തകർ പോകുമായിരുന്നു. പ്രൊവിഡൻസ് കോളേജിലേക്കുള്ള യാത്ര അന്നത്തെ എല്ലാ അധ്യാപകരും ഓർമ്മിച്ച് പറയുന്നുണ്ട്. വി. നാരായണൻകുട്ടി മാഷിനെപോലുള്ളവരുടെ അടിയുറച്ച സമരസാന്നിധ്യം ഓരോ ബ്രാഞ്ചിനും ഊർജ്ജം പകർന്നിരുന്നു. 1970കളിലെ അവകാശ സമരങ്ങൾ കൂടുതൽ ശക്തമാക്കി തീർക്കാൻ ഫാറൂഖ് കോളേജ് ബ്രാഞ്ചും മുഖ്യപങ്കു വഹിച്ചിട്ടുണ്ട്.

1958ലെ എകെപിസിടിഎയുടെ രൂപീകരണ പ്രമേയത്തിൽ തന്നെ യുജിസി അനുശാസിക്കുന്ന സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചിരുന്നു. 1960 കളിലെ സർക്കാർ കോളേജധ്യാപകർക്ക് നൽകുന്നതുപോലെ തന്നെ തുല്യമായ വേതനം നൽകണമെന്ന പ്രക്ഷോഭങ്ങളാണ് "പാരിറ്റി സമരങ്ങൾ" എന്നറിയപ്പെട്ടന്നത്. 1967ൽ രണ്ടാം യുജിസി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടെ തത്വത്തിൽ തുല്യശമ്പളം നടപ്പിലായി എന്ന് പറയാം.

1966ലെ കോത്താരി കമ്മീഷൻ

2 ഗവൺമെന്റ് കോളേജ് അധ്യാപക സംഘടനയുടെ വളരെയേറെ വിവരങ്ങളടങ്ങിയ പുസ്തകം ഇറങ്ങിയിട്ടുണ്ട്. കാണുക, ജെ. പ്രസാദ്, ചരിത്രപഥങ്ങളിൽ എകെജിസിറ്റി, എകെജിസിറ്റി, തൈക്കാട്, തിരുവനന്തപുരം, 2010.



ഫാറൂഖ് കോളജ്

ശുപാർശകളിൽ 'ഡയറക്റ്റ് പെയ്മെന്റ്' സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 1965ൽ നിയതമായ സേവന-വേതന വ്യവസ്ഥകൾ കോളേജധ്യാപകർക്ക് നൽകണമെന്ന് സർക്കാർ നിർദ്ദേശം വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 1969ൽ നടപ്പിലായ കേരള സർവകലാശാല ആക്ട് കേരളത്തിലെ കോളേജധ്യാപകരുടെ സർവീസ് ചട്ടങ്ങൾക്ക് ഒരു മാനദണ്ഡമായി തീരുകയുണ്ടായി. മാനേജർമാർ ശമ്പളം നൽകിയിരുന്ന സമ്പ്രദായത്തെ സംഘടന അതിന്റെ ആരംഭകാലം മുതൽതന്നെ ചോദ്യം ചെയ്തിരുന്നു. ഗവൺമെന്റിൽ നിന്നും സ്വകാര്യ കോളേജ് അധ്യാപകർക്ക് നേരിട്ട് ശമ്പളം നൽകുക അഥവാ 'ഡയറക്ട് പെയ്മെന്റ്' സംവിധാനത്തിന് വേണ്ടിയുള്ള സമരങ്ങൾ സംഘടനയുടെ ദീർഘകാല പ്രവർത്തനമായിത്തീർന്നു. സംഘടനയിലെ ആദ്യകാല അധ്യാപകരുടെ നിരന്തരമായ സമരയാത്രകൾ എകെപിസിടിഎ ഫാറൂഖ് കോളേജ് ബ്രാഞ്ചിന്റെ ചരിത്രത്തിലെ ഉജ്ജ്വലമായ ഏടുകളാണ്. സെക്രട്ടേറിയറ്റിലേക്കും മറ്റ് സമരകേന്ദ്രങ്ങളിലേക്കും പ്രവർത്തകർ നടത്തിയ കഠിനമായ യാത്രകളുടെ വിവരണം തന്നെ വികാരഭരിതമാണ്. ഈ സന്ദർഭത്തിൽ തൊള്ളായിരത്തി എഴുപതുകളിൽ രൂപം കൊണ്ട ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള തൊഴിലാളി സമരങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഈ സമരങ്ങളുമായി ചേർന്നുനിന്നുകൊണ്ട് ഡയറക്ട് പെയ്മെന്റ് സമരം സംഘടന നയിച്ചുകൊണ്ടിരുന്നു. വർഗ്ഗ-ബഹുജന പ്രസ്ഥാനങ്ങളുമായി ചേർന്ന്നിന്നുകൊണ്ട് എകെപിസിടിഎ നടത്തിയ ഇടപെടലുകൾ ഫലം കണ്ടു.

'ഡയറക്റ്റ് പെയ്മെന്റ്' വിഷയത്തിൽ പല മാനേജ്മെന്റുകൾക്ക് യോജിപ്പും വിയോജിപ്പും ഉണ്ടായിരുന്നു. ദീർഘമായ സമരത്തിന്റെ ഭാഗമായി 1972ൽ കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ഡയറക്റ്റ് പെയ്മെൻറ് സംവിധാനം നിലവിൽവന്നു. എകെപിസിടിഎയെ സംബന്ധിച്ചിടത്തോളം സംഘടന അതിന്റെ രൂപീകരണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഒരു സൂചനയായിരുന്നു ഈ സമരവിജയം. ഫാറൂഖ് കോളജിലെ എഴുപതുകളിലെ എല്ലാ മെമ്പർമാരും നേരിട്ടുള്ള ശമ്പളവ്യവസ്ഥ

പ്രൊഫ. റ്റി. ഒ. പരീതുപിള്ള



നേടിയെടുത്ത ചരിത്രം ഓർമിച്ച് പറയുന്നുണ്ട്. ടി. ഒ. പരീതുപിള്ള, താഹിർ, കോയട്ടി, ഉൾപ്പെടെയുള്ള അധ്യാപകർ ധാരാളം വിവരങ്ങൾ കൈമാറിയിട്ടുണ്ട്. കോയട്ടി മാഷിന്റെ രേഖാശേഖരത്തിൽ നിന്നുമാണ് പഴയകാല നോട്ടീസുകളും ഫോട്ടോകളും ലഭിച്ചിട്ടുള്ളത്. എകെപിസിടിഎ നോർത്തേൺ റീജിയൺ സെമിനാർ കോളേജിൽ നടന്നതിന്റെ രേഖകൾ അദ്ദേഹം നൽകുകയുണ്ടായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എം.എം. ഗനി അവാർഡ് ജേതാവായ കോയട്ടി മാഷ് പറയുന്നു; '1977-'78 കാലത്ത് എഴുപത്തഞ്ച് സംഘടനാ അംഗങ്ങളുണ്ട്. ഞങ്ങളെല്ലാമന്ന് ഒരുമിച്ച് സമരം ചെയ്യുകയും ചെയ്തു. മറ്റ് കോളേജുകളിലെ പരിപാടികളിലും പങ്കെടുത്തിരുന്നു. സുവോളജിയിലെ കൃഷ്ണയ്യർ മാഷിനെയൊക്കെ ഓർമിക്കുന്നുണ്ട്. എകെപിസിടിഎ ഡയറി തയ്യാറാക്കിയിരുന്നു. ആജീവാനന്ത പെൻഷൻ നൽകാൻ സംഘടന ബോണ്ട് ശേഖരിക്കുന്ന ഒരു പദ്ധതിയുമിട്ടിരുന്നു.'

പരീതുപിള്ള സാർ 1961ലാണ് ഫാറൂഖ് കോളേജിലെ കൊമേഴ്സ് വിഭാഗത്തിൽ ജോലിയിൽ പ്രവേശിക്കുന്നത്. സംഘടനയുടെ സമുന്നത നേതാക്കളായ എംആർസിയും (സംസ്ഥാന പ്രസിഡന്റ്) ആർആർസിയും (സംസ്ഥാന സെക്രട്ടറി) ഉള്ള കാലത്തെ അനുഭവങ്ങൾ അദ്ദേഹം പങ്കുവെച്ചു. അക്കാലത്ത് കോളേജിൽ വെച്ച് നടത്തിയ വിദ്യാഭ്യാസ സെമിനാർ



പ്രൊഫ. എം.എം. ഗനി അവാർഡ് പ്രൊഫ. കോയട്ടിയ്ക്ക്

ഗംഭീരമായിരുന്നു. പ്രിൻസിപ്പാൾ കെ.എ. ജലീൽ സാഹിബ് ഈ സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. പരീതുപിള്ള സാർ സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റി മെമ്പറായിരുന്നു. കോഴിക്കോട്ടു നിന്നും തിരുവനന്തപുരത്ത് ചെന്ന് നിരാഹാര സമരം ചെയ്തതെല്ലാം അദ്ദേഹം വിശദീകരിച്ചു. 1987ൽ സർവ്വീസിൽ നിന്നും പിരിയുന്നതുവരെ നടത്തിയ സമരപോരാട്ടങ്ങൾ അദ്ദേഹം സ്മരിച്ചു.

### 1980കൾ: സംഘടനയുടെ രണ്ടാം തലമുറ നേതൃത്വവും പ്രവർത്തനങ്ങളും

കൊമേഴ്സ് വിഭാഗത്തിലെത്തിയ വി. സലിം, പി. റ്റി. അബ്ദുൾലത്തീഫ്, ഫിസിക്സിലെ കെ. ഐ മുഹമ്മദ് ഇസ്മായിൽ, മറ്റ് അധ്യാപകരായ എം. താഹിർ, മാത്യു, അധ്യാപികമാരായ ആശാ മുഹമ്മദ്, മുനവ്വിറ, വിജയമ്മ, സഫിയ ഉൾപ്പെടെ പ്രമുഖരുടെ ഒരു നിര തന്നെ ബ്രാഞ്ചിനെ ശക്തിപ്പെടുത്തുകയുണ്ടായി. 1979ൽ ഫിസിക്സ് വിഭാഗത്തിലുണ്ടായിരുന്ന സയിദ് സർ അതിന് മുമ്പ് തിരൂരങ്ങാടി പിഎസ്എംഒ കോളേജിലായിരുന്നു. അവിടെ സംഘടന രൂപീകരിക്കുന്ന സന്ദർഭം അദ്ദേഹം സൂചിപ്പിക്കുന്നു.'1977ലാണ് ഗുരുവായൂരപ്പൻ കോളേജിൽ നിന്നും നേതാക്കളായ നാരായണൻകുട്ടി, എംആർസി, ഐജിബി എന്നിവർ തിരൂരങ്ങാടിയിലെത്തുന്നത്. അവിടെ ഏറ്റവും ശ്രദ്ധേയമായത് പ്രിൻസിപ്പാൾ അഹമ്മദ്കുട്ടി മാഷ് തന്നെ എകെപിസിടിഎ രൂപീകരണയോഗത്തിന്റെ അധ്യക്ഷനായി. ഏറെക്കുറെ പിഎസ്എംഒ യിലെ എല്ലാ അധ്യാപകരും മെമ്പർഷിപ്പ് എടുക്കുകയുണ്ടായി. സയിദ് സാർ ഏഴ് വർഷം ഫാറൂഖ് ബ്രാഞ്ച് സെക്രട്ടറിയായിരുന്നു. സ്റ്റാറ്റിസ്റ്റിക്സിലെ സി.എച്ച്. യൂസുഫ് ബ്രാഞ്ച് പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന കാലമായിരുന്നു ഇത്.

1985ലെ 'പ്രിഡിഗ്രി ബോർഡ് സമരം' ശക്തമായിരുന്നു. പത്രവാർത്തയിലൂടെയാണ് ബോർഡ് രൂപീകരണം അറിയുന്നത് തന്നെ. അന്നത്തെ സമരങ്ങളിൽ ബ്രാഞ്ചിന്റെ ശക്തമായ പങ്കാളിത്തമുണ്ടായിരുന്നു. സംസ്ഥാന പ്രസിഡന്റായ എ.കെ. ഗോപാലകൃഷ്ണൻ മാഷിനൊപ്പം സമരം ചെയ്തത് പ്രവർത്തകർ ഓർത്തെടുക്കുന്നുണ്ട്. ഫിസിക്സ് വിഭാഗത്തിൽ 1978–2009 കാലത്തെ അധ്യാപകനായിരുന്ന കെ. ഐ. ഇസ്മയിൽ മാഷ് പറഞ്ഞു; "ഒരെണ്ണം പോലും ഒഴിവാക്കാതെ ഞാൻ പ്രവർത്തിച്ച കാലത്തെ സംഘടനയുടെ എല്ലാ സംസ്ഥാന-ജില്ലാ സമ്മേളനങ്ങളിലും പങ്കെടുത്തിരുന്നു. ദൂരെയുള്ള ജില്ലകളിലാണെങ്കിൽ പോലും പോയിരുന്നു. സമ്മേളന തിയ്യതി മറ്റൊരു സ്വകാര്യ കാര്യത്തിനും മാറ്റിവെച്ചിരുന്നില്ല."

ഫാറൂഖ് ബ്രാഞ്ചിന്റെ പ്രവർത്തനങ്ങളിൽ സജീവവും നിർജ്ജീവവുമായ ഘട്ടങ്ങൾ കാണാൻ കഴിയുന്നുണ്ട്. സമരതീഷ്ണമായ സംഘടിതപ്രസ്ഥാനത്തിന്റെ വീറുറ്റ ഓർമ്മകൾ അധ്യാപക സഖാക്കളുടെ മനസ്സിൽ ഇന്നും ശക്തമാണ്. സംഘടനയുടെ കാൽ നൂറ്റാണ്ടിന്റെ ചരിത്രം ശേഖരിക്കുമ്പോൾ തന്നെ വിപുലമായ എഴുത്തായി തീരുന്നുണ്ട്. ചരിത്രം ശേഖരിക്കുന്ന കാലഘട്ടത്തിൽ തന്നെ ബാലകൃഷ്ണൻ ഇളയിടവും റ്റി. ഒ. പരീതുപിള്ളയും ഈ ലോകത്തോട് വിട പറഞ്ഞു! തിരുത്തിയും കൂട്ടിച്ചേർത്തും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ബ്രാഞ്ച് ചരിത്ര നിർമ്മാണം ഈ വർഷം അവസാനത്തോടെ പൂർത്തിയാകുമെന്ന് കരുതുന്നു.

## സ്മരണാഞ്ജലി



ശ്രീശങ്കര വിദ്യാപീഠം കോളജ് ഹിന്ദി വിഭാഗം അധ്യാപകനും എകെപിസിടിഎ പ്രവർത്തകനുമായിരുന്ന കെ.ടി.പി. ത്രിവിക്രമൻ നമ്പൂതിരി

**ഡോ. അജേഷ്**
എസ്. എൻ.എം. കോളജ്, മാല്യങ്കര

# അജ്ഞാതനാം സംഗീതങ്ങൾ

പൂവിനെ നോവിക്കാതെ
മെല്ലെ ഭൂമിയിൽ അമരുന്ന പാദങ്ങൾ.
സംഗീതമായി വിരിയുന്ന
മോഹവിരലുകൾ.
ഉന്നതമാം ശിരസ്സ്.
ഉയർന്നലഞ്ഞ്
വിസ്തൃതമാം പർവ്വത
ശിഖരങ്ങളിൽ മുഴങ്ങുന്ന
മനോഹര നാദം.

സ്വര വിന്യാസങ്ങളിൽ
കടലിനാഴങ്ങൾ.
പുതിയ ആകാശങ്ങൾ,
മേഘജാലങ്ങൾ.
ആരും അറിയാത്ത
കാട്ടിലെ ഗന്ധങ്ങൾ.
പേരറിയാപ്പൂക്കളുമായി
മലകളിലെ കാറ്റ്.
ഏറുന്ന തണുപ്പിൽ ഉലയുന്ന വൃക്ഷങ്ങൾ.
ഒരു ചെറുവിറയലോടെ
നാദത്തിലേക്ക് ധ്യാനിക്കുന്ന ഇലകൾ.
നിഗൂഢമാം ഉറവകളാൽ
ആർദ്രമാം മനസ്സുമായി
പുൽമേട്ടുകൾ.
പല വർണ്ണങ്ങളായി
പൂത്തിറങ്ങുന്ന ചെരുവുകൾ.

തേൻ നുകർന്ന്
ഉന്മത്തരാം പൂമ്പാറ്റകൾ.
ഒരു പുൽനാമ്പിൽ
മയങ്ങുന്ന ഹിമകണം.
പാറി വരുന്ന അരയന്നങ്ങൾ.

ഇല്ല, എനിക്കറിയില്ല:
ഈ ഗാനം, രാഗം
ശ്രുതി ഭേദങ്ങൾ
ആരോഹണങ്ങൾ, അവരോഹണങ്ങൾ.

എന്നാൽ എനിക്കറിയാം:
മൗനങ്ങൾ,
ആഴങ്ങൾ, മുഴക്കങ്ങൾ.
ഹൃദയാംബരത്തിലെ പറക്കലുകൾ.
തുറക്കുന്ന വാതിലുകൾ.
സൗന്ദര്യത്തിന്റെ കൊടുമുടികൾ.
നിറവായി നിൽക്കുന്ന
അപാര ശൂന്യതകൾ.
ജീവിതത്തിലേക്കുള്ള,
വാഴ്വിന്റെ
ഉജ്ജ്വല നിമിഷങ്ങളിലേക്കുള്ള,
സൗന്ദര്യത്തിലേക്കുള്ള,
ഈ വിളികൾ.

**ഫെബു ജോർജ്ജ്**
സെന്റ് തോമസ് കോളേജ് കോഴഞ്ചേരി

# കലാലയം

ക്ലാസ്സിൽ വന്നു കിളി പോയി
കണ്ണൻ ആൽജബ്റയിൽ നിന്ന് ചാടി
ചില്ലയൊടിഞ്ഞൊരു വാകമരത്തിൽ
കുയിൽനാദം പൊഴിച്ചിരുന്നു

ക്ലാസ് നിറുത്തി
എല്ലാവരുമത് കേട്ടു

ബെല്ലടിച്ചപ്പോഴെല്ലാം
മുറിഞ്ഞു പോയി
പൂവുകൾ കൊഴിയുന്നത് കേൾക്കാം
കാറ്റടക്കം മിണ്ടുന്നതും

ഇടനാഴികയുടെ
കാട്ടിരുൾ പാതയിൽ
രാധയെ ഓർത്തു,
പഠിപ്പു നിറുത്തി പോയവൾ,
സ്മാർട്ട് പോയിന്റിലാ
ഓടക്കുഴൽ വിരലുകൾ
തേങ്ങയൊന്നിന് ബില്ല്
ചെയ്ത വില മറക്കാവതല്ല!

സെമ്മുകളിൽ നാലഞ്ച് പേപ്പർ
എഴുതിയെടുക്കണം
തല ബീജഗണിതത്തിലും
മാട്രിക്സിലും കറങ്ങി
നാടകം വരുന്നുണ്ട്
മികച്ച നടനായിരിന്നു
ഭക്തിപ്പട അവതാരവേഷങ്ങൾ
വെച്ചു നീട്ടിയ നാളുകളിൽ
പരമുവും ഭാസിയും
കേറി ചെങ്കൊടിയുയർത്തി

ഹാംലെറ്റും ഒഫീലിയയും
കണ്ണിറുക്കി ചങ്കുകളായി

രാധ സാന്താക്രൂസിൽ
പഠിക്കാൻ പോയി
അലഞ്ഞു തിരിഞ്ഞു
വന്ന ലവ്യൻ പറഞ്ഞറിഞ്ഞു

പുതു ഓണേഴ്സിൽ
കുയിലും രാധയും കണ്ണനും
പരമുവും ലവ്യനും
ഹാംലെറ്റും ഒഫീലിയയും
ചേർന്നിരുന്നു ഗ്രാഫ്
തിയറിയിൽ മുഴുകി
ഇടനാഴി നിറയെ സ്വപ്ന-
കലോത്സവപ്പൂരിയുണർന്നു.

# സംഘടനാ വാർത്തകൾ





സംഘടനയുടെ ഭിന്നശേഷി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള നയരേഖ കോഴിക്കോട് സർവകലാശാല വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്ക് കൈമാറി.



നാലുവർഷ ബിരുദ പദ്ധതിയുടെ വിലയിരുത്തൽ യോഗം കോഴിക്കോട് സർവകലാശാല മേഖല അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാല ക്യാമ്പസിൽ വച്ച് നടന്നു

# ഡോ ജി നാഗേന്ദ്രപ്രഭുവിന്റെ അന്യായമായ സസ്പെൻഷൻ പിൻവലിക്കുക

ആലപ്പുഴ എസ് ഡി കോളജ് സുവോളജി വകുപ്പ് മേധാവിയും പ്രമുഖ ഗവേഷകനും ആയ ഡോ ജി നാഗേന്ദ്ര പ്രഭുവിനെ മാനേജ്മെന്റ് അന്യായമായി സസ്പെന്റ് ചെയ്തതിൽ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. സസ്പെൻഷൻ എത്രയും വേഗം പിൻവലിക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെട്ടു.

കോളജിൽ രണ്ട് വർഷം മുമ്പ് നടന്ന പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും കോളജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയ ഒരു കത്ത് സംബന്ധിച്ച് ചില സാമൂഹ്യ മാധ്യമങ്ങളിൽ വന്ന വാർത്തയെ ആസ്പദമാക്കിയാണ് ഇദ്ദേഹത്തെ സസ്പെന്റ് ചെയ്തത്. സസ്പെന്റ് ചെയ്യുന്നതിന് മുമ്പായി അധ്യാപകന് കാരണം കാണിക്കൽ നോട്ടീസ് നൽകാതെയും അദ്ദേഹത്തിന്റെ ഭാഗം കേൾക്കാതെയും ആണ് മാനേജ്മെന്റ് നടപടിയിലേക്ക് നീങ്ങിയത്. ഇത് ശരിയായ രീതിയല്ല.

ഇക്കാര്യം സംബന്ധിച്ച് ആലപ്പുഴ ജില്ലാ ഭാരവാഹികളും, തുടർന്ന് സംസ്ഥാന ഭാരവാഹികളും മാനേജരെ കണ്ട് സംസാരിച്ചു. എസ് ഡി കോളജ് ബ്രാഞ്ച് ഒരാഴ്ചയായി പ്രതിഷേധ സമരത്തിലാണ്. സസ്പെൻഷൻ പിൻവലിക്കാമെന്ന് മാനേജ്മെന്റ് ഉറപ്പ് നൽകിയിട്ടും സാങ്കേതികമായ ചില വിഷയങ്ങൾ ചൂണ്ടിക്കാട്ടി ഇത് വൈകിക്കുകയാണ്.

സസ്പെൻഷൻ എത്രയും വേഗം പിൻവലിക്കാത്ത പക്ഷം ശക്തമായ സമരപരിപാടികൾ കോളജിന് മുന്നിൽ സംഘടിപ്പിക്കുമെന്നും, സർവ്വകലാശാല നിയമങ്ങൾക്കും നിയമസഭ പാസാക്കിയ ചട്ടങ്ങൾക്കും വിരുദ്ധമാണ് ഈ നടപടികൾ എന്നതിനാൽ കേരള സർവ്വകലാശാലയ്ക്കും സെക്രട്ടേറിയറ്റിനും മുന്നിലും സമരം സംഘടിപ്പിക്കുമെന്നും എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ പറഞ്ഞു.

# എമർജിംഗ് ടെക്നോളജീസ് ഫോർ ഇന്റലിജന്റ് സിസ്റ്റംസ് ETIS 2025: സാങ്കേതികശാസ്ത്ര സർവകലാശാല അന്താരാഷ്ട്ര കോൺഫറൻസ്




തിരുവനന്തപുരം: എ.പി.ജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാല (കെ.ടി.യു.)യുടെ ആഭിമുഖ്യത്തിൽ മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജിൽ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന "എമർജിംഗ് ടെക്നോളജീസ് ഫോർ ഇന്റലിജന്റ് സിസ്റ്റംസ് (ETIS 2025)" അന്താരാഷ്ട്ര കോൺഫറൻസിന്റെ ഉദ്ഘാടനം വിദ്യാർത്ഥികളുടെയും അക്കാദമിക സമൂഹത്തിന്റെയും സാന്നിധ്യത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ നിലവിലെ വെല്ലുവിളികളും സാധ്യതകളും കോൺഫറൻസ് പരിശോധിക്കും. ഉന്നതവിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം, ഗവേഷണമികവ്, സുസ്ഥിരവികസനം എന്നീ ആശയങ്ങൾ കൂടാതെ അക്കാഡമിക് വ്യവസായ സഹകരണത്തിലൂടെ പുത്തൻ തൊഴിൽസാധ്യതകളുള്ള ഒരു പരിഷ്കരിച്ച പാഠ്യപദ്ധതി കെ ടി യു വിഭാവനം ചെയ്തിട്ടുണ്ട്.

അക്കാദമികം, വ്യവസായം, ഗവേഷണം തുടങ്ങിയ മേഖലകളിലെ പ്രമുഖർ പങ്കെടുത്ത ആദ്യ ദിനത്തിൽ ഇന്റലിജന്റ് സിസ്റ്റങ്ങളുടെ ഏറ്റവും പുതിയ വികസനങ്ങൾ ചർച്ചയാകുകയും, വിവിധ സാങ്കേതിക സെഷനുകൾ, വ്യവസായ പാനലുകൾ, പ്രദർശനങ്ങൾ എന്നിവ നടത്തുകയും ചെയ്തു. ഡോ. സി. മോഹൻ (IBM ഫെലോ, റിട്ട.), പ്രൊഫ. കെ. ഗോപകുമാർ എന്നിവരുടെ പ്ലീനറി സെഷനുകൾ വളർന്നുവരുന്ന സാങ്കേതികവിദ്യകളുടെ സാധ്യതകളും പ്രയോഗങ്ങളും ഉയർത്തിക്കാട്ടി.

വരും ദിവസങ്ങളിൽ ഐ.ഐ.ടി.കൾ, ഐ.ഐ.എസ്.സി., വിദേശ സർവകലാശാലകൾ അടക്കമുള്ള ലോകോത്തര വിദ്യാഭ്യാസസ്ഥാപനങ്ങൾ, ബഹുരാഷ്ട്ര കമ്പനികൾ എന്നിവയിൽനിന്നുള്ള സാങ്കേതിക വിദഗ്ധർ പ്രബന്ധം അവതരിപ്പിക്കും. പൗരന്മാരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ മുന്നേറ്റങ്ങളെ ഉപയോഗിക്കുന്നതിൽ വിജയം കൈവരിക്കാൻ ഇതു പോലുള്ള കോൺഫറൻസ് സഹായകമാകും.
ആഗോള ഡിജിറ്റൽ പരിവർത്തനങ്ങളും സുസ്ഥിര വിജ്ഞാനവും സമന്വയിപ്പിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. സൗഹാർദ്ദപരമായ ആവാസവ്യവസ്ഥ വളർത്താൻ ഡിജിറ്റൽ സയൻസ് പാർക്ക് വികസിപ്പിക്കുന്നതിലൂടെ, സംരംഭകത്വത്തിനും ഫലഭ്രയിഷ്ഠമായ ഒരു അടിത്തറ സൃഷ്ടിക്കുകയാണ് ഇതു പോലെയുള്ള കോൺഫറൻസ് വഴി സാധ്യമാകുന്നത് എന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗവേഷണ പ്രബന്ധങ്ങൾ, മുഖ്യ പ്രഭാഷണങ്ങൾ, നൂതന ഇന്റലിജന്റ് സിസ്റ്റങ്ങളുടെ സാദ്ധ്യതകൾ എന്നിവയുടെ ചർച്ചകൾ കോൺഫറൻസിന്റെ തുടർന്നുള്ള ദിവസങ്ങളിലും ഉണ്ടാവും. ആഗോള തലത്തിൽ ഇന്റലിജന്റ് സിസ്റ്റംസ് മേഖലയിൽ കേരളം ഒരു പ്രധാന കേന്ദ്രമായി മാറുന്നതിന് ഈ സമ്മേളനം നിർണായകമാകുമെന്ന് വൈസ് ചാൻസലർ ഡോ. കെ ശിവപ്രസാദ് പറഞ്ഞു.

ചടങ്ങിൽ ഇന്റർനാഷണൽ കോൺഫറൻസ്ന്റെ ഹാൻഡ്ബുക് ബഹു എം ൽ എ കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്തു. ചടങ്ങിൽ കോൺഫറൻസ് കൺവീനർ ഡോ. വിനോദ് കുമാർ ജേക്കബ്, ഐ ബി സതീഷ് എം ൽ എ ,അഡ്വ. ഐ സാജു പ്രൊഫ. സഞ്ജീവ് ജി തുടങ്ങിയ സിന്റിക്കേറ്റ് മെമ്പർമാർ, യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി സിംഡിനെയിലെ സീനിയർ പ്രൊഫസർ ഷുയ് യു, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, പ്രിൻസിപ്പൽ മാർ ബസേലിയോസ് കോളേജ് എന്നിവരും സന്നിഹിതരായിരുന്നു.

# പ്രൊഫ.ജി.നാഗേന്ദ്രപ്രഭുവിന്റെ സസ്പെൻഷൻ പിൻവലിച്ചു



ആലപ്പുഴ എസ് ഡി കോളജിലെ സുവോളജി വിഭാഗം അധ്യാപകനും എ കെ പി സി ടി എ ബ്രാഞ്ച് പ്രസിഡന്റുമായ പ്രൊഫ. ഡോ ജി.നാഗേന്ദ്ര പ്രഭുവിന്റെ സസ്പെൻഷൻ പിൻവലിച്ചു.

സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, വൈസ് പ്രസിഡന്റ് ഡോ മനോജ് ടി ആർ, ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ ഫാറൂഖ് എസ്, ജേർണൽ എഡിറ്റർ ഡോ രേണുക എൻ, ആലപ്പുഴ ജില്ലാ പ്രസിഡന്റ് വിനോദ് ജേക്കബ് എന്നിവർ മാനേജ്മെന്റുമായി നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം.

സസ്പെൻഡ് ചെയ്ത നടപടിയുമായി ബന്ധപ്പെട്ട് ആലപ്പുഴ എസ് ഡി കോളജ് ബ്രാഞ്ചിൽ തുടർച്ചയായ പ്രതിഷേധ പരിപാടികൾ നടന്നു വരികയായിരുന്നു.

ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ ഉൾപ്പെടെയുള്ള സംഘടനാ നേതൃത്വം കഴിഞ്ഞ മൂന്നാഴ്ചയായി വിവിധ ഘട്ടങ്ങളിലായി മാനേജ്മെന്റുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ഇന്നലെ അവസാന ചർച്ച നടന്നത്.

സസ്പെൻഷൻ ഓർഡർ റദ്ദ് ചെയ്തു കൊണ്ട് മാനേജ്മെന്റ് ഉത്തരവ് പ്രൊഫ ജി നാഗേന്ദ്ര പ്രഭുവിന് കൈമാറി.

സസ്പെൻഷൻ കാലയളവ് അർഹമായ അവധികൾ (എലിജിബിൾ ലീവ്) ആയി പരിഗണിക്കുമെന്നും ഉത്തരവ് ഇറക്കി.

സസ്പെൻഷനെ തുടർന്ന് പ്രൊഫ. ജി. നാഗേന്ദ്രപ്രഭു ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു കേസ് പിൻവലിക്കാനും ഇതോടൊപ്പം ധാരണയായി.

സംഘടനാപരമായ ഈ പോരാട്ടത്തിൽ ഒറ്റക്കെട്ടായി ഒപ്പം നിന്ന ആലപ്പുഴ എസ് ഡി കോളജ് ബ്രാഞ്ചിനെയും ആലപ്പുഴ ജില്ലാ കമ്മിറ്റിയെയും സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു.

പ്രശ്നപരിഹാരത്തിനായി സഹകരിച്ച എല്ലാ വിഭാഗം ആളുകളോടും, എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകുന്ന പുരോഗമന പ്രസ്ഥാനത്തോടും ഉള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

## സാങ്കേതിക സർവകലാശാലാ സമരം 76 ദിവസം പിന്നിട്ടു

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലാ ആസ്ഥാനത്ത് അധ്യാപക സർവീസ് സംഘടനകൾ നടത്തിവരുന്ന അനിശ്ചിതകാല സമരം 76 ദിവസം പിന്നിട്ടു. സാങ്കേതിക, ഡിജിറ്റൽ സർവകലാശാലകളിൽ ചാൻസലർ നടത്തിയ നിയമവിരുദ്ധ താൽക്കാലിക വി.സി. നിയമനം റദ്ദാക്കുക, ഉന്നതവിദ്യാഭ്യാസമേഖലയെ വർഗീയവൽക്കരിക്കാനുള്ള ചാൻസലറുടെ നിയമവിരുദ്ധ നീക്കങ്ങൾ തിരുത്തുക, സംസ്ഥാനങ്ങളുടെ അധികാരത്തിന്മേൽ കടന്നുകയറാനുള്ള സംഘപരിവാർ നീക്കം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

# മികച്ച കോളജ് - കാമ്പസ് യൂണിയനുള്ള മൂന്നാമത് അഭിമന്യു അവാർഡിന് അപേക്ഷ ക്ഷണിച്ചു

എറണാകുളം മഹാരാജാസ് കോളജിലെ വിദ്യാർത്ഥിയായിരിക്കേ വർഗീയവാദികളുടെ കഠാരയ്ക്കിരയായി ധീരരക്തസാക്ഷിത്വം വരിച്ച അഭിമന്യുവിന്റെ പേരിൽ കേരളത്തിലെ മികച്ച കോളേജ് - കാമ്പസ് യൂണിയനുകൾക്കായി എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയ അഭിമന്യു അവാർഡിന്റെ മാർഗനിർദ്ദേശ രേഖ പ്രസിദ്ധീകരിച്ചു.

2023-24 വർഷത്തെ യൂണിയന് നൽകുന്ന അവാർഡ് നിശ്ചയിക്കുന്നതിന് പ്രത്യേക ജ്യൂറി കമ്മിറ്റിയെ തീരുമാനിക്കും.

മെച്ചപ്പെട്ട റിപ്പോർട്ട് നൽകുന്ന പത്ത് യൂണിയനുകളുടെ പ്രതിനിധികളുമായി അവാർഡ് നിർണയ സമിതി നേരിട്ടോ ഓൺലൈൻ ആയോ കൂടിക്കാഴ്ച നടത്തിയ ശേഷമാണ് ഈ വർഷം വിജയികളെ പ്രഖ്യാപിക്കുക.

കോളജ് യൂണിയനുകൾ സാമ്പ്രദായിക രീതികളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ, സമകാലീന വിഷയങ്ങളോട് പുലർത്തുന്ന ആഭിമുഖ്യം, ഏറ്റെടുത്ത സവിശേഷമായ മറ്റ് പദ്ധതികളുടെ നിർവ്വഹണം തുടങ്ങി വിവിധ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വിധി നിർണയം നടത്തുക.

ഭരണഘടനാമൂല്യങ്ങൾ, മതനിരപേക്ഷത, ജനാധിപത്യം, പൗരസ്വാതന്ത്ര്യം, ലിംഗനീതി, ഭിന്നശേഷി സൗഹൃദം, വിമർശനാത്മക രീതി, ശാസ്ത്രാവബോധം, സാമൂഹ്യനീതി, പാരിസ്ഥിതിക അവബോധം, ദളിത് പക്ഷ സമീപനം, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സമീപനം, നാടോടി വിജ്ഞാനം തുടങ്ങിയ മേഖലകളിൽ ഊന്നിയ കലാലയ പ്രവർത്തനങ്ങൾ,. കലാ-സാഹിത്യ- സർഗാത്മക പ്രവർത്തനങ്ങൾ, വിനോദ പ്രവർത്തനങ്ങൾ, കലോൽസവ പങ്കാളിത്തം - സംഘാടനം, മാഗസിൻ പ്രവർത്തനങ്ങൾ, സെമിനാറുകൾ, സംവാദ സദസ്സുകൾ, മറ്റ് സംവിധാനങ്ങളുമായുള്ള പാരസ്പര്യത്തിലൂടെ




കാമ്പസിൽ നടപ്പിലാക്കുന്ന പരിപാടികൾ എന്നിവ വിധിനിർണയത്തിൽ പ്രധാനമായും പരിഗണിക്കും. സമഗ്രമായ മാനദണ്ഡങ്ങൾ വിധികർത്താക്കളുമായി കൂടിയാലോചിച്ച് തീരുമാനിക്കും.

സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് കോളജുകൾ, സർവ്വകലാശാലാപഠന വിഭാഗങ്ങളിലെ യൂണിയനുകൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. സർവ്വകലാശാലാ യൂണിയനുകളെ അവാർഡിന് പരിഗണിക്കുന്നതല്ല. സർവ്വകലാശാലകൾ വിജ്ഞാപനം ചെയ്തത് പ്രകാരം കോളജുകളിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നടന്നതിന് ശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമേ റിപ്പോർട്ടിൽ ചേർക്കാവൂ. എ കെ പി സി ടി എ വെബ്സൈറ്റ് www.akpcta.org യിൽ ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലിങ്ക് എ കെ പി സി ടി എ വെബ്സൈറ്റിൽ ലഭ്യമാണ്.

### അപേക്ഷ ലഭിക്കാൻ ഉള്ള അവസാന തീയ്യതി : 2025 ഫെബ്രുവരി 28

കോളജ് / കാമ്പസിന്റെ പേര്, യൂണിയൻ ഭാരവാഹികളുടെ പേര്, സ്റ്റാഫ് അഡ്വൈസർമാരുടെ വിവരങ്ങൾ, യൂണിയൻ ഉദ്ഘാടനം മുതൽ ഇങ്ങോട്ടേക്ക് നടന്ന വിവിധ പ്രവർത്തനങ്ങളുടെ പോസ്റ്റർ, മലയാളത്തിൽ തയ്യാറാക്കിയ ഹ്രസ്വറിപ്പോർട്ടുകൾ, അവയുടെ ഫോട്ടോകൾ, നോട്ടീസുകൾ, പത്ര കട്ടിങ്ങുകൾ, മറ്റ് വിവരങ്ങൾ, പ്രിൻസിപ്പൽ / സീനിയർ അധ്യാപകർ / സ്റ്റാഫ് അഡ്വൈസർ എന്നിവരിൽ ആരെങ്കിലും ഒരാളുടെ സാക്ഷ്യപ്പെടുത്തൽ പേജ് തുടങ്ങിയവ അടങ്ങിയ ഒരു റിപ്പോർട്ട് പി ഡി എഫ് രേഖയായി വേണം വെബ്സൈറ്റ് വഴി അപ്ലോഡ് ചെയ്യാൻ. പേജുകളുടെ എണ്ണം സംബന്ധിച്ച് പ്രത്യേകനിബന്ധന ഇല്ല.

വിജയികൾക്ക് ചിത്രകാരനും ശിൽപിയും ആയ ഉണ്ണി കാനായി രൂപകൽപന ചെയ്ത എവർ റോളിങ് ട്രോഫി 2025 മാർച്ച് 14, 15, 16 തീയ്യതികളിൽ പാലക്കാട് വെച്ച് നടക്കുന്ന 67-ാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് സമ്മാനിക്കും.

കൂടുതൽ വിവരങ്ങൾക്ക്:
9567763830 (കൺവീനർ)


## പുതിയ പുസ്തകങ്ങൾ

# സീതാറാം യച്ചൂരി ഓർമ്മ അനുഭവം രാഷ്ട്രീയം

### എഡിറ്റർ: എം എ ബേബി

ചിന്ത പബ്ലിഷേഴ്സ്
വില : 380 രൂ

ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ വേദനാനിർഭരമായ ഒരു വിയോഗമാണ് സീതാറാം യച്ചൂരിയുടേത്. ഇന്ത്യയിൽ മതാത്മക വലതുപക്ഷം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ സിപിഐഎം നും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും ക്രിയാത്മകമായ ദിശാബോധം നൽകാൻ പ്രാപ്തനായ യച്ചൂരിയുടെ മരണം നിരവധി രാഷ്ട്രീയ സംഭവങ്ങളിലേയ്ക്കും സാംസ്കാരിക ഓർമ്മകളിലേക്കും വഴി തെളിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ യച്ചൂരിയോടൊപ്പം പ്രവർത്തിച്ച സഹയാത്രികരാണ് ഓർമ്മ അനുഭവം രാഷ്ട്രീയം എന്ന ഭാഗത്ത് കൂടുതലായി എഴുതിയിട്ടുള്ളത്. തീസ്ത സെദൽവാദും നിതീഷ് നാരായണനും യച്ചൂരിയുമായി നടത്തിയ രണ്ട് സംഭാഷണങ്ങൾ ;ഹിന്ദുത്വ രാഷ്ട്രത്തെക്കുറിച്ചും നവലിബറലിസത്തെക്കുറിച്ചും യച്ചൂരി എഴുതിയ രണ്ട് സൈദ്ധാന്തിക പ്രബന്ധങ്ങളും പുസ്തകത്തിന്റെ ഭാഗമാണ്. ചിത്രസഹിതമായ ഓർമ്മകളോട് കൂടിയ ഈ പുസ്തകം ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയ ചരിത്രമായി മാറുന്നു.






# കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രത്തിലൂടെ

## സഞ്ചിക -1

### എം എ ബേബി




ദുരധികാരത്തിനും ചൂഷണങ്ങൾക്കും എതിരെ ആത്മബോധത്തിന്റെ തീവാക്കുകളുമായി ഉയർത്തെഴുന്നേറ്റ ചരിത്രമാണ് ലോകം മുഴുവനുമുള്ള കമ്മ്യൂണിസ്റ്റ്കാരുടേത്. നവലിബറൽ പ്രവണതകളെ അതിജീവിച്ച് പുരോഗമന സ്വഭാവമുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ജനതയെ അയൽരാജ്യങ്ങളായ ശ്രീലങ്ക, നേപ്പാൾ, ചൈന എന്നിവിടങ്ങളിൽ കാണാം. ഇതൊരു പ്രതീക്ഷയാണ്. സമത്വത്തിലേക്കും സാഹോദര്യത്തിലേക്കും മനുഷ്യരാശി അടുത്തു കൊണ്ടിരിക്കുന്നു എന്ന അറിവ്.ഈ സാഹചര്യത്തിൽ ക്യൂബ, ദക്ഷിണാഫ്രിക്ക, ബെൽജിയം, ബ്രസീൽ, വിയറ്റ്നാം, കമ്പോഡിയ, ലാവോ, ചിലി, പലസ്തീൻ, ജോർദാൻ,ലെബനൻ,സിറിയ എന്നിങ്ങനെ 12 രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രമാണ് ഈ വോളിയത്തിൽ സംഗ്രഹിച്ചിരിക്കുന്നത്.

ചിന്ത പബ്ലിഷേഴ്സ്
വില : 350 രൂ

DCETVM/711/2024-D4

കോളേജ് വിദ്യാഭ്യാസവകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി **22-01-2025**

**<u>സർക്കുലർ</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്,തിരുവനന്തപുരം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ജോലിഭാരവും അനുവദനീയ തസ്തികയും സംബന്ധിച്ച ബുക്ക് ലെറ്റ് - പരിഷ്കരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സർക്കാർ ഉത്തരവ്(സാധാ)നമ്പർ 273/2024/ഉവിവ തീയതി 26.02.2024 .
2. വിവിധ കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ

കേരളത്തിലെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ജോലി ഭാരം സർക്കാർ ഉത്തരവ്(കൈ)നമ്പർ 155/2020/ഉ വി വി തീയതി 01/04/2020 പ്രകാരം പുനഃക്രമീകരിച്ച് അനുവദനീയ അധ്യാപക തസ്തികകളുടെ എണ്ണം സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ബുക്ക് ലെറ്റ് രൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ നിരവധി കോളേജുകളിൽ ബുക്ക് ലെറ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം വിവിധ കോഴ്സുകളിലെ ജോലിഭാരം വർദ്ധിച്ചതായും,പുതിയ കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചതിനാലും ബുക്ക് ലെറ്റിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ലഭിക്കുന്നതിനാൽ ബുക്ക് ലെറ്റിൽ മാറ്റം വരുത്തേണ്ട കോളേജുകളുടെ പ്രൊപ്പോസലുകൾ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടറേറ്റ് തലത്തിൽ പരിശോധിക്കേണ്ടതും ക്രോഡീകരിച്ച് ഒറ്റ റിപ്പോർട്ടായി ലഭ്യമാക്കേണ്ടതുമാകുന്നു.

**<u>പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ടവ.</u>**

1)ബുക്ക് ലെറ്റ് പ്രസിദ്ധീകരിച്ച ശേഷം ജോലിഭാരത്തിൽ മാറ്റം വരുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെയുള്ള റിപ്പോർട്ട് ക്രോഡീകരിച്ച് അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കേണ്ടതാകുന്നു.

2)ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ ഏറ്റവും പുതിയ വർക്ക് ലോഡ് സ്റ്റേറ്റ്മെന്റും പുതിയ കോഴ്സുകളും, പോസ്റ്റും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവും യൂണിവേഴ്സിറ്റി ഉത്തരവും ഉൾപ്പെടുത്തേണ്ടതാകുന്നു.

**3)FYUGP പ്രകാരമുള്ള ജോലിഭാരം ഉൾപ്പെടുതേണ്ടതില്ല.**

4)നിലവിൽ അംഗീകരിച്ച് പ്രസിദ്ധീകരിച്ച ബുക്ക് ലെറ്റിൽ അടിസ്ഥാനപരമായ തെറ്റുകളോ , പിശകുകളോ വന്നിട്ടുണ്ടെങ്കിൽ ആയത് തിരുത്തുന്നതിന് വ്യക്തമായ രേഖകൾ സഹിതം വിവരങ്ങൾ ഹാജരാക്കേണ്ടതാണ് .

5) സർക്കാർ അംഗീകരിക്കാത്ത തസ്തിക കൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതില്ല .

* പ്രൊഫോർമ ചുവടെ ചേർക്കുന്നു.

| Sl.No. | Subject | Work load and eligible post as per the GO | | New work load after the GO and as per the work load statement of Uty. concerned & post sanctioned of the Govt. | | No. of post additional to be created | Remarks |
|---|---|---|---|---|---|---|---|
| | | Work load | No. of Post | Work load | No.of post | | |
| | | | | | | | |

2025 ജനുവരി 31 ന് മുൻപായി റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കേണ്ടതാകുന്നു.

ഒപ്പ്/-
ഡോ. വി എസ് ജോയ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:-മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ.

**"ഭരണഭാഷ മാതൃഭാഷ"**

DDKLM/514/2025-D2

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കൊല്ലം
ഇമെയിൽ : dydcek@gmail.com
ഫോൺ : 0474 2744378
05-02-2025

പ്രേഷകൻ

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ് പ്രിൻസിപ്പാൾ,
എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ

സർ / മാഡം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് ,ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം- കൊല്ലം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ജോലിഭാരവും അനുവദനീയ തസ്തികയും ഉൾപ്പെട്ട ബുക്ക് ലെറ്റ് പരിഷ്കരിക്കുന്നത് - സംബന്ധിച്ച്:

സൂചന:- കോവിവ ഡയറക്ടറുടെ 22.01.2025 ലെ DCETVM/711/2024-D4 നം.സർക്കുലർ.

സൂചന സർക്കുലർ ശ്രദ്ധിച്ചാലും. സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് &സയൻസ് കോളേജുകളിലെ ജോലിഭാരവും, അനുവദനീയ തസ്തികകളും 01.04.2020 ലെ G.O.(Ms) No.155/2020/HEdn. സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പുനഃ ക്രമീകരിച്ച് ബുക്ക് ലെറ്റ് രൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ബുക്ക് ലെറ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം കോഴ്സുകളിലെ ജോലിഭാരം വർദ്ധിച്ചതിനാലും, പുതിയ കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചതിനാലും ബുക്ക് ലെറ്റിൽ ഏതെങ്കിലും മാറ്റം ആവശ്യമുണ്ടെങ്കിൽ, അത് സംബന്ധിക്കുന്ന വിവരങ്ങൾ സൂചന സർക്കുലറിനോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി ഉപോൽബലമായ അനുബന്ധ രേഖകൾ സഹിതം 2 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ജോലിഭാരത്തിൽ മാറ്റമുള്ള വിഷയങ്ങൾ മാത്രമേ പ്രൊഫോർമയിൽ ഉൾപ്പെടുത്താവൂ. സർക്കുലറിലെ മറ്റ് നിർദേശങ്ങൾ പാലിച്ച് കൊണ്ട് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനായി സൂചന സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം :മേൽ പ്രസ്താവിച്ചത്.

എന്ന് വിശ്വസ്തതയോടെ
ANURADHA V K
DEPUTY DIRECTOR DD KLM

ज्ञान-विज्ञान विमुक्तये
आचार्य मनिष र. जोशी
सचिव
Prof. Manish R. Joshi
Secretary

सत्यमेव जयते

आज़ादी का अमृत महोत्सव

विश्वविद्यालय अनुदान आयोग
**University Grants Commission**
(शिक्षा मंत्रालय, भारत सरकार)
(Ministry of Education, Govt. of India)

---

**F.No. 1-1/2018(CARE/JOURNAL)-Part file 22 माघ 1946/11 February, 2025**

## सार्वजनिक सूचना

In supersession of the Public Notice dated 28th November 2018 for establishing UGC Consortium for Academic and Research Ethics (UGC- CARE), the Commission, in its 584th meeting held on 3rd October 2024, based on the recommendations of the expert committee, has decided to discontinue UGC-CARE listing of Journals and develop suggestive parameters for choosing peer-reviewed journals by faculty members and students. The suggestive parameters, developed by a group of experts and academicians, are now placed in the public domain for their feedback till **25th February, 2025 at email id: journal@ugc.gov.in**.

The stakeholders, including HEIs, faculty members, researchers, and students, may take note of it.

(मनिष जोशी)

---

बहादुरशाह ज़फ़र मार्ग, नई दिल्ली-110002 | Bahadur Shah Zafar Marg, New Delhi-110002
दूरभाष (Ph.): 011-23236288/23239337 | सम्पर्क सूत्र (ई-मेल) (E-mail) : secy.ugc@nic.in

## SUGGESTIVE PARAMETERS FOR PEER-REVIEWED JOURNALS

**Higher Educational Institutions are committed to promoting high-quality research** and disseminating it through publications in peer-reviewed journals. To achieve this goal, HEIs are encouraged to use the following suggestive parameters for peer-reviewed journals suitable to their specific needs, depending on the disciplines in which their faculty members work. The following parameters are provided as general guidelines to ensure the peer-reviewed journals' quality, transparency, and relevance.

### 1. Journal Preliminary Criteria

| S.No. | Suggestive Parameters |
|---|---|
| 1.1 | **Journal Title** |
| 1.2 | **ISSN Number** (Print and/or Online) |
| 1.3 | **Periodicity and Continuity** (Regular publication schedule) |
| 1.4 | **Contact and Publication Details** (Publisher information, address, and contact details) |
| 1.5 | **Transparent Review Policy** (Clear guidelines for peer review process) |
| 1.6 | **Website on a Certified Domain** (Secure and professionally managed website) |
| 1.7 | **Open Access or Subscription-Based Policy** (Clear policy on access and fees) |
| 1.8 | **Integration with National/International Repositories** (Inclusion under ONOS or similar umbrellas) |
| 1.9 | **Archival Policy (**How the previous issues are maintained/made available) |

### 2. Editorial Board Criteria

| S.No. | Suggestive Parameters |
|---|---|
| 2.1 | **Editorial Board Details** (Names, affiliations, and expertise of editorial board members) |
| 2.2 | **Editorial Board Composition** (Subject expertise, with eminent academicians/scientists/researchers) |
| 2.3 | **Efficient Editorial/Review Process** (Rigorous peer review, compliance with reviewers' recommendations, and clear timelines) |

**3. Journal Editorial Policy**

| S.No. | Suggestive Parameters |
|---|---|
| 3.1 | **Aims, Objectives, and Scope** (Clearly defined focus areas and goals of the journal) |
| 3.2 | **Subject Areas** (Specific fields covered by the journal) |
| 3.3 | **Article Processing Charges (APC)** (Transparent fee structure, if any) |
| 3.4 | **Publishing Timeline** (Average time from submission to publication) |
| 3.5 | **Acceptance Rate** (Percentage of submissions accepted for publication) |

**4. Journal Quality Criteria – Content**

| S.No. | Suggestive Parameters |
|---|---|
| 4.1 | **Academic Contribution (**Articles should demonstrate motivation, advancement of existing knowledge, and applicability for policymaking) |
| 4.2 | **Conformity to Journal Scope** (Articles must align with the journal's stated aims and objectives) |

**5. Journal Standards**

| S.No. | Suggestive Parameters |
|---|---|
| 5.1 | **Bibliographic Data & Literature Citation** (Accurate and standardized referencing) |
| 5.2 | **Font & Design** (Professional layout and readability) |
| 5.3 | **Infographics & Exhibits** (High-quality visuals and supplementary materials) |
| 5.4 | **Citation Record** (Journal articles cited in reputable databases) |
| 5.5 | **Print Continuum** (Consistency in print publication, if applicable) |
| 5.6 | **Online Availability** (Full-text articles available online) |
| 5.7 | **Quality of Website** (Well-maintained, regularly updated, and user-friendly) |
| 5.8 | **Multilingual Availability** (Relevance for Indian context, with content in Indian languages) |

**6. Research Ethics**

| S.No. | Suggestive Parameters |
|---|---|
| 6.1 | **Ethical Guidelines for Authors** (Clear guidelines for ethical publishing practices) |
| 6.2 | **Plagiarism Prevention** (Similarity score not exceeding standard limits) |
| 6.3 | **Conflict of Interest Disclosure** (No conflicts between governance, editorial board members, reviewers, and authors; any potential conflicts must be disclosed) |
| 6.4 | **AI Generated Content Policy (**Journal has specific policy with respect to use of AI) |

### 7. Journal Visibility

| S.No. | Suggestive Parameters |
|---|---|
| 7.1 | **Impact Factor** (Journal's impact factor, if applicable) |
| 7.2 | **Indexation in Reputed Databases** (Inclusion in renowned databases) |

### 8. Journal Impact Criteria

| S.No. | Suggestive Parameters |
|---|---|
| 8.1 | **Self-Citation Score** (Should be within a prescribed range compared to peer journals) |
| 8.2 | **Total Citation Rate** (As compared with similar peer-reviewed journals) |
| 8.3 | **Cite Score** (Journal's citation impact over a specific period) |

## Suggestions for HEIs

1. **Choice of Peer-Reviewed Journals:** Using the above parameters, faculty members and students may choose peer-reviewed journals tailored to their specific disciplines and research focus areas for publishing their research work.
2. **Internal Review Committees**: HEIs may establish internal committee(s) to fine-tune the above-suggested parameters from time to time as needed in their specific cases to ensure they continue to meet the quality standards and to align with the institute's academic and research goals.

**കേരള സർക്കാർ**

**സംഗ്രഹം**

പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.15/2025/ധന** **തിരുവനന്തപുരം, തീയതി: 12/02/2025**

---

പരാമർശം:- (1) സ.ഉ(അച്ചടി) നം.162/2021/ധന തീയതി 02/12/2021.
(2) സ.ഉ(അച്ചടി) നം.15/2023/ധന തീയതി 17/02/2023.
(3) സ.ഉ(അച്ചടി) നം.21/2024/ധന തീയതി 15/03/2024.
(4) ധനകാര്യമന്ത്രിയുടെ ബജറ്റ് പ്രസംഗം 2025-2026, ഖണ്ഡിക 9.

**ഉത്തരവ്**

സംസ്ഥാന സർവ്വീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ മുതലായവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-2023 സാമ്പത്തിക വർഷത്തിലും 2023-2024 സാമ്പത്തിക വർഷത്തിലും വിതരണം ചെയ്യുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്നാമത്തെ ഗഡു പരാമർശം (3) ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. പരാമർശം (4)-ലെ 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം അനുസരിച്ച് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു, 2025 ഫെബ്രുവരി മാസത്തിൽ തന്നെ വിതരണം ചെയ്യേണ്ടതുണ്ട്.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർവ്വീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള, പരാമർശം (1) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പെൻഷൻകാർക്ക് പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ മുതലായവ) അവസാന ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (4) പ്രകാരം ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു 2025 ഫെബ്രുവരി മാസത്തിൽ തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ബിമൽ ലാൽ റ്റി.എസ്**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)




ആശംസകളോടെ

# എ.കെ.പി.സി.ടി.എ.

മാർത്തോമ കോളേജ്, തിരുവല്ല

KERALA PRIVATE COLLEGE TEACHER R.No. 36025/81 No.314 ISSN 2454-4795 Rs.11/- MARCH 2025




Printed and Published by Prof.(Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**